

ഇടുക്കി

ഫ്രാൻസിസ്കൻ മൂന്നാം സഭ

രജത ജൂബിലി

സൊഫിക്ക സന്ദേശം

1972



MARAM
ARY

ADMINISTRATIVE COLLEGE LIBRARY
Ac. No 486003V
Call No. MF3/F85F/1972

DHARMARAM COLLEGE LIBRARY,
BANGALORE.



With the Best Compliments from

FR. THOMAS MORE
CALVARY ASHRAM
TRICHUR - 4




SILVER JUBILEE SOUVENIR 1947 - 1972



SILVER JUBILEE SOUVENIR

1947 - 1972



Ever Green Greetings to all
on the occasion of the
19th centenary celebration-1972




HIS HOLINESS POPE PAUL VI



H. E. RT. REV. DR. JOSEPH KUNDUKULAM
OUR PATRON





H. E. Rt. Rev. Dr. JOSEPH KUNDUKULAM
OUR PATRON



H. E. RT. REV. DR. GEORGE ALAPATT

PH. D., S. T. D., D. LITT.






WELCOME


TO

MOST REV. FR. GENERAL, PASCHAL RYWALSKI, O. F. M. (CAP.)


ഞങ്ങളുടെ
ഡിറക്ടർമാർ




റവ. ഫാ. ജനേസിയൂസ് C.M.I.
ആദ്യത്തെ ഡിറക്ടർ (1947–50)



റവ. ഫാ. ലിയോ O.F.M. (Cap)
(1950–55, 1961–65)



റവ. ഫാ. ജെരാർദ്
O. F. M (Cap)
(1955 – 1961)



റവ. ഫാ. തോമസ്സ് മൂർ O. F. M (Cap)
1965 മുതൽ ഡിറക്ടറായി
മൂന്നാം സഭയെ നയിച്ചുകൊണ്ടിരിക്കുന്നു

സമർപ്പണം

വ്യക്തികളുടെ സ്വന്തം പുണ്യപൂണ്ണതയ്ക്കു മികച്ച വിളവു നല്കുന്നീ വി. ഫ്രാൻസീസ് അസീസിയുടെ ''മൂന്നാം സഭ'' ബ: ജനസിസച്ചൻ C. M. I. എൽത്തരുത്താശ്രമമതിൽക്കെട്ടിനകത്തു പാവി
മുളപ്പിച്ചു, ഇരുപത്തഞ്ചാണ്ടു മുമ്പ്!
ഈ പരീക്ഷണകൃഷി ബ: ഉറബാനച്ചൻ (O. F. M. cap)
പിന്നീടു പരിശോധിച്ചു; അംഗീകരിച്ചു.
വളവും വെള്ളവും കീടനാശിനിയും നല്കി ബ. ലിയോ
അച്ചൻ (O. F. M. cap.) അതു സംരക്ഷിച്ചു.
ബാലപീഡയിൽനിന്ന് അതു വളർന്നു.
അദ്ധ്വാനശീലനായ ലിയോ അച്ചൻ ഇതൊരു കുടുംകൃഷി പദ്ധതിയാക്കി; തൃശ്ശൂർ രൂപതയിൽ
പ്രചരിപ്പിച്ചു.....തുടർന്ന് ബ. ജരാർദ്ദ് അച്ചൻ
തുടങ്ങിയ ഡിറക്ടർമാരുടെ തീവ്രപരിശ്രമം
പുണ്യവും സ്നേഹവും കാരുണ്യവും
നൂറു മേനി വിളയുന്ന ആത്മീയ – സാമൂഹ്യ
മേഖലയിലേയ്ക്കുതിനെ ആനയിച്ചു..... അൽമേനികളുടെ ''സന്യാസസഭ''യെന്ന വിശേഷിപ്പിക്കാവുന്ന ''മൂന്നാം സഭ''യുടെ ആ മുന്നേറ്റത്തിന്റെ
സൂക്ഷ്മസ്വഭാവം ഇതിലുണ്ട്; സത്യാരാധനസഖ്യത്തിനേറ്റും.....ഇനിയുള്ളീ താളുകൾ
മറിക്കുമ്പോൾ അതിന്റെ ആകർഷകമല്ലാത്ത ഭാവഭേദങ്ങളും അംഗവിക്ഷേപങ്ങളും നിങ്ങൾക്കു കാണാം; മനസ്സിലാക്കാം.
അതാണ് പ്രത്യേശ. ആശ മറ്റൊന്നാണ്: രജതജൂബിലിയുടെ കാവിയങ്കിയും അരക്കെട്ടുമായി, പ്രാർത്ഥനാപുസ്തകം തിങ്ങും
മലയാളത്തിന്റെ മടിത്തട്ടിലേയ്ക്കു മന്ദമന്ദം കടന്നു വരുന്ന തൃശ്ശൂർ രൂപതയുടെ ഈ
''യുവമിഥുനങ്ങൾ'' — ഫ്രാൻസിസ്കൻ മൂന്നാം സഭയും
സത്യാരാധനസഖ്യവും — നിങ്ങളുടെ മനോഭാവത്തിൽ ഇതിനാൽ എന്തെങ്കിലും നന്മ വിതച്ചാൽ,
അതു പാറപ്പുറത്തു വീഴാതിരിക്കട്ടെ!
മുൾപ്പടർപ്പിൽ വീണലയാതിരിക്കട്ടെ!
വളക്കൂറുള്ള മണ്ണിൽ വീണു നൂറു
മേനി വിളയട്ടെ! അതിനായിതു സാദരം
സമർപ്പിക്കട്ടെ !! അനുഗ്രഹിച്ചാലും !!

— പത്രാധിപസമിതി.

കൃതജ്ഞത

ഈ

സുവനീർ

സമ്പുഷ്ടമാക്കാൻ

സഹായിക്കുകയും

സഹകരിക്കുകയും

ചെയ്തിട്ടുള്ളവക്കെല്ലാം

മുന്നാം സഭയുടെ

കൃതജ്ഞത

രേഖപ്പെടുത്തുന്നു.

പ്രത്യേകിച്ച്

ലേഖനങ്ങളും ഫോട്ടോകളും

തന്നനുഗ്രഹിച്ചവരോടും

ഉദാരമായി

പരസ്യം തന്നു സഹായി

ച്ചവരോടും;

ക്കൂടാതെ

സുവനീറിന്റെ

അച്ചടി ഭംഗിയായി നിർവ്വഹിച്ചു

തന്ന മരിയാപുരം

യൂണിയൻ പ്രസ്സിനോടും

ബ്ലോക്കു വർക്കു ചെയ്തുതന്ന

തൃശ്ശൂർ

വിവിധ് പ്രോസ്സസിനോടും.

3-7-1972

Editor & Director

ഞങ്ങൾ എന്നും നന്ദിയുള്ളവരായിരിക്കും.

പ്രാർത്ഥനയും പരിത്യാഗവും പരസ്നേഹവും മാത്രം കൈമുതലായുള്ള ഞങ്ങൾ ഇരുപത്തിയഞ്ചു സംവത്സരങ്ങൾ ഓടിക്കടന്നിരിക്കുന്നു.....അതെ, തൃശ്ശൂർ ശ്രുപതയിലെ ഫ്രാൻസിസ്കൻ മൂന്നാം സഭയുടെ മുപ്പായിരത്തിലധികം വരുന്ന സന്നദ്ധസേന ഇടവകതോറും, നൂറിപ്പതിനഞ്ചു കേന്ദ്രങ്ങളിൽ പതുങ്ങിനിന്നു് ഇക്കാലമത്രയും യുദ്ധം ചെയ്യുകയായിരുന്നു — പട്ടിണിയും, പരിവട്ടവുമായി കഴിയുന്ന ഒരു വലിയ തലമുറയ്ക്കുവേണ്ടി! സ്വന്തം പരിപൂർണ്ണതയിൽ കാലൂന്നി നിന്നു!! ഈ പോരാട്ടത്തിൽ ഞങ്ങൾ ജയിച്ചിട്ടില്ലെന്നു് ആരു പറഞ്ഞാലും തോറ്റിട്ടില്ലെന്നു് ഞങ്ങൾ ഉറക്കെ പറയും.

ആയിരക്കണക്കിനു യുവതീയുവാക്കൾ കൂട്ടിക്കെട്ടിയ സുകൃതമഞ്ജരി കെട്ടുപിണയാതെ, വാട്ടം കൂടാതെ, ആത്മീയ പ്രേഷിതത്വത്തിന്റെ ''കാൽവരി''യിൽ കൊണ്ടുപ്പിക്കാൻ ഞങ്ങൾ പലതും ചെയ്തിട്ടുണ്ടു്. കുറവുകളും കുറവുകളും ആ ശ്രമങ്ങളിൽ കണ്ടേക്കാം.... സദയം ക്ഷമിക്കണേ!

ഞങ്ങളുടെ നേതാവു് വി. അസ്സീസി നിങ്ങൾ എവരേയും അനുഗ്രഹിക്കട്ടെ!

ഈ യുദ്ധത്തിൽ ഞങ്ങളെ അകമഴിഞ്ഞു സഹായിച്ച വരെയെല്ലാം ഞങ്ങൾ സസ്നേഹം ഓർമ്മിക്കുന്നു. അവർ ഏവരോടും ഞങ്ങൾ എന്നും നന്ദിയുള്ളവരായിരിക്കും.

ഇടയലേഖനങ്ങൾ വഴിയായും മറ്റു പല തരത്തിലും ശ്രുപതാദ്ധ്യക്ഷന്മാർ ഞങ്ങളെ അനുഗ്രഹിച്ചിട്ടുണ്ടു്. പൈതൃകമായ സംരക്ഷണം നല്കി അനുഗ്രഹിച്ച ബഹു: പിതാവു് ഡോ: ജോസഫ് കുണ്ടുകുളം തിരുമേനിയോടും ഞങ്ങളുടെ അഭിമാന ഭാജനവും മുതിർന്ന സഹോദരനും ഇടയന്മാരായ ബിഷപ്പു് ഡോ: ജോർജ്ജ് ആലപ്പാട്ടു തിരുമേനിയോടും ഞങ്ങൾക്കുള്ള കൃതജ്ഞത ഈ ശുഭാവസരത്തിൽ ആഹ്ലാദപൂർവ്വം രേഖപ്പെടുത്തട്ടെ. ബഹു. ഇടവക വികാരിമാർ വാത്സല്യപൂർവ്വം താലോലിക്കുകയും ബ. സഹോദരിമാർ പ്രോത്സാഹനങ്ങളാൽ പാലൂട്ടുകയും ചെയ്തതുകൊണ്ടാണു് മുപ്പായിരത്തിലധികം അംഗങ്ങളും അവരുടെ ഉന്നേഷമുള്ള പ്രവർത്തനങ്ങളും ഇവിടെ ഉണ്ടായതു്. ഭാരവാഹികളും കർമ്മോൽസുകരായി രംഗത്തു് ഉറച്ചു നിന്നു പൊരുതിയതു്. അവരേവരോടുമുള്ള കടപ്പാടും ഇവിടെ രേഖപ്പെടുത്തട്ടെ!

ഈ സന്നദ്ധസേനയുടെ പടത്തലവന്മാരായിരുന്ന ബഹു. ഡിറക്ടർമാരോടു കൃതജ്ഞത പ്രകാശിപ്പിക്കാൻ ഞങ്ങൾക്കു വാക്കുകളില്ല. റവ. ഫാ. ജനേസിയൂസ്സു് C. M. I.; റവ. ഫാ. ലിയോ O. F. M. (Cap); റവ. ഫാ. ജരാർദ്ദു് O. F. M. (Cap); റവ. ഫാ. തോമസ്സു്മൂർ O. F. M. (Cap) എന്നിവരുടെ ത്യാഗസുരഭിലമായ ധീരനേതൃത്വത്തിനു മുന്നിൽ സ്നേഹാപ്പണം ചെയ്യുകയല്ലാതെ മറ്റൊന്നിനും ഞങ്ങൾക്കു കഴിവില്ലല്ലോ.

മൂന്നാം സഭയുടെ പ്രവർത്തനങ്ങൾക്കു പ്രോത്സാഹനങ്ങളും സഹായങ്ങളും ചെയ്തുതന്നിട്ടുള്ള ഉപകാരികളേയും വിശിഷ്യ ഇടവകക്കാരേയും സ്ഥാപനങ്ങളേയും എല്ലാം എല്ലാം .... ഞങ്ങൾ നന്ദിപൂർവ്വം സ്മരിക്കുന്നു. അവർ ഏവരോടും നന്ദി പ്രകാശിപ്പിക്കട്ടെ. പൂർവ്വാധികം ഊർജ്ജസ്വലതയോടെ മേലിലും പ്രവർത്തിക്കാൻ ഞങ്ങളെ അനുഗ്രഹിക്കണമെയെന്നു് അഭ്യർത്ഥിക്കുകയും ചെയ്യട്ടെ!

ഇനിയുള്ള ഞങ്ങളുടെ പ്രയാണം അപകടം പതിയിരിക്കുന്ന വീഥിയിലൂടെയാണു്. എല്ലാവിധ എതിർപ്പുകളുടേയും ശീഘ്രപ്രയാണം ഇതുവഴിയാണു്. പരിഷ്കൃതലോകത്തിന്റെ എല്ലാവിധ വെപ്രാളങ്ങളും ഈ പ്രയാണത്തിനു പ്രതിബന്ധമുണ്ടാക്കിയേക്കാം. അതെല്ലാം മറികടന്നു ലക്ഷ്യത്തിലെത്തണം.

ഞങ്ങളുടെ നേതാവിൽ ഞങ്ങളതിനായി ശരണപ്പെടുന്നു. മൂന്നാം സഭയുടെ ധീരസേനാനികളെ! നാളിതുവരെ ത്യാഗപൂർവ്വം പ്രവർത്തിച്ച നിങ്ങളെ അഭിനന്ദിക്കുന്നതിനും ഇനിയുള്ള സാഹസിക പ്രയാണത്തിനു നിങ്ങളുടെ എല്ലാവിധ കഴിവുകളും അഭ്യർത്ഥിക്കുന്നതിനും ഈ സന്ദർഭം ഉപയോഗിക്കട്ടെ. നിങ്ങളുടെ കരങ്ങളിൽ വി. അസീസ്സിയുടെ കരങ്ങളുണ്ടു്; ആ കരവലയത്തിൽ നിങ്ങളും. നിർത്തട്ടെ; ഒരിക്കൽക്കൂടി ഏവരോടും കൃതജ്ഞത പ്രകാശിപ്പിക്കട്ടെ!

വി. ഫ്രാൻസീസ് അസ്സീസിയോടു നിങ്ങൾക്കായി ഞങ്ങൾ പ്രാർത്ഥിക്കുന്നു

സസ്നേഹം, നിങ്ങളുടെ
മൂന്നാം സഭയുടെ, തൃശ്ശൂർ ശ്രുപതാകമ്മിറ്റി.

With best Wishes from

C. S. T. No. J. 5 G. S. T. No. J. 41

JANATHA TRADING CORPORATION

MERCHANTS & COMMISSION AGENTS

CHOWGHAT

Telegrams: **VICTORY** Telephone { 36 Factory / 71 Residence

THARAKAN TILE WORKS

MANUFACTURERS OF FAMOUS QUEEN FATIMA BRAND

ROOFING, CEILING & FLOORING TILES, RIDGES, BRICKS ETC.

VADAKANCHERI - COCHIN

TRICHUR DT. KERALA

Grams: PRINCE
POST BOX No. 130
PHONE : 1426

C. S. T. No. TCR. I K-72 DT. 11-11-71

പ്രിൻസ് ഇലക്ടിക്കൽസ്

പ്രൊപ്രൈറ്റർ: വി. എം. കൊച്ചപ്പൻ

ഇലക്ട്രിക്കൽ എഞ്ചിനീയേർസ് & കോൺട്രാക്ടറേർസ്

റൗണ്ട് സൗത്ത് – **തൃശ്ശൂർ – 1,** കേരള,

PHONE: 122

GRAND STORES

STATIONERY DEALERS

***POST OFFICE ROAD,* TRICHUR - 1.**

PRESENTATION & GIFT ARTICLES A SPECIALITY.

ഇതളുകളിൽ

സമർപ്പണം	5
കൃതജ്ഞത	6
ഞങ്ങൾ എന്നും നന്ദിയുള്ളവരായിരിക്കും	7
സന്ദേശങ്ങൾ	11–17
റവ. ഫാ. ലിയൊ — സി. സി. തോമസ് B. A., B. T.	19
തൃശ്ശൂർ ത്രൂപതയിലെ ഫ്രാ. മൂ. സഭയുടെ ചരിത്രം	23
ഫ്രാൻസിസ്കൻ ജൂബിലി	25
Report and Resolutions of the Third Order Commissaries' Seminar	29
അഖിലകേരള ഫ്രാ. മൂ. സഭാ സെമിനാർ — കുമാരി നൊറീൻ ഫെർണാൻറസ് M. A.	31
Welcom to Most Rev. Fr. General, Paschal Reywalski O. F. M. cap	34
ആത്മസംയമനം — ലിയോ അച്ചൻ	38
ഫ്രാൻസിസ്കൻ സഭാംഗങ്ങളും ആദ്ധ്യാത്മിക ജീവിതവും	44
വി. ഫ്രാൻസിസും സുവിശേഷവും — റവ. ഡോ. ലൂക്കോ	47
ബൈബിൾ വിതരണപദ്ധതി	53
ജൂബിലിസ്മാരക വിവാഹസഹായ ലഘുനിക്ഷേപപദ്ധതി	54
ഭവനനിർമ്മാണപദ്ധതി	56
മേഖലാസമ്മേളനങ്ങൾ	57
സൊഫിക് വിദ്യാഭ്യാസ സഹായനിധി	59
വി. ഫ്രാൻസിസ് അസ്സീസിയും കുഷ്ഠരോഗികളും	63
സാമൂഹ്യസേവനത്തിനുള്ള ധനാഗമമാർഗ്ഗങ്ങൾ	67
ഫ്രാ. മൂ. സഭ ഒരു ഇടവക വികാരിയുടെ ദൃഷ്ടിയിൽ	71
Adopting the Destitue Lay Franciscan — Jose T. Neelankavil	74
ഫ്രാൻസിസിന്റെ കാലടികളെ പിൻതുടരുമ്പോൾ — കെ. സി. ചാക്കോ, M. A., B. E., M. S., M. I. E.	77
അൽവേർണ്ണായിലെ അത്ഭുതം — സി. മേരി ബനീഞ്ഞാ സി. ഡി.	93

സ്നേഹമൂർത്തിയായ ക്രിസ്തുവിനു സാക്ഷ്യം വഹിക്കുക ഓരോ ക്രൈസ്തവന്റേയും കടമയാണു്. ഈ കടമ നിറവേറ്റി ഒരു ഉത്തമ ക്രിസ്ത്യാനിയായി ജീവിക്കുവാൻ ഉത്തേജനം നൽകുകയെന്നതാണു ഫ്രാൻസിസ്കൻ മൂന്നാം സഭയുടെ ലക്ഷ്യം. നിരീശ്വരത്വവും മറ്റഴി മതികളും വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഈ അവസരത്തിൽ മൂന്നാം സ ഭാംഗങ്ങൾക്കു വളരെയധികം പ്രവർത്തിക്കുവാനുണ്ടു്. ദൈനംദിനം പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഈ ലോകത്തിൽ പ്രസംഗങ്ങൾ കേട്ട മാനസാന്തരപ്പെടാനോ, ദൈവശാസ്ത്രപഠനംവഴി മതപരിവർത്തനം ചെയ്യാനോ മനുഷ്യനു സമയമില്ല. അതുകൊണ്ടു നമ്മുടെ ജീവിത ത്തിലൂടെയുള്ള സമ്പർക്കസംഭാഷണങ്ങൾകൊണ്ടുവേണം ക്രിസ്തുവി നെ മറ്റുള്ളവർക്കു കാണിച്ചുകൊടുക്കുവാൻ. പരസ്നേഹത്തിലധി ഷ്ഠിതമായ ഒരു ജീവിതം ഇതിനു് അത്യന്താപേക്ഷിതമാണു്. ജാതിമതഭേദമെന്യേ നാമെല്ലാം ഒരു ദൈവത്തിന്റെ സന്തതികളാ ണെന്ന ദൃഢബോധവും തദനുസൃതമായ ജീവിതചര്യകളും മാത്രമേ സനാതനമായ സമാധാനവും ശാശ്വതമായ ശാന്തിയും ലോകത്തി നു പ്രദാനംചെയ്യുകയുള്ളൂ. ഈ വസ്തുത പരിഗണിച്ചുകൊണ്ടാണു് അസീസ്സിയിലെ വിശുദ്ധ ഫ്രാൻസീസ് പാവപ്പെട്ടവരെയും പ ണക്കാരെയും, പാമരന്മാരെയും പണ്ഡിതന്മാരെയും, താണവരെയും ഉയർന്നവരെയും എന്നല്ല ജീവിതത്തിന്റെ സകല തുറകളിൽപ്പെട്ടവ രെയും ദൈവത്തിൽ ഒന്നായിക്കണ്ടുകൊണ്ടു തന്റെ ജീവിതം അവ ർക്കായി സമ്പൂർണ്ണമായി സമർപ്പിച്ചതു്. കുഷ്ഠരോഗികളെപ്പോലും അദ്ദേഹം ആലിംഗനംചെയ്തു പരിചരിച്ചു; ക്രൂരനായ ചെന്നായയെ പ്പോലും 'സഹോദരാ' എന്നു സംബോധനചെയ്തുകൊണ്ടു സ്നേഹ ത്തിന്റെ ഒരു കുഞ്ഞാടാക്കി മാറ്റി. ഈ സത്യം മനസ്സിലാക്കി ക്കൊണ്ടാണു സഹജീവികളുടെ ഉന്നമനത്തിനായി പ്രവർത്തിക്കുവാൻ മൂന്നാം സഭാംഗങ്ങൾ മുന്നോട്ടിറങ്ങിയിരിക്കുന്നതു്.

തൃശ്ശൂർ രൂപതയിൽ ഫ്രാൻസിസ്കൻ മൂന്നാം സഭയുടെ രജതജൂബി ലി ആഘോഷിക്കുന്ന ഈ അവസരത്തിൽ മൂന്നാം സഭ ചെയ്തുകൊ ണ്ടിരിക്കുന്ന വിവിധ പ്രവർത്തനങ്ങളെപ്പറ്റി നമുക്കു് അഭിമാനപൂ ർവ്വം സ്മരിക്കാവുന്നതാണു്. ഉദാഹരണമായി: ബൈബിൾ വിത രണപദ്ധതി, വിവാഹസഹായഫണ്ടു്, ഭവനനിർമ്മാണപദ്ധതി, വിദ്യാഭ്യാസ സഹായനിധി മുതലായവ. ഈ പദ്ധതികൾകൊണ്ടു പാവപ്പെട്ടവർക്കു ധാരാളം നന്മകൾ ചെയ്യുവാൻ സാധിച്ചിട്ടുണ്ടെന്ന കാര്യം നമുക്കു മറക്കുവാൻ കഴിയുകയില്ല.

സമുദായത്തിൽ വേദനയനുഭവിക്കുന്ന, സമുദായത്തിൽനിന്നു പുറന്തള്ളപ്പെട്ടവരെന്നു കരുതപ്പെടുന്ന, പാവപ്പെട്ട കുഷ്ഠരോഗികളെ ശുശ്രൂഷിക്കുവാനും അവർക്കു താമസിക്കുവാനുമായി ഈ ജൂബിലി സ്മാരകമായി പണിയുവാൻ ഉദ്ദേശിക്കുന്ന കുഷ്ഠരോഗികൾക്കുള്ള 'കോളനി' യുടെ അടിക്കല്ലിടുവാൻ സാധിച്ചതിൽ എനിക്കു വള രെ സന്തോഷമുണ്ടു്. ഇങ്ങനെയുള്ള ജീവകാരുണ്യപ്രവർത്തനങ്ങൾ കുടുംബത്തിലും സമുദായത്തിലും വളരെയധികം നന്മകൾ പുറപ്പെട്ട വിക്കട്ടെയെന്നു് അഭിലഷിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

സുവിശേഷപ്രബോധനങ്ങൾക്കനുസൃതമായ ഒരു ഉത്തമ ക്രൈ സ്തവജീവിതം വഴി ക്രിസ്തുവിനു സാക്ഷ്യം വഹിക്കുവാൻ മൂന്നാം സഭാംഗങ്ങൾക്കും മറ്റെല്ലാവർക്കും ഈ രജതജൂബിലിയാഘോഷം പ്രചോദനം നൽകട്ടെയെന്നാശംസിക്കുന്നു!

തൃശ്ശൂർ

6–6–1972

+ Joseph Kundukulam

Bp. of Trichur

H. O. 1216 Phone: Br. 2722

BHARATH STUDIO

PHOTOGRAPHERS & DEALERS

HIGH ROAD, TRICHUR-1

OUR SPECIALITIES: **Group Photos,**

Life-Like Enlargements, Photo Colouring

ALL PHOTOGRAPHIC MATERIALS SOLD AT MODERATE RATES

With Best Compliments from

PULIKKOTIL TEXTILES

CHAVAKKAD

For all your requirements in: Window glass, Show room glass, Mirrors, Plywoods, Glass Channels, Hard-boards, Fevicol etc.

KOOLA GLASS HOUSE

P. O. ROAD, TRICHUR

PHONE: 2220

PHONE: 466

THE JANATHA MEDICAL STORES

CHEMISTS & DRUGGISTS, **TRICHUR-1**

Stockists & Distributors For:- 'SQUIBB' Products, Suhrid Geigy Ltd. Unichem Labs., East India Pharmaceutical Works, Boots Company, Saram Labs., Pharm-Chem Labs.

N. B. We stock all kinds of Veterinary and Paultry medicines.

തൃശ്ശൂർ രൂപതയിൽ ഫ്രാൻസിസ്കൻ മൂന്നാം സഭയുടെ രജതജൂബിലിയാഘോഷസ്മാരകമായി ഒരു 'സോവനിർ' പ്രസിദ്ധീകരിക്കുന്നുണ്ടെന്നു് അറിയുന്നതിൽ അതിയായ സന്തോഷമുണ്ടു്. ആദ്യമായിത്തന്നെ നിങ്ങളെല്ലാവരേയും ഈ സംരംഭത്തിൽ ഞാൻ അഭിനന്ദിക്കുകയും സർവ്വവിജയങ്ങളും ആശംസിക്കുകയും ചെയ്യുന്നു.

ഇക്കഴിഞ്ഞ 25 വർഷങ്ങളിലേയ്ക്കു് ഒന്നു പിന്തിരിഞ്ഞു നോക്കുമ്പോൾ തൃശ്ശൂർ രൂപതയിലെ മൂന്നാം സഭോംഗങ്ങൾക്കു വളരെയേറെ ചാരിതാർത്ഥ്യത്തിനു് അവകാശമുണ്ടു്. ഫ്രാൻസിസ്കൻ ചൈതന്യം പരത്തുവാൻ ഇവിടെയുള്ള മൂന്നാം സഭോംഗങ്ങൾ തങ്ങളുടെ ജീവിതമാതൃകകൊണ്ടും പ്രവർത്തനംകൊണ്ടും പരിശ്രമിച്ചിട്ടുണ്ടെന്നുള്ളതുകൊണ്ടാണു് ഈ രൂപതയിൽ മൂന്നാം സഭ വെറും 25 വർഷം കൊണ്ടു് ഇത്രയും വളർച്ച പ്രാപിച്ചതു്.

ഇത്തരുണത്തിൽ, 1921 – ൽ ഞാൻ റോമിൽ ഒരു വൈദികവിദ്യാർത്ഥിയായിരുന്നപ്പോൾ ഈ സഭയിൽ ഒരംഗമായി ചേർന്നതിനെപ്പറ്റിയുള്ള ചിന്തകളാണു് എന്റെ ഓർമ്മയിൽ വരുന്നതു്. അതിനുശേഷം 1955 – ൽ ഫ്രാൻസിസ്കൻ സഭയുടെ ഒരു ദത്തുപുത്രനായിത്തീർന്നതും എന്റെ ജീവിതത്തിലെ മറക്കാനാവാത്ത ഒരു സംഭവമാണു്. തുടർന്നു് മൂന്നാം സഭയുടെ തൃശ്ശൂർ രൂപതയിലുള്ള ആരംഭവും വളർച്ചയും നേരിൽ കണ്ടറിയുവാനും അതിനെ പ്രോത്സാഹിപ്പിക്കുവാനും ഭാഗ്യം കിട്ടിയതിൽ ഞാൻ കൃതാർത്ഥനാണു്. ഇവിടെയുള്ള മൂന്നാം സഭക്കാരുടെ ഏകീഭവിച്ചുള്ള പ്രവർത്തനങ്ങളാൽ ഈ നാട്ടിലെ നിരവധി അൽമായരെ ക്രിസ്തീയ പുണ്യങ്ങൾക്കനുരൂപമായി വാർത്തെടുക്കുന്നതിൽ ഈ സഭ ഒരു ഉപാധിയായി വർത്തിച്ചുവരുന്നുണ്ടു്. ആത്മാർത്ഥമായ ക്രിസ്തീയജീവിതം നയിക്കുന്നതിനുള്ള മൂന്നാം സഭോംഗങ്ങളുടെ ആഗ്രഹവും പരിശ്രമവും ഫലവത്തായിത്തീരട്ടെയെന്നു ഞാൻ പ്രാർത്ഥിക്കുകയും ചെയ്യുന്നു.

വി. ഫ്രാൻസീസിൽ നിങ്ങളുടെ സഹോദരൻ

കരാഞ്ചിറ

13–6–72

+ Le. Alapatt.
Bp of Trichur

ESTD. IN 1852

PHONE { Shop 862
Res: 1427

VICTOR ROZARIO & SONS

CONFECTIONERS & BAKERS

M. O. ROAD, TRICHUR - 1

V. D. VAROO

GENERAL MERCHANT

WADAKKANCHERY

Phone { H. O. 2244
Br. 2033

Best Compliments from

Jaya Bakery

TRICHUR

Best Wishes from

KALADY BROTHERS

Ashtamichira, M A L A



തൃശ്ശൂർ രൂപതയിലെ ഫ്രാ. മൂന്നാം സഭയുടെ രജതജൂബിലി സംബന്ധിച്ചുള്ള പ്രസിദ്ധീകരണമാണല്ലോ ഇതു്. കഴിഞ്ഞ 25 കൊല്ലം കൊണ്ടു് ഈ രൂപതയിൽ ഫ്രാ. മൂന്നാം സഭയ്ക്കു് ഉണ്ടായിട്ടുള്ള അഭിവൃദ്ധിയും വളർച്ചയും വളരെ വലുതാണു്. ബ. ലിയോ അച്ചന്റെ പരിശ്രമത്താൽ ആരംഭിച്ചതും സ്തുത്യർഹമായ വിധത്തിൽ ബ. തോമസു് മൂർ അച്ചന്റെ നേതൃത്വത്തിൽ തുടർന്നു കൊണ്ടിരിക്കുന്നതുമായ ഇവിടത്തെ മൂന്നാം സഭ, കേരളത്തിൽ ഒന്നാം സ്ഥാനത്തു് എത്തിയെന്നു പറഞ്ഞാൽ അതു വാസ്തവം മാത്രമാണു്. ഈ അഭിവൃദ്ധിക്കു കാരണമായ എല്ലാ അത്മായപ്രവർത്തകരേയും ബ. അച്ചനെയും ഹാർദ്ദവമായി അനുമോദിക്കുന്നു. പരിഷ്ക്കരിച്ച നിയമത്തിൽ ആവശ്യപ്പെട്ടിരിക്കുന്നതനുസരിച്ചു മൂന്നാം സഭയുടെ ഭരണംകൂടുതൽ അൽമായരെ ഏല്പിച്ചും, സ്ഥലത്തെ ബ. ഡയറക്ടറന്മാരുടെ നേതൃത്വത്തിലുമാണെന്നു കാണുന്നതിൽ സന്തോഷിക്കുന്നു. രൂപതാദ്ധ്യക്ഷന്മാരുടെ ക്രിയാത്മകമായ പ്രോത്സാഹനവും സംരക്ഷണവും എന്നും കിട്ടികൊണ്ടിരുന്നുവെന്നതു് ഇവിടത്തെ മൂന്നാം സഭയുടെ പ്രത്യേക അനുഭവമാണു്.

ഫ്രാൻസിസ്കൻ മൂന്നാം സഭയുടെ പ്രഥമ ലക്ഷ്യം ഉത്തമക്രൈസ്തവജീവിതം അംഗങ്ങളിൽ വളർത്തുകയും, അതു് ഇടവകകളിൽ വളർത്തുവാൻ എല്ലാവിധ പരിശ്രമവും നടത്തുകയുമാണല്ലോ. അതോടുകൂടി സാമൂഹ്യവും ജീവകാരുണ്യപരവുമായ വിവിധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു ദൈവജനത്തിനു സേവനം ചെയ്യുകയുമാണു്. ഇവ രണ്ടും സംയോജിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളാണു തൃശ്ശൂർ രൂപതയിൽ നടക്കുന്നതു്. സാധാരണ ജനങ്ങളുടെ ആവശ്യങ്ങൾ പരിഗണിച്ചു് അവർക്കു് ഉപകാരപ്രദമായ പ്രായോഗിക പദ്ധതികളാണു മൂന്നാം സഭാംഗങ്ങൾ കാര്യക്ഷമമായി ഇവിടെ നടത്തുന്നതു്. ഭവനനിർമ്മാണം, വിവാഹപദ്ധതി മുതൽ കുടിവിതരണംവരെയുള്ള നിരവധി പദ്ധതികളും ഇതിൽപ്പെടുന്നു.

ഈവിധം ധാരാളം ബഹുപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ഫ്രാ. മൂന്നാം സഭാംഗങ്ങൾ ഒരു കാര്യം വിസ്മരിക്കരുതു്. അതിന്റെ കാതലായ ലക്ഷ്യവും പ്രവർത്തനവും തങ്ങളിലും ഇടവകകളിലും അടിയുറച്ച ആദ്ധ്യാത്മികതയും, വിശ്വാസൈക്യതയും, ആരാധനാജീവിതത്തിലുള്ള സജീവ ഭാഗഭാഗിത്വം, പരിഹാരചൈതന്യം. ലളിതജീവിതം, സമാധാനപ്രേമം, സന്തോഷം മുതലായവ വളർത്തുന്നതിനു ഡയറക്ടർ അച്ചന്മാരോടുകൂടി സഹകരിച്ചു പ്രവർത്തിക്കുന്നതായിരിക്കണം നിങ്ങളുടെ പ്രഥമ പ്രവർത്തനരംഗം. ഇവ വളരുന്നതിനു് ഇടവകയുടെ ഉപ്പായിത്തീരണമവർ.

ഇന്നത്തെ ലോകം ലക്ഷ്യബോധവും ആദർശവും ഇല്ലാതെ നട്ടം തിരിയുകയാണു്. ഫ്രാൻസീസിന്റെ സഭയ്ക്കു് അതിന്റേതായ വ്യക്തമായ ലക്ഷ്യവും ആദർശവും ഉണ്ടു്. സുവിശേഷത്തിൽനിന്നു വിശുദ്ധ ഫ്രാൻസീസു് പഠിച്ചു ഈ ആദർശങ്ങൾ പകർത്തി ജീവിക്കുന്ന ''സജീവ സുവിശേഷങ്ങളായി'' മാറിയാൽ മാത്രമേ, നിങ്ങളുടെ ലക്ഷ്യം വിജയിച്ചുവെന്നു പറയാൻ പറ്റൂ. നൂറു ശതമാനം ബോധ്യവും സമർപ്പണമനസ്ഥിതിയുമുള്ള അൽമായരെ വളർത്തിയെടുക്കുന്ന പരിശീലനകളരിയാകട്ടെ നിങ്ങളുടെ മൂന്നാം സഭാ ഭ്രാതൃത്വങ്ങൾ എന്നു ഞാൻ ആശംസിക്കുന്നു. ജീവകാരുണ്യപ്രവർത്തനങ്ങളിൽ നിങ്ങൾക്കുള്ള താല്പര്യം കുറയ്ക്കാതെ, മേല്പറഞ്ഞ നമ്മുടേതായ രംഗത്തേയ്ക്കു നിങ്ങളുടെ കൂടുതൽ ശ്രദ്ധയും പ്രവർത്തനവും വികസിപ്പിക്കുന്നതിനു ക്ഷണിച്ചുകൊണ്ടും, എല്ലാ ആശംസകളോടുകൂടിയും.

കാൽവരി ആശ്രമം
തൃശ്ശൂർ
10–6–72

വിനീത സഹോദരൻ
ഫാ. ഫിലിപ്പോളിറസ് O.F.M cap.
മിനിസ്റ്റർ പ്രൊവിൻഷ്യൽ

PHONE: { Shop 297
Res: 297 Ext.

K. A. RAPPAI & Co.,

HARDWARE & PAINT MERCHANTS

POST OFFICE ROAD, TRICHUR-1

EVER-SHINE AUTOMOBILES

WADAKANCHERY (TRICHUR DT.)

KERALA STATE

G. S. T. No. A 25 C. S. T. No. TCR 3/A 22 D/22-8-62

AMALA MANOHARI STORES

STATIONERY & GENERAL MERCHANTS

JAI-HIND MARKET BLDGS., TRICHUR-1.

With best wishes

Varghese Pereppaden & Family

Mala



My dear Brothers and Sisters, in St. Francis,

It is a great joy for me to know that you are bringing out a Souvenir on the occasion of the Silver Jubilee celebrations of the Third Order in the diocese of Trichur. The T. O. of Trichur Diocese has done wonderful service to the Church during the past 25 years both by bearing witness to Christ by their own exemplary life and by works of charity and apostolate. I myself had the happiness of being present for the laying of the foundation of the proposed colony for leprosy patients. I join you all in thanking God for the singular graces which He has bestowed upon you during the past 25 years and pray that God bless you abundantly in the future to carry on your worthy traditions.

With most hearty congratulations on the occasion of your Silver Jubilee,

Shanti Ashram
Coimbatore

Yours fraternally,
Fr, Jacob, O. F. M. Cap.,
Ex Minister Provincial.

The Kshemavilasam Company Ltd.,

TRICHUR

Estd. 1927 A. D. **Phone No. 344**

(Liability of Members Limited)

Pioners in the conduct of Kuries (Chitties) under Kuries Act. All kinds of Business transacted except Banking. Kuries (Chitties) of different kinds and Salas, are being conducted. The particulars of the new Pooval Kuri of Rs. 72,000 sala to be started from 22 7—1972 are appended below:-

Class	Instalment Amount	Total No. of Tickets	Total Kuri Amount	Fixed Discount	Prize Amount at Drawing
A	Rs. 400	36	Rs. 14400	Rs. 2400	Rs. 12000
B	Rs. 300	36	Rs. 10800	Rs. 1800	Rs. 9000
C	Rs. 200	36	Rs. 7200	Rs. 1200	Rs. 6000
D	Rs. 100	36	Rs. 3600	Rs. 600	Rs. 3000
Total	Rs. 1000x2	36x2	Rs. 36000x2	Rs. 6000x2	Rs. 30000x2

Patron:- Rt. Rev. Dr. Joseph Kundukulam
Bishop of Trichur.

BOARD OF DIRECTORS

1) Sri. Pallan J. Kunjuvareed (Chairman)
2) Sri. C. J. Paul, Chalakkal B. A., B. L. (Deputy Chairman)
3) Sri. M. D. Lonappan, Muttichukaren.
4) Sri. K. P. Chakkunny, Kinattingal.
5) Sri. Pallan A. Kurian.
6) Sri. K. O. Kochupapu, Kattookaren.
7) Sri. K. V. Jose, Konikkara.
8) Sri. I. J. Jose, Immitty.
9) Sri. C. J. Joseph, Chettupuzhakaren.

K. T. Paul, Kuttikat (*Manager*)

തൂലികാചിത്രം

റവ. ഫാദർ ലിയോ

സി. സി. തോമസ് B.A., B.T.

കേരളത്തിൽ, പ്രത്യേകിച്ച് തൃശ്ശൂർ രൂപതയിലെ ഫ്രാൻസിസ്കൻ മൂന്നാം സഭയെപ്പറ്റി ചിന്തിക്കുമ്പോഴും ഇന്നത്തെ തലമുറയുടെ സ്മൃതിപഥത്തിൽ ആദ്യമായി ഉദിക്കുന്ന നാമധേയം തീച്ചയായും ബ. ലിയൊ അച്ചന്റേതായിരിക്കുമെന്നതിൽ സംശയമില്ല. കാൽ നൂറ്റാണ്ടു മുമ്പുള്ള സാഹചര്യങ്ങളുടെ യഥാർത്ഥ നിലശരിക്കും കണക്കിലെടുക്കുമ്പോഴും മാത്രമേ ഫ്രാൻസിസ്കൻ മൂന്നാം സഭ തൃശ്ശൂർ രൂപതയിൽ കെട്ടിപ്പടുക്കുന്നതിൽ ബ. ലിയൊ അച്ചൻ നൽകിയിട്ടുള്ള വിലയേറിയ സംഭാവനയുടെ യഥാർത്ഥരൂപം മനസ്സിലാകുകയുള്ളൂ. കൊല്ലത്തെ ആശ്രമത്തിൽ നിന്നു ദീർഘയാത്ര ചെയ്തു പല വിധത്തിലുള്ള കഷ്ടപ്പാടുകളും സഹിച്ചു തൃശ്ശൂർ വന്നു് ഇവിടത്തെ പല ഇടവകകളിലും ഭ്രാതൃത്വങ്ങളും സ്ഥാപിക്കേണ്ടിയിരുന്നു. പല പ്രതികൂലസാഹചര്യങ്ങളേയും ധീരതയോടെ തരണം ചെയ്യുന്നതിനു വി. ഫ്രാൻസീസ് അസ്സീസിയുടെ ആത്മാർത്ഥത നിറഞ്ഞ ആ അനുയായിക്കു സാധിച്ചു. കഠിനാദ്ധ്വാനം, തീവ്രപരിശ്രമം, ജീവിതവിശുദ്ധി, ദൈവത്തിലുള്ള ആശ്രയത്വം എന്നിവ കൈമുതലായി പൊതുജീവിതരംഗത്തേയ്ക്കിറങ്ങിയ ബ. ലിയൊ അച്ചന്റെ പ്രവർത്തനപരിപാടികളും വിജയിച്ചതിൽ അത്ഭുതത്തിനവകാശമില്ല.

1949 മേയ് മാസം 8 — ാംനു- യാണു ബ. ലിയൊ അച്ചൻ ഫ്രാൻസിസ്കൻ മൂന്നാം സഭ പ്രൊവിൻഷ്യൽ കമ്മിസറിയായി നിയമിതനായതു്. അദ്ദേഹത്തിന്റെ പരിശ്രമഫലമായി കേരളത്തിൽ പൊതുവേയും തൃശ്ശൂർ രൂപതയിൽ പ്രത്യേകിച്ചും ഫ്രാൻസിസ്കൻ ചൈതന്യം പ്രചരിപ്പിക്കുന്നതിനു സാധിച്ചിട്ടുണ്ടു്. അത്മായരുടെ ആരാധനാജീവിതത്തെ മുൻനിർത്തി ബ. ലിയൊ അച്ചൻ 1944 —ൽ സ്ഥാപിച്ച ഒരു ഭക്തസംഘടനയാണു സത്യാരാധനാസഖ്യം. തൃശ്ശൂർ രൂപതയിലെ പല ഇടവക വൈദികരേയും മൂന്നാം സഭാംഗങ്ങളായി സ്വീകരിച്ചതിനു പുറമെ, പല ഇടവകകളിലും വിശിഷ്യ പെറ്റി സെമിനാരിയിലും ഫ്രാ. മൂ. സഭയുടെ ഭ്രാതൃത്വങ്ങൾ സ്ഥാപിക്കപ്പെട്ടു.

ബ. ലിയൊ അച്ചൻ പ്രൊവിൻഷ്യൽ കമ്മിസറി ആയിരുന്ന കാലത്തു കേരളാടിസ്ഥാനത്തിൽ ഫ്രാൻസിസ്കൻ മൂന്നാം സഭയുടേയും സത്യാരാധനാ സഖ്യത്തിന്റേയും സംയുക്താഭിമുഖ്യത്തിൽ പല പൊതു സമ്മേളനങ്ങളും നടത്തപ്പെട്ടിട്ടുണ്ടു്. അവയിൽ ആലുവാ, വാഴക്കുളം, മൂവാറ്റുപുഴ സമ്മേളനങ്ങൾ പ്രത്യേകം പറയേണ്ടവയാണു്. ഈ പൊതുയോഗങ്ങളും ഫ്രാ. മൂ. സഭാപ്രവർത്തനങ്ങളും കൂടുതൽ സജീവവും ഫലപ്രദവുമാക്കുന്നതിനു വേണ്ടതായ തീരുമാനങ്ങളും എടുക്കുകയും പ്രായോഗികമാക്കുകയും ചെയ്തിട്ടുണ്ടു്. 1953 — ലെ ആലുവാ സമ്മേളനത്തീരുമാനമനുസരിച്ചാണു സംഘടന വക്കയായി 'സെറാഫിക്കു് റിപ്പോർട്ടർ' (പിന്നീടു് അസ്സീസി) എന്ന മാസിക പ്രസിദ്ധപ്പെടുത്തി തുടങ്ങിയതു്. അഖില കേരളാടിസ്ഥാനത്തിൽ ഫ്രാൻസിസ്കൻ മൂന്നാം സഭാ ശതാബ്ദജൂബിലി 1969 ജനുവരി ആദ്യവാരത്തിൽ ഭരണങ്ങാനത്തു കൊണ്ടാടിയതിന്റെ വിജയപ്രദമായ നടത്തിപ്പിനു വേണ്ടതായ നേതൃത്വവും മാർഗ്ഗനിർദ്ദേശവും അദ്ദേഹം നല്കി.

ഉത്തമനായ ഈ ധ്യാനഗുരു, സത്യാരാധന, ക്രിസ്തുവിൻ പടയാളി, സൗഭാഗ്യം മുതലായ പല ഗ്രന്ഥങ്ങളും രചിച്ചിട്ടുണ്ടെങ്കിലും അദ്ദേഹത്തിന്റെ മികച്ച സംഭാവന ''അസ്സീസിയിലെ ഫ്രാൻസീസ്'' എന്ന വിശിഷ്ടഗ്രന്ഥമാണു്. വി. ഫ്രാൻസീസിന്റെ ജന്മസ്ഥലവും പ്രവർത്തന രംഗങ്ങളും സന്ദർശിക്കുകയും വി. ഫ്രാൻ

With best compliments from

GLASS HOUSE

DEALERS IN GLASS, MIRRORS, PLYWOOD, HARD BOARD, FORMICA, PAPER, Etc. Etc.

CHALAKUDY

Visit

Phone No. 2828

Nilayattingal & Co.

BURMAH SHELL DEALERS

COLLEGE ROAD — TRICHUR

HAVE YOU TRIED

Super-X
Liqid Detergent
Wash your Car, Fridge, Floor, Kitchen Wares Etc.

2 in One
Car Polish
Polish your Car, Fridge Etc.

Phone : 176

COCHIN RUBBER MANUFACTURING CO.

LATIN CHURCH ROAD

CHALAKUDY

സീസിന്റെ ജീവിതത്തെപ്പറ്റി അവഗാഢമായി ഗവേഷണങ്ങളും നടത്തുകയും അനേകം ജീവചരിത്രഗ്രന്ഥങ്ങളും പ്രമാണരേഖകളും സശ്രദ്ധം വായിച്ചു പഠിക്കുകയും ചെയ്തതിനു ശേഷമാണു പ്രസ്തുത ഗ്രന്ഥം രചിച്ചിട്ടുള്ളതു്.

പ്രൊവിൻഷ്യൽ, ത്രൂപതാകമ്മിസറി എന്നീ നിലകളിൽ ഫ്റാ. മൂന്നാം സഭയുടെ ശാശ്വതമായ പുരോഗതിക്കുവേണ്ടി സ്ഥിരോത്സാഹത്തോടും ആത്മാർത്ഥതയോടുംകൂടി കഠിനാദ്ധ്വാനം ചെയ്തുവന്ന ത്യാഗിവര്യനും പുണ്യശ്ലോകനുമായ ബ. ലിയൊ അച്ചനോടു കേരളസഭയും തൃശ്ശൂർ ത്രൂപതയ്ക്കുമുള്ള കടപ്പാടു പറഞ്ഞറിയിക്കുവാൻ പ്രയാസമാണു്. അദ്ദേഹത്തിന്റെ ശേഷിച്ച ജീവിതകാലം സമാധാനപൂർണ്ണവും കൂടുതൽ ധന്യവുമാകട്ടെ എന്നു് ആശംസിക്കുന്നു.

കേരള കേന്ദ്രകമ്മിറ്റി

മിനിസ്റ്റർ പ്രീഫെക്റ്റ്:
ബ്രദർ സി. വി. ജേക്കബ് B. A. B. L.
സെക്രട്ടറി: ബ്രദർ മാത്തച്ചൻ എം. കരുവിനാക്കുന്നേൽ
കെ. ജെ. ജോസഫ് കള്ളുവയലിൽ
സിറിയക്കു് പുതിയക്കുന്നേൽ
പി. ജെ. ജോസഫ്
ജോസഫ് മഞ്ഞപ്പിള്ളി
വറുഗീസ് പെരേപ്പാടൻ
ജോസ്സി തോമസ്

കേരളത്തിലെ കമ്മിസറിയച്ചന്മാർ

റവ. ഫാ. ഫെർഡിനാൻഡ്— കൊല്ലം, തിരുവനന്തപുരം
റവ. ഫാ. റിച്ചാർഡ്— കൊച്ചി, വരാപ്പുഴ
റവ. ഫാ. ബേസിൽ— ആലപ്പുഴ
റവ. ഫാ. ചെറിയാൻ— ചങ്ങനാശ്ശേരി അതിരൂപത
റവ. ഫാ. ലിയോ— തലശ്ശേരി
റവ. ഫാ. ബോർജിയ— എറണാകുളം അതിരൂപത
റവ. ഫാ. മാത്യു വരിന്തിരി— പാലാ
റവ. ഫാ. ലെയോള— കോട്ടയം
റവ. ഫാ. ജൂലിയസ്— കോതമംഗലം
റവ. ഫാ. തോമസ് മൂർ— തൃശ്ശൂർ

ലോകത്തിൽ ആകെയുള്ള മൂന്നാം സഭാംഗങ്ങളുടെ എണ്ണം 22 ലക്ഷം

ഇൻഡ്യയിൽ	28000
കേരളത്തിൽ	20000
തൃശ്ശൂർ	3000

സുന്ദരികളും സുന്ദരന്മാരും ജീവിതസാക്ഷാത്ക്കരണത്തെ സ്വപ്നം കാണുമ്പോൾ ഓർമ്മിക്കുന്ന ഏക നാമം

പോൾ ജ്വല്ലറി

ചാലക്കുടി

Phone: 120
Res: 209

Pro: C. V. POUL

റോയൽ ഹോട്ടൽ Phone: 206

ജംഗ്ഷൻ :: ചാലക്കുടി

THE DHARMMODAYAM COMPANY,
TRICHUR

(A Charitable Institution Incorporated in 1919 A. D.
under Sec. 25 of the Companies Act.)

A premier institution conducting long term kuries under Cochin Kuries Act of 1107 M. E.

DHARMMODAYAM

★ Helps the Poor

★ Aids Education

★ Encourages Industry

BOARD OF DIRECTORS:

1. P. O. ANTHONY, Chairman of the Board of Directors.

TRUSTEES:

2. C. T. Chakkunny
3. C. D. Francis
4. P. A. Kurian
5. C. L. Joseph

DIRECTORS:

6. C. O. Anthony
7. C. J. Paul B. A., B. L.
8. P. J. Kunjuvaried
9. C. C. George, M.A., L L.B.
10. A. C. Sebastian
11. C. P. Maney, B. A.
12. A. F. Kakkappan, B.A.B.L.
13. C. A. Mathew B. A.
14. P. T. Manuel
15. T. L. Kochudevassy

തൃശ്ശൂർ ത്രുപതയിലെ

ഫ്രാ. മൂ. സഭയുടെ ചരിത്രം

കാലത്തിന്റെ നടപ്പാതയിൽ പുറകോട്ട തിരിഞ്ഞുനോക്കുമ്പോൾ തെളിഞ്ഞുകാണുന്ന മൈൽക്കുറ്റി 1946 ആണ്. വി. ഫ്രാൻസീസിന്റെ ജീവിതത്താൽ ആകൃഷ്ടനായി അദ്ദേഹത്തിന്റെ ചൈതന്യത്തിൽ ജീവിക്കുന്നതിനും അതേ അത്മപി കൂട്ടംബാരാമങ്ങളിൽ പുലർത്തുന്നതിനുമായി മുന്നോട്ട വന്ന വ്യക്തി അരനാട്ടുകരയിലെ മി. സി. ആർ. ദേവസ്സി ആയിരുന്നു. മഞ്ഞുകാലാരംഭത്തിന്റെ തുടക്കത്തിൽ അദ്ദേഹവും ഏതാനും സതീർത്ഥ്യരും ഒന്നിച്ചുകൂടി ആലോചിച്ചു, സന്യാസാത്മപി എങ്ങനെ കൂട്ടംബജീവിതത്തിൽ പുലർത്താമെന്നു. അവരുടെ ആലോചനാഫലമായിട്ടാണ ഫ്രാ. മൂന്നാം സഭ ഇവിടെ രൂപംകൊണ്ടതു. അന്നു കപ്പൂച്ചിൻ വൈദികരുടെ സങ്കേതം കൊല്ലത്തു മാത്രമായിരുന്നു. പരേതനായ ശ്രീ. സി. ആർ. ദേവസ്സി ഭാവിപരിപാടികൾക്കായി കൊല്ലത്തു പോകുകയും വേണ്ട നിർദ്ദേശങ്ങളും നിയമങ്ങളുംകൊണ്ടു തിരിച്ചുവരികയുംചെയ്തു. ഇതിനെല്ലാംവേണ്ട ഒത്താശയും പ്രേരണയും നൽകിയതു് അന്നു് എൽത്തുരുത്തു കോവേന്തയിലെ ഫാ. ജെനേസിയൂസ് ആയിരുന്നു.

1946 ഡിസംബറിൽ അന്നത്തെ തൃശ്ശൂർ മെത്രാനായ മാർ ജോജ്ജ് ആലപ്പാട്ട തിരുമേനിയുടെ രേഖാമൂലമുള്ള അനുമതിയോടെ എൽത്തുരുത്തു സന്യാസാശ്രമത്തിൽ ഫ്രാ. മൂ. സഭയുടെ പ്രഥമയൂണിറ്റു സ്ഥാപിതമായി— ഫാ. ഇഗ്നേഷ്യസ് O. F. M. Cap. ആണു് അംഗങ്ങളെ സ്വീകരിച്ചതു്. ആദ്യത്തെ ഡയറക്ടർ ഫാ. ജെനേസിയൂസും പ്രസിഡണ്ടു് ശ്രീ. സി. ആർ. ദേവസ്സിയുമായിരുന്നു. അങ്ങനെ പിറവിക്കാലത്തുതന്നെയാണു് തൃശ്ശൂർ ത്രുപതയിൽ ഫ്രാ. മൂ. സഭയും ജന്മംകൊണ്ടതു്. തൃശ്ശൂർനിന്നും പ്രാന്തപ്രദേശങ്ങളിൽനിന്നുമായി ഏകദേശം 80 പേർ അംഗങ്ങളായി ചേർന്നു.

മാസാദ്യഞായറാഴ്ചകളിൽ കാലത്തു കോവേന്തയിൽ അംഗങ്ങൾ വന്നുചേരും; സന്ധ്യയോടെ തിരിച്ചുപോകയായിരുന്നു പതിവു്. ധ്യാനം, ഉപദേശം, കുമ്പസാരം, കുർബാന തുടങ്ങിയ ഭക്തികൃത്യങ്ങൾക്കായിരുന്നു പ്രാധാന്യം. പിന്നീടു ചർച്ചയും ഉണ്ടാകുമായിരുന്നു. അങ്ങനെ ഈ മൂ. സഭാതരു ഈ മണ്ണിൽ വളരാൻ തുടങ്ങി. പില്ലാലത്തു് ഈ അംഗങ്ങളിൽ ചിലർക്കു ദൈവവിളിയുണ്ടായി എന്നതു സഭാചൈതന്യത്തിന്റെ പ്രതീകമായി നിലകൊള്ളുന്നു. ഫാ. ആൻറണി ജോൺ, ഫാ. പോൾ പൂവത്തിങ്കൽ തുടങ്ങിയ ത്രുപതാ വൈദികരും, ഫാ. തോമസ്മൂർ O. F. M. Cap., ബ്രദേഴ്സ് ജോസ് കുറുക്കാരൻ, വിൻസെന്റു് കൊള്ളന്നൂർ. റവ. ബ്രദർ ബെരാർദ്—മരിയാപുരം സുപ്പീരിയർ, ഫാ. ഫ്രാൻസീസ് കരിയിൽ സി. എം. ഐ. തുടങ്ങിയവരും മൂ. സഭയുടെ ആദ്യമക്കളാണു്.

1948ലാണു് കപ്പൂച്ചിൻ സഭയുടെ ജനറാളച്ചൻ ഈ വഴി കടന്നുപോയതു്. അദ്ദേഹത്തെ വേണ്ടവിധം സ്വീകരിക്കാനും ബഹുമാനിക്കാനും അംഗങ്ങൾ മടിച്ചില്ല. അന്നു മെത്രാന്റെ അദ്ധ്യക്ഷതയിൽ മെഡലിക്കോട്ട ഹാളിൽക്കൂടിയ സമ്മേളനം ഇന്നും അവിസ്മരണീയമായി നിലകൊള്ളുന്നു.

മൂ. സഭയുടെ ചരിത്രത്തിലെ മറെറാരു നാഴികക്കല്ലാണു് 1949. ആ വർഷമാണു് റോമിൽ നിന്നും കാനോനികാംഗീകാരം ലഭിച്ചതു്. അംഗങ്ങളുടെ കാര്യങ്ങൾ അന്വേഷിച്ചിരുന്നതു ഫാ. ജെനേസിയൂസ് ആയിരുന്നെങ്കിലും, കൊല്ലം ആശ്രമാധിപനും സഭയുടെ കമ്മീസറി പ്രൊവിൻഷ്യലുമായിരുന്ന ഫാ. ഊർബൻ ഈ യൂണിറ്റു് ഇടയ്ക്കിടെ സന്ദർശിക്കുമായിരുന്നു.

1950 സഭയുടെ വളർച്ചയുടെ മറെറാരു ഘട്ടമായിരുന്നു. അക്കാലത്താണു് തൃശ്ശൂർ ത്രുപതയിലെ

പലേ ഇടവകകളിലും കപ്പൂച്ചിൻ മിഷൻധ്യാനം നടത്തപ്പെട്ടതും പലേടത്തും സത്യാരാധനാസഖ്യം സ്ഥാപിതമായതും. അചിരേണ ഈ സഖ്യങ്ങളും അതാതിടത്തെ ഫ്രാ. മൂ. സഭാ യൂണിറ്റുകളായി മാറി. തൃശ്ശൂർ, വടക്കാഞ്ചേരി, പുതുക്കാട്, പറപ്പൂക്കര എന്നീ സ്ഥലങ്ങളിൽ യൂണിറ്റുകളുണ്ടായി.

ഈ കാലഘട്ടത്തിന്റെ മറ്റൊരു പ്രത്യേകത വൈദികവിദ്യാർത്ഥികളും വൈദികർതന്നെയും മൂ. സഭയിലേയ്ക്ക് ആകർഷകരായി എന്നതാണ്. സഭാംഗങ്ങളായ വൈദികർക്കായി കാൽവരിയിൽ മൂന്നു മാസത്തിലൊരിക്കൽ ധ്യാനം നടത്തുക പതിവായിരുന്നു.

1961 ആയപ്പോഴേയ്ക്കും യൂണിറ്റുകളും പെരുകി. മാത്രമല്ല സ്ത്രീകൾക്കു തനിച്ചുള്ള യൂണിറ്റുകളും രൂപംകൊണ്ടു. അംഗങ്ങളും വർദ്ധിച്ചതുമൂലം രൂപതാക്കമ്മിറ്റി രൂപീകരിക്കേണ്ടിവന്നു. വർഷംതോറും തിരുനാളാഘോഷവും തുടങ്ങി. ആദ്യത്തെ രൂപതാക്കമ്മിറ്റി പ്രസിഡണ്ടായി ബ്രു. C. C. തോമസ് തെരഞ്ഞെടുക്കപ്പെട്ടു. ഇന്നും അദ്ദേഹംതന്നെയാണു പ്രസിഡണ്ടുസ്ഥാനം വഹിക്കുന്നതു്.

ഫ്രാ. മൂ. സഭയുടെ ആന്തരികവളർച്ചയുടെ ലക്ഷണമാണു തോപ്പിൽ വർഷംതോറും നടന്നുവരുന്ന ഏകാന്തധ്യാനങ്ങളും—1961 മുതല്ക്കാണ് ഈ സംരംഭം തുടങ്ങിയതു്.

ഫ്രാ. മൂ. സഭ വ്യാപകമായതോടൊപ്പം അംഗങ്ങളുടെ ആത്മവിശുദ്ധീകരണത്തിനും ആന്തരികവളർച്ചയ്ക്കും ഉപയുക്തമാകുമാറു് ഉപദേശങ്ങളും സന്ദേശങ്ങളും കമ്മിസറിമാർ നൽകാൻ തുടങ്ങി.

രണ്ടാം വത്തിക്കാൻ കൗൺസിൽ മൂ. സഭയുടെ ഘടനയിലും അംഗങ്ങളുടെ വീക്ഷണത്തിലും മനോഭാവത്തിലും വ്യതിയാനം വരുത്തുകയുണ്ടായി. അസ്സീസിതനയരിൽ സാമൂഹ്യാവബോധം ഏറിവന്നു. സഭാംഗങ്ങൾ തങ്ങളുടെ കാര്യത്തിൽ മാത്രമല്ല തങ്ങളോടു ബന്ധപ്പെട്ട മറ്റുള്ളവരുടെ സാമൂഹികക്ഷേമത്തിലും തല്പരരാകണമെന്ന ചിന്ത പടർന്നു. തൽഫലമായി പല സാമൂഹികക്ഷേമപദ്ധതികളും രൂപം കൊണ്ടു. — ബൈബിൾ വിതരണം, മേഖലാസമ്മേളനം, ഏകാന്തധ്യാനങ്ങൾ, സെമിനാറുകൾ തുടങ്ങിയവ ആത്മവിശുദ്ധീകരണാർത്ഥം നടന്നുവരുമ്പോൾ, വിവാഹസഹായനിധി, ഭവനനിർമ്മാണം, സംഭാവനാ നറുക്കെടുപ്പ്, Save a family programme, വിദ്യാഭ്യാസപദ്ധതി തുടങ്ങിയവയും സമൂഹത്തിന്റെ ക്ഷേമത്തെ മുൻനിർത്തി അംഗങ്ങൾ ചെയ്യുവരുന്ന പ്രവർത്തനങ്ങളാണ്.

അത്തരം പ്രവർത്തനങ്ങൾ ഇന്നും തുടർന്നു വരുന്നു:

ഞങ്ങളുടെ കമ്മിസറിമാർ

1. റവ. ഫാ. ജെനേസിയൂസ് (1946–1950)
2. റവ. ഫാ. ലിയോ. O. F. M cap. (1950–55, 1961–65)
3. റവ. ഫാ. ജെരാർദ്. O. F. M cap. (1955–61)
4. റവ. ഫാ. തോമസ്മൂർ. O. F. M cap. (1965–)

Diocian Committee 1969—72

PRESIDENT– Br. C. C. Thomas B. A. B. T.

VICE PRESIDENT:

1. Br. P. A. Thomas
2. Sr. K. K. Annakutty

GENERAL SECRETARY:

Br. Jose Neelamkavil B. A. B. T.

JOINT SECRETARY:

Sr. Mary Therattil B. A. B. T.

TREASURE: Br. N. L. Jose

MEMBERS:

1. Br. C. P. Iyyappen
2. Br. A. J. Chacko
3. Br. P. J. Varghese
4. Br. P. O. Antony
5. Sr. Sosama Mathew
6. Sr. Ittianam Vargese
7. Sr. K. L. Mary
8. Sr. A. V. Kunanjnam B. A.
9. Br. E. P. George B. A. B. L.

SP. DIRECTOR

Rev. Fr. Thomas Moore O. F. M. Cap

ഫ്രാൻസിസ്കൻ ജൂബിലി

1968 – കേരളത്തിലെ ഫ്രാൻസിസ്കൻ മൂന്നാം സഭോചരിത്രത്തിന്റെ താളുകളിൽ തങ്കലിപികളാൽ ഒരു പുത്തൻ അദ്ധ്യായം എഴുതിച്ചേർക്കപ്പെട്ട അവിസ്മരണീയമായ വർഷം! 1868–ൽ കേരളത്തിന്റെ ഫലഭൂയിഷ്ഠമായ മണ്ണിൽ നട്ടു നനച്ചു വളർത്തിയ ഫ്രാൻസിസ്കൻ സഭയാകുന്ന വൃക്ഷം ഇന്നു ശാഖോപശാഖയായി വളർന്നു പന്തലിച്ചു പുഷ്പിച്ചു കേരളത്തിന്റെ നാനാഭാഗങ്ങളിലും പരിമളം പരത്തിക്കഴിഞ്ഞു. ഇന്നതിനെ ലോകത്തിലെ വൻപ്രസ്ഥാനങ്ങളിൽ ഒന്നായിട്ടാണു കരുതി വരുന്നതു്.

ഉൽഘാടനകർമ്മം

1968 ഒക്ടോബർ 5, 6 എന്നീ തീയതികളിലാണു് തൃശ്ശൂർ ത്രുപതയിലെ മൂന്നാം സഭോദ്ഭൂതങ്ങളും ശതാബ്ദിജൂബിലി വൻതോതിൽ ആഘോഷിക്കുകയുണ്ടായതു്. രണ്ടു ദിവസം നീണ്ടുനിന്ന ജൂബിലിമഹാമഹത്തിന്റെ ഉൽഘാടനകർമ്മം ഒക്ടോബർ 5–ാംനു- സായാഹ്നവേളയിൽ തൃശ്ശൂർ ത്രുപതയുടെ വികാരി ജനറലായ മോൺ സിഞ്ഞോർ സക്കറിയാസ് വാഴപ്പിള്ളി അവർകളാണു നിർവ്വഹിച്ചതു്. തുടർന്നുണ്ടായ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ''ലോകത്തിന്റെ മദ്ധ്യേ സുവിശേഷാനുസരണം ജീവിക്കുവാൻ അൽമേനികളെ സഹായിക്കുന്ന മൂന്നാം സഭയിലെ അംഗങ്ങളും അതിന്റെ സ്ഥാപകനായ വി. ഫ്രാൻസിസിന്റെ ത്യാഗമോഹനമായ ജീവിതത്തിന്റെ പാദമുദ്രകളും പിഞ്ചെന്നു് യഥാർത്ഥ ക്രീസ്തീയജീവിതം നയിക്കണമെന്നു് ഉദ്ബോധിപ്പിക്കുകയും ജൂബിലി മംഗളങ്ങളും നേരുകയും ചെയ്തു.

സന്ദർശനം

മൂന്നാം സഭാംഗങ്ങളും തങ്ങളുടെ പിതാവായ ഫ്രാൻസിസ് നൽകിയ മാതൃകയനുസരിച്ചു് ഏതാനും ചില സാധുസംരക്ഷണ കേന്ദ്രങ്ങളും സന്ദർശിക്കുകയും അന്തേവാസികൾക്കു സമ്മാനങ്ങളും നൽകുകയുമുണ്ടായി. St. Anne's Institue, St. Mary's Orphanage, Christ Villa, Damien institute, Civil Hospital, Mission Hospital, Viyoor Jail തുടങ്ങിയവ സന്ദർശന സ്ഥലങ്ങളിൽ ഉൾപ്പെടുന്നു. മൂന്നാം സഭാംഗങ്ങളും തൃശ്ശൂരിലും അതിന്റെ പരിസരപ്രദേശങ്ങളിലുമായി 120 പറ അരി വിതരണം ചെയ്യുകയുണ്ടായി.

സ്റ്റഡിക്ലാസ്സുകൾ

ഒക്ടോബർ 5–ാംനു- സായാഹ്നവേളയിലെ ദീപസ്തംഭമെന്നപോൽ പ്രകാശിക്കുന്നതു് Rev. Dr. Samuel Royan S J. നേതൃത്വം നൽകിയ രണ്ടു സ്റ്റഡിക്ലാസ്സുകളാണു്. ''വി. ഫ്രാൻസിസും സുവിശേഷാത്മകമായ ജീവിതവും'' ''അൽമായരും ആദ്ധ്യാത്മികജീവിതവും'' എന്നീ വിഷയങ്ങളുടെ നാനാവശങ്ങളും പരാമർശിച്ചു് അദ്ദേഹം ഉജ്ജ്വലമായ പ്രസംഗങ്ങളും നടത്തുകയുണ്ടായി. കളഗാനങ്ങളും മുഴക്കുന്ന പറവകളും — കണ്ണും കരളും കവരുന്ന വെണ്ണിലാവും വെള്ളിനക്ഷത്രവും — പൊൻകിരണങ്ങളും വീശി വിലസുന്ന സൂര്യനും — ജലജീവികളും എന്നല്ല, എല്ലാ സൃഷ്ടിജാലങ്ങളെയും സഹോദരീസഹോദരന്മാരായി കരുതുന്ന വി. ഫ്രാൻസിസിന്റെ സുവിശേഷാത്മകമായ ജീവിതത്തെ മൂന്നാം സഭാംഗങ്ങളും അനുകരിക്കണമെന്നു് അദ്ദേഹം ഊന്നിപ്പറയുകയുണ്ടായി.

അദ്ദേഹം തുടർന്നു: ''ഫ്രാൻസിസ്കൻ ചൈതന്യം പരത്തുവാൻ മൂന്നാം സഭാംഗങ്ങൾ തങ്ങളുടെ ജീവിതമാതൃകകൊണ്ടും പ്രവർത്തനംകൊണ്ടും പരിശ്രമിക്കണം. സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും ആത്മാർത്ഥതയുടേയും ഫലങ്ങൾ ഒരു മൂന്നാം സഭാംഗത്തിന്റെ ജീവിതത്തിൽ ദൃശ്യമാകണം. നിങ്ങളുടെ ആദ്ധ്യാത്മികചൈതന്യത്തിൽ നിങ്ങളുടെ ബന്ധുക്കളേയും നിങ്ങളുമായി

ബന്ധപ്പെട്ട എല്ലാവരേയും ഭാഗഭാക്കുകളാക്കുകയും അവരെ വികസിതങ്ങളായ പ്രവർത്തനങ്ങളിലേയ്ക്ക് ആനയിക്കുകയും ചെയ്തുകൊണ്ട് അവരുടെയിടയിൽ പുളിമാവായി നിങ്ങൾ വർത്തിക്കണം.'' തുടർന്ന വിജയകരമായ രീതിയിൽ ചർച്ചയും നടക്കുകയുണ്ടായി.

സമൂഹബലിയും പുതിയ അംഗങ്ങളുടെ സ്വീകരണവും

ഒക്ടോബർ 6-ാംനു- കാലത്ത് അഭിവന്ദ്യ പിതാവിന്റെ പ്രധാന കാർമ്മികത്വത്തിൽ സമൂഹബലി നടത്തുകയും അതിനെത്തുടർന്ന് 200 പുതിയ അംഗങ്ങളെ പിതാവുതന്നെ മൂന്നാം സഭയിൽ സ്വീകരിക്കുകയും ചെയ്തു. ''സുവിശേഷാദർശങ്ങൾ പ്രാവർത്തികമാക്കി ജീവിക്കുക'' എന്ന, ഫ്രാൻസിസ്കൻ മൂന്നാം സഭയുടെ ദൗത്യനിർവ്വഹണത്തിനായി തങ്ങളുടെ വീരോചിതമായ പ്രവൃത്തികളും മാതൃകാപരമായ ജീവിതവും വഴി അക്ഷീണയത്നം ചെയ്യാൻ — മൂന്നാം സഭയാകുന്ന മുന്തിരിത്തോപ്പിൽ ജോലിചെയ്യാൻ — നൂറ്റാണ്ടുകൾക്കു മുമ്പു ലോകത്തോടു വിട വാങ്ങിയ വി. ഫ്രാൻസിസിന്റെ വിജയക്കൊടിക്കീഴിൽ അണിനിരന്ന ധീരധീരം ജീവിതരണാങ്കണത്തിൽ അടരാടാൻ സന്നദ്ധരായി മുന്നോട്ടു വന്ന ചുറുചുറുപ്പുള്ള യുവതീയുവാക്കന്മാരുടെ ഉത്സാഹവും പ്രസരിപ്പും കാണികളുടെ ശ്രദ്ധയെ ആകർഷിക്കത്തക്കതായിരുന്നുവെന്നു ഇവിടെ പ്രത്യേകം പ്രസ്താവിക്കുന്നതിൽ ചാരിതാർത്ഥ്യമുണ്ട്.

പ്രതിനിധിസമ്മേളനം

പുതിയ അംഗങ്ങളുടെ സ്വീകരണത്തെത്തുടർന്ന കപ്പൂച്ചിൻ സഭയുടെ പ്രൊവിൻഷ്യലായ വെരി. റവ. ഫാ. ബർക്മാൻസ് അവർകളുടെ നേതൃത്വത്തിൽ പ. വ്യാകുലമാതാവിന്റെ

PHONE: SHOP 339 RES. 229

Best Complements of

V. P. LAZAR

GENERAL MERCHANTS and COMMISSION AGENTS, CHAVAKKAD,

KERALA STATE

Agents for: Sudha Vanaspathi, Vimala Refined Oil

Stockist for: India Cements

Dealers for: Indian Oil, Amaravathi Co-op. Sugar Mills Ltd.

With best Complements

from Phone: 866

JOS ENTERPRISES

MENTAL HOSPITAL ROAD

PUTHOLE, TRICHUR-4

Wholesale Dealers in: **HIDES AND RAW SHINS**

പള്ളിയിൽവെച്ചു നടന്ന പ്രതിനിധിസമ്മേളനത്തിൽ P. T. Chako M. A., L. S. P. Sc. (Louvain) 'ഇന്നത്തെ ലോകത്തിൽ മൂന്നാം സഭോംഗങ്ങളും നിവ്വഹിക്കേണ്ടതായ ദൗത്യത്തെപ്പറ്റി, പ്രൗഢഗംഭീരമായ തന്റെ പ്രസംഗത്തിൽ ഊന്നിപ്പറയുകയുണ്ടായി. അദ്ദേഹം തുടന്നു: ''മാനവരാശിയെ സുവിശേഷാനന്തരമായ ജീവിതത്തിലേയ്ക്കു് ആനയിക്കുന്നതുവഴിയാണു യഥാത്ഥനവീകരണവും നവോത്ഥാനവും സാധിക്കേണ്ടതു്. ഈ ലക്ഷ്യം കരഗതമാകാൻ എല്ലാവരും പരിശ്രമിച്ചു വിജയിക്കുമ്പോഴാണു സ്നേഹദോസ് വിഭാവനം ചെയ്ത നവോത്ഥാനം സംജാതമാകും.''

സമൂഹവിരുന്നു്

അന്നത്തെ പ്രധാന അതിഥിയായ തൃശ്ശൂർ രൂപതയുടെ വികാരി ജനറലായ വെരി. റവ. ഫാ. സക്കറിയാസ് വാഴപ്പിള്ളി അവർകളുടെ നേതൃത്വത്തിൽ നടന്ന സമൂഹവിരുന്നിൽ വൈദികരും കന്യാസ്ത്രീകളും അൽമേനികളും ഉൾപ്പെടെ 1000 ത്തോളം അംഗങ്ങളും സംബന്ധിക്കുകയുണ്ടായി.

റാലി

ജൂബിലിമഹാമഹത്തിന്റെ തൊട്ടുമുറിയെന്നപോൽ പ്രശോഭിക്കുന്നതു് അന്നു സായംകാലവേളയിൽ ലൂർദ്ദുഭദ്രോസനപ്പള്ളിയിൽനിന്നു പ. വ്യാകുലമാതാവിന്റെ പള്ളിയിലേയ്ക്കു കപ്പൂച്ചിൻ സഭോംഗമായ അഭിവന്ദ്യപിതാവു് ജോജ്ജ് ആലപ്പാട്ടു് അവർകളുടെ നേതൃത്വത്തിൽ നടത്തിയ 'റാലി'യായിരുന്നു. രൂപതയുടെ വിവിധ ഭാഗങ്ങളിൽനിന്നു പതിനായിരക്കണക്കിനു് അൽമേനികളും, ആയിരക്കണക്കിനു കന്യാസ്ത്രീകളും വൈദികരും വൈദികവിദ്യാത്ഥികളും, ഹൈസ്കൂൾ വിദ്യാത്ഥികളും പങ്കെടുത്ത റാലി തൃശ്ശൂർ പട്ടണം നാളതുവരെ ദശ്ചിച്ചിട്ടില്ലാത്തതും കാണികളുടെ കണ്ണും കരളും കവന്നൊട്ടുക്കാൻ പോന്നിയതുമായിരുന്നു. യുവത്വം തത്തിക്കളിക്കുന്ന യുവതീയുവാക്കന്മാരുടെ ആവേശം നിറഞ്ഞ മുദ്രാവാക്യങ്ങളും ഭക്തിരസം തുളുമ്പുന്ന ഗാനങ്ങളും ജപമാലയുടെ ഭക്തിനിർഭരമായ ഉച്ചാരണവും ഏതൊരുവനെയും രോമാഞ്ചകഞ്ചുകമണിയിക്കത്തക്കതായിരുന്നു.

പൊതുയോഗം

അന്നുച്ചകഴിഞ്ഞു് 5 മണിയോടുകൂടി പ. വ്യാകുലമാതാവിന്റെ പള്ളിയങ്കണത്തിൽവെച്ചു് അഭിവന്ദ്യ പിതാവു് ജോജ്ജ് ആലപ്പാട്ടു് അവർകളുടെ മഹനീയ അദ്ധ്യക്ഷതയിൽ പൊതുയോഗം കൂടുകയുണ്ടായി. നിർഭാഗ്യമെന്നു പറയട്ടെ. അന്നത്തെ സുപ്രസിദ്ധ പ്രാസംഗികനായ, കാലിക്കട്ടു് സവ്വകലാശാലയുടെ പ്രൊ—വൈസ് ചാൻസലറായ മിസ്റ്റർ കെ. സി. ചാക്കോ അവർകൾക്കു കൃത്യാന്തരബഹുലതകൊണ്ടു മൂലം സ്ഥലത്തെത്തി പ്രസംഗം നടത്താൻ സാധിച്ചില്ല. പ്രൊഫസ്സർ റോസ് വില്യംസ് ഇന്നത്തെ ലോകത്തിൽ മൂന്നാം സഭയുടെ ദൗത്യമെന്തെന്നു മൂന്നാം സഭോംഗങ്ങളെ ഉദ്ബോധിപ്പിക്കുകയുണ്ടായി. പ്രൊ. റോസ് വില്യംസ് തുടന്നു: ''മൂന്നാം സഭോംഗങ്ങളും സ്നേഹത്തിന്റെയും സഹനത്തിന്റെയും ദീപശിഖയേന്തി സേവനരംഗത്തേയ്ക്കു് ഇറങ്ങിപ്പുറപ്പെടണം. മറ്റുള്ളവരുടെ ഹൃദയവേദികകൾക്കുള്ളിൽ ആദ്ധ്യാത്മികതത്ത്വത്തിന്റെ പ്രകാശരശ്മികളും വിതറാൻ ആത്മാത്ഥമായി പരിശ്രമിച്ചേ മതിയാകൂ.

യോഗമദ്ധ്യത്തിൽവെച്ചു് അഭിവന്ദ്യപിതാവു് ഭവനനിർമ്മാണപദ്ധതിയുടെയും വിവാഹസഹായനിധിയുടേയും ഉൽഘാടനകർമ്മം നിവ്വഹിക്കുകയുണ്ടായി. മേൽപ്പറഞ്ഞ രണ്ടു സാമൂഹ്യപ്രസ്ഥാനങ്ങൾക്കുവേണ്ടി 65000ക. മാറിവെയ്ക്കുകയും ചെയ്തു.

വിവിധ കന്യകാലയങ്ങളിൽനിന്നും കാൽവരി ആശ്രമത്തിൽനിന്നും മറ്റു പല സ്ഥാപനങ്ങളിൽനിന്നുമുള്ള മനം മയക്കുവാൻ പര്യാപ്തമായ ചില കലാപരിപാടികളും യോഗത്തെ കൂടുതൽ മംഗളകരമാക്കിത്തീത്തു. റവ: ഫാദർ ഫൗസ്റ്റിൻ കപ്പൂച്ചിന്റെ തൂലിക കടഞ്ഞെടുത്ത ''ഒരു ഹൃദയവും രണ്ടു കണ്ണുകളും'' എന്ന നാടകം തൃശ്ശൂർ പ. വ്യാകുലമാതാവിന്റെ പള്ളിഇടവകയിൽപ്പെട്ട യുവത്തിടമ്പുകളും തന്മയത്വത്തോടുകൂടി അഭിനയിക്കുകയും അന്നത്തെ യോഗം പിറ്റെദിവസം രാവിലെ 2½ മണിയോടുകൂടി ശുഭമായി പര്യവസാനിക്കുകയുംചെയ്തു.

ദി കാത്തലിക് സിറിയൻ ബാങ്ക് ലിമിറ്റഡ്

തൃശ്ശിവപേരൂർ

(ഷെഡ്യൂൾഡ് ബാങ്ക്)

പുതിയ പ്രതിമാസലേലക്കുറി

ബാങ്കിന്റെ കോഴിക്കോട്ട് ബ്രാഞ്ചിൽനിന്നും 75,000ക. സലയോട്ട കൂടിയതും 100ക., 50ക., 25ക. എന്നീ സംഖ്യകളുടെ A. B. C. ക്ലാസ്സ് ടിക്കറ്റുകളുടങ്ങിയതുമായ ഒരു പ്രതിമാസലേലക്കുറി ഉടൻ ആരംഭിക്കുന്നു

കുറിയുടെ പ്രത്യേകതകൾ

a) ഓരോ ക്ലാസ്സും തിരിച്ചു ലേലംചെയ്യാവുന്നതാണ്.

b) ലേലാദായം എല്ലാ വരിക്കാക്കും സമമായി വീതിച്ചു കൊടുക്കുന്നതാകുന്നു.

c) കുറിതവണകളിൽ കൃത്യമായി സംഖ്യ അടയ്ക്കുന്ന, കിട്ടിയതും കിട്ടാത്തതുമായ വരിക്കാക്ക് ബോണസ്സ് നൽകപ്പെടുന്നതാണ്.

d) ഓരോ ക്ലാസ്സിൽ ഒന്നിൽ കൂടുതൽ നറുക്കുകൾ ചേർന്നിട്ടുള്ള വരിക്കാക്ക് അവർ ആദ്യലേലം വിളിച്ചുറപ്പിച്ച ടിക്കറ്റിന്റെ അതേ നിരക്കിൽത്തന്നെ അവർ ആവശ്യപ്പെടുന്നപക്ഷം, ബാക്കി ടിക്കറ്റുകളും ലേലമുറപ്പിച്ച് കൊടുക്കുന്നതാകുന്നു.


കൂടുതൽ വിവരങ്ങൾക്ക് ഹെഡാപ്പീസിലൊ, ബ്രാഞ്ചുകളിലൊ അന്വേഷിക്കുക.

തൃശ്ശിവപേരൂർ,
27—5—1972

എം. എ. നാരായണൻ,
B A. (London) A. I. B. (Cert) A. I. I. B.
ചെയർമാൻ

ജൂബിലി മഹാമഹം 1968


ഫ്രാൻസിസ്കൻ മൂന്നാം സഭയുടെ ശതാബ്ദജൂബിലി തൃശ്ശൂർ രൂപതയിൽ ആഘോഷിച്ചപ്പോൾ



ഉൽഘാടനപ്രസംഗം: മോൺ. സഖറിയാസ് വാഴപ്പിള്ളി


താഴെ പ്രസംഗങ്ങൾ:

1. പ്രൊ. പി. ടി. ചാക്കോ
2. ഡോ. സാമുവൽ രായൻ S. J.
3. പ്രൊ. റേസ് വിൽസൺ




അദ്ധ്യക്ഷവേദി

മദ്ധ്യത്തിൽ അദ്ധ്യക്ഷൻ: തൃശ്ശൂർ ബിഷപ്പ് ഡോ. ജോർജ്ജ് ആലപ്പാട്ട തിരുമേനി, കപ്പൂച്ചിൻ വേഷത്തിൽ. സമീപത്തു് പ്രൊവിൻഷ്യൽ ഫാ. ബർക്കുമെൻസ്




ജൂബിലി സമ്മേളനം --- ശ്രോതാക്കളുടെ ഒരു ദൃശ്യം.





സമ്മേളനത്തിനു മുമ്പ് ബിഷപ്പ് ആലപ്പാട്ട് തിരുമേനിയുടെ നേതൃത്വത്തിൽ
പൂർത്തീകരിച്ച പള്ളിയിൽനിന്നു പുറപ്പെട്ട റാലി.




റാലിയുടെ ഇതര ദൃശ്യങ്ങൾ








തൃശ്ശൂർ ബിഷപ്പിന്റെ നേതൃത്വത്തിൽ നടത്തിയ ജൂബിലിസ്മാരക സമൂഹബലി



സമൂഹബലിക്കുശേഷം 300 പുതിയ അംഗങ്ങളെ മൂന്നാം സഭയിലേയ്ക്ക് ഒന്നിച്ചു സ്വീകരിക്കുന്നു

കാൽവരി മൂന്നാം സഭ കമ്മിറ്റി ആദ്യാവസാന ഡിറക്ടർമാരുടെ കൂടെ



മൂന്നാം സഭയുടെ ആദ്യഡയറക്ടർ റവ. ഫാ. ജെനസീസ് C. M. I.യുടെ പൗരോഹിത്യ ജൂബിലി ആഘോഷിച്ചപ്പോൾ



രൂപതാ ഭാരവാഹികളും പഴയ പിതാവിനേറയും പുതിയ പിതാവിനേറയും കൂടെ



ജൂബിലി സമ്മേളനം

ബിഷപ്പ് ആലപ്പാട്ട്
അദ്ധ്യക്ഷപ്രസംഗം ചെയ്യുന്നു

പിതാവു പറഞ്ഞു:


''....പ്രേഷകർക്ക് ഉണവ്വും ഉത്തേജനവും നല്കിയ ഭക്തിനിർഭരമായ ഇന്നത്തെ റാലിയെ അഭിസംബോധനചെയ്യാൻ അവസരം ലഭിച്ചതിൽ ഞാൻ അഭിമാനംകൊള്ളുന്നു. ഈ വമ്പിച്ച ജനാവലി മൂന്നാം സഭയുടെ ചൈതന്യം പ്രകടമാക്കുന്നു.....

''....പ്രക്ഷോപണങ്ങളുടേതായ ഇക്കാലത്തു നമ്മുടെ നാട്ടിൽ ക്രിസ്തീയജീവിതം പുനരുദ്ധരിക്കുവാൻ ദൈവം തന്ന ഒരവസരമായിട്ടുകൂടി ഞാൻ ഈ ജൂബിലിയെ കണക്കിലെടുക്കുന്നു....


''....മൂന്നാം സഭാംഗങ്ങൾ ഫ്രാൻസിസ്കൻ ജീവിതരീതിയോടുള്ള തങ്ങളുടെ ആദരവും വിശ്വസ്തതയും മൂലവും, ക്രിസ്തുവിന്റെ ''പുതിയ പ്രമാണത്തി''ന്റെ അനുഷ്ഠാനത്തിൽക്കൂടിയും സഭയുടെ അദ്ധ്യാപനാധികാരത്തോടുള്ള അനുസരണത്താലും ബഹുമാനത്താലും, വിശ്വാസദീപം എന്നെന്നും നമ്മുടെ നാട്ടിൽ ജ്വലിപ്പിക്കട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു.''




പാലയൂർ പള്ളിയിൽ മൂന്നാം സഭക്കാർ
പണിതീർത്ത വി. അസ്സീസിയുടെ
ജൂബിലിസ്മാരക അംശാരം



വെ. റവ. ഫാ. ബെർണ്ണർമെൻസ്
O. F. M. (Cap.)
മൂന്നാം സഭയ്ക്കു പ്രോത്സാഹനം
തന്നനുഗ്രഹിച്ച
മുൻ പ്രൊവിൻഷ്യൽ



റവ. ഫാ. ക്ലോഡ്
O. F. M. (Cap.)
മുൻ കാൽവരി സുപ്പീരിയർ




പാവറട്ടി തീർത്ഥകേന്ദ്രത്തിൽ കൊല്ലംതോറും
നടത്തിവരുന്ന വിവാഹസഹായനിധിയിലെ
അംഗങ്ങൾക്കും അവരുടെ കുട്ടികൾക്കും നല്ല
പ്പെടുന്ന സമൂഹവിരുന്നു – ഒരു വീക്ഷണം



മൂന്നാം സഭയുടെ ആഭിമുഖ്യത്തിൽ കൊല്ലംതോറും
നടത്തപ്പെട്ടുവരുന്ന ഫൊക്കോലർ ക്യാമ്പിൽ
പങ്കെടുത്തവർ — (1971)



അഖിലേന്ത്യാ മൂന്നാം സഭാപ്രതിനിധികളും കമ്മിസറിമാരും ''കാൽവരി ശാന്തിഭവനി''ൽ സമ്മേളിച്ചപ്പോൾ.



തൃശ്ശൂർ ത്രുപതയിൽ ഫ്രാൻസിസ്കൻ മൂന്നാം സഭയിൽ ചേർന്നിട്ടുള്ള ബ. വൈദികരിൽ ചിലർ മോൺ. സഖറിയാസ് വാഴപ്പിള്ളി (വികാരി ജനറാൾ) യുടെ കൂടെ.

Report and Resolutions of the Third Order Commissaries' Seminar

The Interobedience council of Third Order from Rome issued a circular letter dated 27th June 1970, declaring the coming year 1971, the 750th anniversary of the foundation of T. O., as the Jubilee year to express our love and fidelity to Holy Mother the Church and to the Supreme Pontiff, and announcing the programme for the same. A meeting of the T. O. Commissaries was held on 3rd September at Coimbatore to consider the above-said circular. Fr. Jonathan presided over the meeting and Fr. Provincial attended it. To satisfy the demands of the circular, it was decided that a seminar be conducted in each region to study the "Pastoral Theology of T. O. F." Accordingly a seminar was convened by Fr. Thomas More, O. F. M (Cap) on the 14th and 15th of October, 1970 for the Commissaries (Spiritual Directors) throughout India There were 23 participants.

Fr. Provincial opened the Seminar by giving an introductory talk on the "Relevance and place of T O. in the Post-Vatican era". He stressed that it was the task of the T. O. to strive to create a better Christian Community in a parish and function as an instrument to effect spiritual renewal and social justice.

	Topic		Given by
1.	Gospel life for today's laymen	....	Fr. Oswald
2.	Relevance of the Franciscan charism for laymen	....	Fr. Augustine
3.	Franciscan spirituality for laymen	....	Fr. Hippolytus
4.	Franciscan leaven in a parish community	....	Fr. Jonathan
5.	Revitalizing the ministry of the commissaries	....	Fr. Vincent

After each talk, there was a discussion of 45 minutes on that topic. This was followed by a Panel discussion as follows:

1.	Fr. Leo	....	"My experience in T. O. work."
2.	Fr. Ferdinand	....	"What T. O. can contribute to the spiritual life of a parish."
3.	Fr Aruldas	....	"Monthly meetings and visitation by the commissaries."
4.	Fr. Thomas More	....	"Socio-Pastoral activities."
5.	Fr. Zachary	....	"The relation of the commissaries with the local directors."

After the panel discussions, there was a general assembly which concluded the seminar at 5-30 p. m. on the 15th of October. There emerged the following resolutions:

1. The participating commissaries are convinced of the relevence of the Third Order to modern times for the renewal of Christian life and decide to work wholeheartedly for its revitalization and extension as a lay Franciscan movement.

2. That the 'signs of the times' manifested in the different aspirations of the modern man clearly point to the Franciscan charism of openness to the spirit of Christ in detachment and self-giving in the context of a layman's life in the world, as most relevant to the process of renewal so much desired by the Church.

3. Accordingly a committee has been appointed to propose concrete ways of actualizing the Franciscan charism in the structure, life and apostolate of the Third Order.

4 The seminar also recommends: a) that one day be set apart during the Theological Refresher course for discussing the nature of the T. O. b) That the T O commissaries be given sufficient freedom and warm encouragement by the local superiors and confreres in their work.

5. In order to celebrate the 750th anniversary of the foundation of the Third Order with befitting solemnity, a committee which will chalk out the necessary programme for the celebration has been chosen with the right of co-option.

മാധവ സ്പെഷൽ ഔഷധങ്ങൾ

മാധവ ബാലപീയൂഷം. എല്ലാവിധ ബാലരോഗങ്ങൾക്കും സിദ്ധൗഷധം.

മാധവ സരസപരിള. രക്തശുദ്ധിക്കും രക്തം ഉഷ്ണിച്ചുണ്ടാകുന്ന രോഗങ്ങൾക്കും അത്യുത്തമം.

മാധവ മാഹിഷദ്ധാവകം. എല്ലാവിധ വാതരോഗങ്ങൾക്കും സിദ്ധൗഷധം.

Governing Director & Chief Physician :
Poruthiyil Narayanan Vaidyar.

Madhava Pharmaceutical Laboratories
Ernakulam, COCHIN - 18

N. B. എല്ലാ ഇംഗ്ലീഷ് മരുന്നുഷാപ്പുകളിലും ആയുർവ്വേദ ഔഷധാലയങ്ങളിലും കിട്ടുന്നതാണ്.

അഖിലകേരള ഫ്രാൻസിസ്കൻ മൂന്നാം സഭാ സെമിനാർ

—— കുമാരി നൊറീൻ ഫെർണാൻറസ്, M. A. കൊല്ലം

കേരളത്തിൽ ഫ്രാൻസിസ്കൻ മൂന്നാംസഭയുടെ അതിപ്രധാനമായ ഒരു കാൽവയ്പായിരുന്ന 1971 സെപ്റ്റംബർ 3, 4, 5 എന്നീ തീയതികളിൽ തൃശ്ശൂർ കാൽവരി ആശ്രമത്തിൽവച്ചു നടന്ന അഖിലകേരള ഫ്രാൻസിസ്കൻ മൂന്നാം സഭാസെമിനാർ. കേരളത്തിലെ വിവിധരൂപതകളെ പ്രതിനിധീകരിച്ചു വിഭിന്ന തുറകളിൽ പ്രവർത്തിക്കുന്ന നൂറോളം സ്ത്രീ പുരുഷന്മാർ ഈ സെമിനാറിൽ സംബന്ധിക്കയുണ്ടായി.

ഉൽഘാടനം

3–ാം തീയതി വെള്ളിയാഴ്ച രാവിലെ 10 മണിക്കു തൃശ്ശൂർ മെത്രാൻ റൈറ്റ്. റവ. ഡോ. ജോസഫ് കണ്ടുകുളം സെമിനാർ ഉൽഘാടനം ചെയ്തു. പ്രഗത്ഭവും, പ്രബോധനാത്മകവുമായ ഒരു പ്രസംഗം നടത്തി സെമിനാറിൽ പങ്കെടുത്തവരെ പ്രബുദ്ധരാക്കുവാൻ തിരുമേനിക്കു് അധികസമയം വേണ്ടിവന്നില്ല. ഓരോ ഫ്രാൻസിസ്കൻ മൂന്നാം സഭാംഗവും വിശുദ്ധ ഗ്രന്ഥത്തിൽ ക്രിസ്തുമതത്തിനുള്ള 'പരസ്യ'ത്തിന്റെ നല്ല 'സാമ്പിളുകൾ' ആയിരിക്കണം എന്നു് ഉദ്ബോധനം തരപ്പെടുത്തി പറഞ്ഞു. 5–ാം തീയതി വൈകിട്ടു നടന്ന സമാപനച്ചടങ്ങിൽ ഒരുരാത്രി മൂന്നാം സഭാംഗവുംകൂടിയായ മുൻ തൃശ്ശൂർ ബിഷപ്പ് റൈറ്റ്. റവ. ഡോ. ആലപ്പാട്ടാണു് അദ്ധ്യക്ഷത്യം വഹിച്ചതു്. പ്രസംഗങ്ങൾകൊണ്ടു തൃപ്തിപ്പെടാതെ പ്രവർത്തനരംഗത്തിറങ്ങി ഈ സെമിനാറിന്റെ നല്ല ഫലങ്ങൾ പുറപ്പെടുവിക്കുവാൻ തിരുമേനി സഭാംഗങ്ങളോടു് ആഹ്വാനംചെയ്തു.

മാഗ്നിദ്ദേശം നല്കിയവർ

''ഫ്രാൻസിസ്കൻ മൂന്നാംസഭ ആധുനികലോകത്തിൽ,'' ''സമുദായനവീകരണത്തിൽ മൂന്നാം സഭയ്ക്കുള്ള സ്ഥാനം,'' ''സുവിശേഷവും വി. ഫ്രാൻസിസ്കും,'' ''മൂന്നാം സഭയുടെ ആരംഭവും വളർച്ചയും കേരളത്തിൽ,'' ''ഫ്രാൻസിസ്കൻ മൂന്നാം സഭയും അല്മായ നേതൃത്വവും,'' ''അല്മായ ഫ്രാൻസിസ്കൻ ആദ്ധ്യാത്മികത,'' ''ഫ്രാൻസിസ്കൻ മൂന്നാം സഭയും കുടുംബജീവിതവും,'' ''ഫ്രാ. മൂന്നാം സഭയും സാമൂഹ്യപ്രവർത്തനവും'' മുതലായ വിഷയങ്ങളെ ആസ്പദമാക്കി അഡ്വ. സി. വി. ജേക്കബ്, ഷെവ. കെ. സി. ചാക്കോ, ഫാ. ലൂക്കു് O. F. M. Cap., ഫാ. സി കസ്റ്റസ് O. F. M. Cap., ഫാ. ലിയോ O. F. M Cap , പ്രൊഫ. റോസ് വില്യംസ്, ഫാ. ഹിപ്പോളിറസ് O. F. M Cap., ബ്ര. മാത്തച്ചൻ കരുവിനാക്കുന്നേൽ, ബ്ര. വി. ജെ. വളവന്നു എന്നിവർ ക്ലാസ്സുകളെടുത്തു, മൂന്നാം സഭാംഗങ്ങൾക്കു ഫ്രാൻസിസ്കൻ ആദർശങ്ങളിൽ, ക്രിസ്തീയ ആദർശങ്ങളിൽ, അധിഷ്ഠിതമായ ജീവിതം നയിക്കുവാൻ ആത്മാർത്ഥതയോടെ, ത്യാഗബുദ്ധിയോടെ, പ്രേഷിതചൈതന്യത്തോടെ മാഗ്നിദ്ദേശം നല്കിയ ആ ഫ്രാൻസിസ്കൻ സഹോദരങ്ങളോടു് ഇന്നാട്ടിലെ ഫ്രാ. മൂന്നാം സഭ എന്നെന്നും കൃതജ്ഞതാബദ്ധരായിരിക്കും.

നൂറു നൂറു പ്രശ്നങ്ങൾ, ഒരു പിടി പ്രതിവിധികൾ

സെമിനാറിലെ പ്രസംഗങ്ങളെല്ലാംഇവിടെ വിവരിക്കുവാൻ സാദ്ധ്യമല്ലെങ്കിലും, അവയിലെ പ്രധാനാശയങ്ങൾ ചുരുക്കിപ്പറയാമെന്നു കരുതുകയാണു്. പുണ്യാഗ്രേസരനായ അസ്സീസിയിലെ വി. ഫ്രാൻസിസ്, മനഃശക്തി നഷ്ടപ്പെട്ടു് മഹനീയമായ യാതൊരു ലക്ഷ്യവുമില്ലാതെ പരക്കം പായുന്ന ആധുനികലോകത്തി

ന്ന് ഒരാശാകേന്ദ്രമാണ്. ഇന്നത്തെ ലോകത്തെ ഗ്രസിച്ചുകൊണ്ടിരിക്കുന്ന നിരീശ്വരത്വം, അഹങ്കാരം, സ്വാർത്ഥത, ധനതൃഷ്ണ, സുഖലോലുപത ആദിയായ തിന്മകൾക്കെതിരായ ദൈവസ്നേഹം, അനുസരണ, സ്വാർത്ഥപരിത്യാഗം, ദാരിദ്ര്യാരൂപി, ശുദ്ധത, പ്രായശ്ചിത്തം എന്നീ പുണ്യങ്ങൾ വി. ഫ്രാൻസിസിൽ പ്രകാശിച്ചിരുന്നു. അങ്ങനെയുള്ള ഒരു വിശുദ്ധന്റെ സഭ, അതായത് അസ്സീസിയിലെ വി. ഫ്രാൻസിസിന്റെ സഭ ആധുനികലോകത്തിൽ വളരെയധികം പ്രാധാന്യമർഹിക്കുന്നുണ്ട്. ഇന്നത്തെ യുവാക്കളെ ഫ്രാൻസിസ്കൻ കൊടിക്കീഴിൽ കൊണ്ടുവരുവാൻ കഴിഞ്ഞാൽ യുവതലമുറയിൽ ഇന്നു കാണുന്ന നൂറു നൂറു പ്രശ്നങ്ങൾക്കു പരിഹാരം കണ്ടെത്തുവാൻ സാധിക്കുകതന്നെ ചെയ്യും.

ദീപശിഖയേന്തിയ യുവനേതൃത്വം

യുവതീയുവാക്കന്മാർ ഫ്രാ. മൂന്നാം സഭയിലേയ്ക്ക് ആകഷ്ടിക്കപ്പെടണമെങ്കിൽ എളിമയും, വിധേയത്വവുമുള്ള നല്ല നേതാക്കന്മാർ മൂന്നാം സഭയിലുണ്ടായിരിക്കണം. ദൈവസ്നേഹം, സത്യസന്ധത, എളിമ, സ്വാർത്ഥപരിത്യാഗം, ക്ഷമ, സേവനൗത്സുക്യം, ദാരിദ്ര്യാരൂപി, പ്രാർത്ഥനയിലും മതാനുഷ്ഠാനങ്ങളിലുമുള്ള തീക്ഷ്ണത — ഇവയെല്ലാം അൽമായനേതൃത്വം വഹിക്കുന്ന ഓരോ ഫ്രാ. മൂന്നാം സഭാംഗത്തിൽനിന്നും, പ്രത്യേകിച്ചു മൂന്നാം സഭയുടെ ഉദ്യോഗസ്ഥാംഗങ്ങളിൽ നിന്നും പ്രതീക്ഷിക്കപ്പെടുന്നു. മാതൃകാപരമായ ഒരു ജീവിതമായിരിക്കണം ഓരോ മൂന്നാം സഭാംഗവും നയിക്കേണ്ടത്. ക്രിസ്തുതെളിയിച്ച സ്വർഗ്ഗീയദീപശിഖയിൽനിന്നുള്ള പ്രകാശം നൂറാണ്ടുകൾക്കുശേഷം വി. ഫ്രാൻസിസ് — അതെ, മറെറാരു 'ക്രിസ്തു' — തന്റെ ജീവിതത്തിലൂടെ ലോകമെങ്ങും പരത്തി, തിന്മയുടെ അന്ധകാരത്തെ മുഖത്തുനിന്നു തുടച്ചു മാറ്റുന്നതിനായി. വി. ഫ്രാൻസീസ്സിന്റെ പുണ്യജീവിതത്തെ അനുകരിച്ചുകൊണ്ട്, ക്രിസ്തുവിന്റെ ദിവ്യാദർശങ്ങൾക്ക് അനുസൃതമായ ജീവിതം നയിക്കേണ്ടവനാണ് ഒരു ഫ്രാ. മൂന്നാം സഭാംഗം. അങ്ങനെ സ്വയം വിശുദ്ധീകരിക്കുന്നതോടൊപ്പം അവൻ ചുറ്റുമുള്ള സഹോദരങ്ങളേയും വിശുദ്ധിയിലേയ്ക്ക് ആനയിക്കണം.

വിശുദ്ധിയും വിശ്വസാഹോദര്യവും

ദൈവികപ്രഭാവത്തിനു മുന്നിൽ സൃഷ്ടി എന്നുള്ള ഭാവം — അതാണ് വിശുദ്ധി. അസ്സീസിയിലെ വി. ഫ്രാൻസീസിൽ ഈ 'ഭാവം', അതായത് വിശുദ്ധി, വർണ്ണനാതീതമായ തോതിൽ ദൃശ്യമായിരുന്നു. ആ പുണ്യശ്ലോകന്റെ വിശുദ്ധിയും വിശ്വസാഹോദര്യവുമാണ് ഫ്രാൻസിസ്കൻ ആദ്ധ്യാത്മികതയും. ശത്രുവിനേയും, മിത്രത്തേയും സ്നേഹിച്ചുകൊണ്ട്, ദൈവസ്നേഹത്തിന്റെയും, പരസ്നേഹത്തിന്റെയും ചൂളയിൽ നീറി നീറി വിശുദ്ധീകരിക്കപ്പെടുമ്പോൾ മനുഷ്യനിൽ രൂപാന്തരം സംഭവിക്കുന്നു. അവനും 'മറെറാരു ക്രിസ്തു'വായി, മറെറാരു ദൈവപുത്രനായിത്തീരുന്നു. വി. ഫ്രാൻസീസ് പരിശുദ്ധമായ ഒരു ജീവിതപന്ഥാവ്, വിശ്വസാഹോദര്യത്താൽ പ്രശോഭിതമായ ഒരു ജീവിതപന്ഥാവ്, ലോകത്തിനു ചൂണ്ടിക്കാട്ടി. ആ പാതയിലൂടെ തീർത്ഥയാത്ര ചെയ്തുകൊണ്ട് തനിക്കും തന്റെ സമസൃഷ്ടങ്ങൾക്കും ശാശ്വതമഹത്വം നേടിയെടുക്കേണ്ടവനാണ് ഒരു ഫ്രാൻസിസ്കൻ സഭാംഗം.

കാത്തലിക് യൂണിയൻ ചിട്ടീസ് ക്ലിപ്തം, മാള

ഫോൺ : 48

● 43--ൽ പരം കൊല്ലത്തെ മഹനീയ പാരമ്പര്യമുള്ള ഒരു മികച്ച കുറി സ്ഥാപനം.

● പുതിയ ഒരു മാസക്കുറിയുടെ ആരംഭം ഉടൻ പ്രതീക്ഷിക്കാം.

● എല്ലാവരുടേയും സഹായസഹകരണങ്ങൾ അഭ്യർത്ഥിച്ചുകൊള്ളുന്നു.

എം. ടി. സാനി, മാനേജർ.

മാതൃകാകുടുംബങ്ങൾ

ഫ്രാ. മൂന്നാം സഭോംഗങ്ങളുടെ കുടുബങ്ങളും മാതൃകാകുടുംബങ്ങളായിരിക്കണം. നസ്രത്തിലെ വിശുദ്ധ കുടുംബത്തിന്റെ ഒരു പ്രതീകമായിരിക്കണം ഒരു മൂന്നാം സഭോംഗത്തിന്റെ കുടുംബം. അവിടെ നാരകീയശക്തികൾക്കു പ്രാബല്യമുണ്ടാകുവാൻ പാടില്ല. ദൈവവിശ്വാസം, പ്രാർത്ഥന, പ്രായശ്ചിത്തം, സാഹോദര്യം, എളിമ, ശുദ്ധത, അനുസരണ, വരപ്രസാദം എന്നിവയുടെ വിളനിലങ്ങളായിരിക്കണം ഫ്രാൻസിസ്കൻ കുടുംബങ്ങളും. ആ കുടുംബങ്ങളിലെ അംഗങ്ങളും ചാഞ്ഞും, ചരിഞ്ഞും ജീവിക്കാതെ ജോബിനെപ്പോലെ അടിയുറച്ച ദൈവവിശ്വാസികളായിരിക്കണം. മറ്റു കുടുംബങ്ങളെ ദൈവത്തിലേയ്ക്കു് ആനയിക്കുവാൻ അതു സഹായിക്കും.

ആന്തരികൈക്യം

പ്രാർത്ഥനയും, പ്രവർത്തനവും ഒത്തിണങ്ങിയതായിരിക്കണം ഒരു ഫ്രാ. മൂന്നാം സഭോംഗത്തിന്റെ ജീവിതം. മൂന്നാം സഭോംഗങ്ങളെ സംബന്ധിച്ചിടത്തോളം പ്രാർത്ഥനയില്ലാത്ത പ്രവർത്തനവും, പ്രവർത്തനമില്ലാത്ത പ്രാർത്ഥനയും വെറും 'പൂജ്യങ്ങളാ'ണു്. സ്ഥലകാലങ്ങൾക്കു് അനുയോജ്യമായ പ്രവർത്തനങ്ങൾ കണ്ടുപിടിച്ചു ചെയ്യുവാനും, സാമൂഹ്യപ്രവർത്തനരംഗങ്ങളിൽ രക്ഷാധികാരമനോഭാവം മാറ്റി സമത്വത്തിന്റെ സാഹചര്യം സൃഷ്ടിക്കുവാനും മൂന്നാം സഭോംഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കണം. പ്രാർത്ഥനാത്മകമായ ഒരു ജീവിതം നയിച്ചുകൊണ്ടായിരിക്കണം ഓരോ പ്രവർത്തനവും മുന്നോട്ടു കൊണ്ടുപോകേണ്ടതു്.

ചർച്ചകളും പഠനവും

സെമിനാറിൽ സംബന്ധിച്ചവർ ''വർക്കു് ഷോപ്പു''കളായിത്തിരിഞ്ഞു്, പ്രാസംഗികർ അവതരിപ്പിച്ച വിഷയങ്ങളെക്കുറിച്ചു ചർച്ചകൾ നടത്തുകയുണ്ടായി. അംഗങ്ങൾ തമ്മിൽ ഫ്രാൻസിസ്കൻ സാഹോദര്യത്തിന്റെ അരൂപിയിൽ കൂടുതൽ അടുക്കുന്നതിനും, കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നടക്കുന്ന മൂന്നാം സഭാപ്രവർത്തനങ്ങളെപ്പറ്റി അറിയുന്നതിനുമുള്ള അവസരം അംഗങ്ങൾക്കുണ്ടായി എന്നുള്ളതു് ഈ ചർച്ചകളുടെ ഒരു നേട്ടമാണു്.

വിജയകരമായ ഒരു സെമിനാർ

സെമിനാറിൽ പങ്കെടുത്തവരെ സംബന്ധിച്ചിടത്തോളം ആ മൂന്നു ദിവസങ്ങളും അവരുടെ ജീവിതത്തിലെ അതിപ്രധാനദിനങ്ങളും തന്നെയായിരുന്നു. പലപല നൂതനാശയങ്ങളും മനസ്സിലാക്കുന്നതിനും, ആദ്ധ്യാത്മികമായി വളരെയധികം വളരുന്നതിനും മൂന്നാം സഭോംഗങ്ങൾക്കു കഴിഞ്ഞു. ഇന്നു പലരും ധരിച്ചിരിക്കുന്നതു് മതപരമായ സെമിനാറുകൾ വെറും 'ബോറടി'യാണെന്നും, സെമിനാർ ദിവസങ്ങൾ വിരസങ്ങളായിരിക്കും എന്നും മറ്റുമാണു്. എന്നാൽ അതൊരു തെറ്റായ ധാരണയാണെന്നു് ഈ സെമിനാറിൽ സംബന്ധിച്ചവർക്കെല്ലാം സമർത്ഥിക്കുവാൻ സാധിക്കും. സെമിനാർദിനങ്ങളിൽ എല്ലാ അംഗങ്ങളുടേയും മുഖത്തു് ഒരു പ്രത്യേക പ്രസന്നത ദൃശ്യമായിരുന്നു. ഫിലിം പ്രദർശനങ്ങൾ, മറ്റു കലാപരിപാടികൾ എന്നിവ അംഗങ്ങൾക്കു് അറിവുപകർന്നതോടൊപ്പം അവരെ രസിപ്പിക്കുകയുംചെയ്തു.

അഭിനന്ദനത്തിന്റെ "പൂച്ചെണ്ടു്"

ഫ്രാൻസിസ്കൻ മൂന്നാം സഭാചരിത്രത്തിലെ അതിപ്രധാനവും, അഭിനന്ദനാർഹവുമായ ഒന്നാമത്തെ ഈ അഖിലകേരള ഫ്രാ. മൂന്നാം സഭാ സെമിനാറിന്റെ പിന്നിൽ പ്രവർത്തിച്ചതു്, സെമിനാർ സംഘാടകരായ തൃശ്ശൂർ മൂന്നാം സഭാംഗങ്ങളാണു്. അവർക്കു കേരളക്കരയിലെ ഫ്രാ. മൂന്നാം സഭോംഗങ്ങളുടെ സ്നേഹം നിറഞ്ഞ നന്ദിയും അഭിനന്ദനങ്ങളും! മൂന്നാം സഭാപ്രവർത്തനങ്ങളിൽ വളരെ ഉയർന്ന നിലവാരം പുലർത്തുന്ന തൃശ്ശൂർ രൂപതയിലെ ഫ്രാ. മൂന്നാം സഭ ഈ സെമിനാറിന്റെ നടത്തിപ്പിലും അതിന്റെ ഉജ്ജ്വലമായ വ്യക്തിമുദ്ര പതിപ്പിക്കുകതന്നെ ചെയ്തു. ഈ വർഷവും ഒരു അഖിലകേരള ഫ്രാ. മൂന്നാംസഭാ സെമിനാറിനു രൂപം നൽകുവാൻ തൃശ്ശൂർ രൂപത മുൻകയ്യെടുക്കുമെന്നു പ്രതീക്ഷിക്കുന്നു.

രജതജൂബിലി ആഘോഷിച്ച തൃശ്ശൂർ ഫ്രാൻസിസ്കൻ മൂന്നാം സഭയ്ക്കു് അഭിനന്ദനങ്ങളുടെ പൂച്ചെണ്ടുകൾ! ഇനിയും അഭിവൃദ്ധിയുടെ പടവുകൾ ചവിട്ടിക്കയറുവാൻ വി. ഫ്രാൻസീസും ക്രിസ്തുനാഥനും വെളിച്ചം പകരട്ടെ!

Welcome to

Most Rev. Fr. GENERAL

PASCHAL RYWALSKI, O.F.M. (Cap·)

Most Rev. and Loving Father General, it is with hearts throbbing with pride and joy that we, the Franciscan Tertiaries of the Diocese of Trichur, Kerala, are welcoming you into our midst. Your official duties as the successor of our Seraphic Father, Saint Francis have taken you from the far-away Eternal City to this land of ours, India, and this your visit has happily synchronised with the Silver Jubilee celebrations of the Franciscan Third Order in our Diocese. We are much proud and happy at the fact that your presence in our midst on this solemn occasion has lent colour, charm and depth to the Franciscan jubilation we experience today.

We hope it will not be out of place if we place before you a very brief history of the Third Order and its activities in our Diocese.

Started 25 years back in very humble and modest circumstances, our fraternities at present number 115, and the tertiaries 3200. The nerve-centre of all our activities is the Calvary Ashram, Poothole, and, with the blessings and help of the friars there, we have been able to do some service to the brethren among and around us. All these activities, Most Rev. Father General, are based on self help, and we are happy to say that the people of Trichur have been very generous in rendering us all support and encouragement in all our activities.

First in the list of our activities is the Bible Distribution Scheme. This activity has been successfully carried out in many parishes in the Diocose. Anyone joining this scheme is to remit only ten paise (one-tenth of a rupee) per week, and the scheme will be over after the 45th week. We are happy to record that more than 8000 copies of The Bible have been distributed to this date

Then comes the Housing Scheme. Started on the 6th of October, 1968, as a memorial of the Episcopal Silver Jubilee of our former

Bishop, Rt. Rev. Dr. G. C. Alapatt, we hope this venture will help, at least a bit, to solve the housing problem. A house envisaged by this scheme will cost Rs 2000/-. A fraternity that raises Rs 750/- is given an epual amount of Rs. 750/- from the Diocesan Centre. The person to whom the house is given is expected to contribute at least an amount of Rs. 500/. More than 25 houses have been built and given to deserving poor people till now: and a number of people have been helped to remodel and repair their houses

Next comes the Marriage Fund. To the poor people of Kerala, the marriage of their daughters is always a great problem, a nightmare, especially owing to the custom of giving dowry to the daughters. This scheme has been formed to help such poor parents, without caste or creed. Each fund is to consist of Rs. 1000/-. A fraternity raising Rs. 500/- is given an equal amount of Rs 500/- from the Diocesan Centre So far we have established about 46 marriage funds in 46 parishes. The number of families enrolled in this scheme is about 6000. The total amount invested by the members is about Rs. 300,000/-. The aiding fund raised by the local fraternities, together with the help from the Diocesan Centre, is Rs. 60,000/-.

Seraphic Education Scheme is the next in the list. This is to help educate the deserving children of the poor people, irrespective of caste or creed. Only High School education is meant here, for the time being. Each fund cominng under this scheme is to consist of Rs. 40/-. Of this, the student is to contribute Rs. 20/-, the fraternity Rs. 10/- and the Centre Rs. 10/-. Each unit is to consist of not less than 10 students, and the Centre will contribute Rs. 100/- for these students. 16 parishes are now conducting this scheme, and thare are about 300 students in the same.

Umbrella Distribution is another in the list, and this has been started only recently. persons joining this scheme will get umbrellas at a rate much cheap than that in the market. During the days of heavy monsoon, this scheme is found to be a great blessing to the poor people in the parishes. More than 16,000 umbrellas have been distributed in 36 parishes to this date.

Ambar Charka, Tailoring etc. are some work-projects by which we try to give work to the unemployed. Besides these, we are doing many other acts of charity such as distribution of rice, giving relief to the sick, etc.

Save–a-Family Plan is another scheme that has proved to be of great help to about 250 families in the Diocese. Started in March, 1971, this has been sponsored by our fellow - tertiaries, mainly in America. Only poor tertiaries are given this help. The help varies from Rs. 35/- to Rs. 105/- per month About 250 sponsors have come up to make this scheme a success.

We are very careful about our spiritual formation, and to this end we are conducting general retreats and closed retreats. Every year we are conducting six closed retreats, for men and women, in different parts of the Diocese. These retreats last for four days On an average, 70 to 80 tertiaries used to attend each retreat. During the last six years about 28 closed retreats have been conducted, and a total number of 2200 tertiaries have attended the same.

Besides these, we are having monthly recollectons. And in all fraternities we are having "Sathyaradhana" (True Adoration) every week. A number of common approved prayers, consisting of psalms, in the manner of Divine Office, lasting for about 15 minutes, are recited by the tertiaries every Sunday in their churches,

We are conducting zonal conferences frequently. These conferences are attended by the tertiaries from the nearby parishes. A feeling of fellowship, an opportunity to share new ideas, an occasion to discuss problems—these are the benefits enjoyed by such zonal conferences, and the tertiaries are evincing keen interest in the same.

Our latest project, Most Rev. Father General, is the starting of a Leper Colony. A site for this has been purchased at a place called Mulankonnathukavu, about six miles away from the town, and you have encouraged us, Most Rev. Father General, by sending your representative, Most. Rev. Fr. Aloysius Ward (Definitor General). on the occasion of the laying of the foundation stone for the proposed colony The amount of work that has to be turned out to begin a leper colony there, is very great. Big obstacles and hazards are in our way. But we know how much endearing will this project be to our Seraphic Father who loved lepers very much, who did not disdain even to embrace and kiss them. With the guidance and blessings of that Seraphic Father, and with your paternal blessings, dear Most Rev. Father General, we hope we will have the pleasure of seeing this project completed in the near future.

We have been able to carry out these activities, Most Rev. Father Genaral, only with the help and blessings of our beloved Bishops and

the parish priests. But for their lead, co-operation and blessings all our efforts would have failed miserably, and for this we thank all of them from the innermost recesses of our hearts.

We know these activities are not enough to solve the problems facing our brethren around us. We cannot honestly say that we have done full justice to the problems around us. With the help and co-operation at our disposal, it is true we could have borne witness to St. Francis in a much more effective and meaningful way. We realise this serious ommission on our part, and on this solemn occasion we promise to be more sincere and zealous, to be more earnest and spirited in all our undertakings, to spread the spirit of St. Francis all around us, and we hope, Most Rev. Father General, with your paternal guidance and blessings, we will be able to launch deep into more activties, both spiritual and social, more effectively, and bring more succour and enlightenment to the needy and suffering brethren amidst and around us.

– J. T. Neelankavil,
General Secretary,
Central Council of the Franciscan
Third Order, Trichur Diocese.



The Blessing of St. Francis

ആത്മസംയമനം

— ലിയൊ അച്ചൻ

വിതാനം കൊല്ലങ്ങൾക്കു മുമ്പ് ഒരു മോട്ടോർകാർ തൃശ്ശൂർക്കുടി ഓടിപ്പോകയായിരുന്നു. സമയം രാവിലെ അഞ്ചു മണി. തൃശ്ശൂരിനു വടക്കു ഭാഗത്തായി ചാറ്റുമഴ പെയ്ത കാര്യം ഡ്രൈവർ മനസ്സിലാക്കാതെ, ഫുൾ സ്പീടിൽത്തന്നെ അയാൾ വണ്ടി ഓടിച്ചു. വടക്കാഞ്ചേരി സമീപിക്കുന്നതിനു മുമ്പു കാർ റോഡിൽനിന്നു തെറ്റി. ഡ്രൈവർ ബ്രേയ്ക്കു പിടിച്ചിട്ടു കാർ നിന്നില്ല. അതു് ഓടയിൽ വീണു തകർന്നു. കാറിനു ബ്രേയ്ക്കു് ഉണ്ടായിരുന്നെങ്കിലും, താറിട്ട മിനുസമായി കിടക്കുന്ന റോഡിൽ മഴവെള്ളം വീണതിനാൽ, ആ വിഷയം കണക്കിലെടുക്കാതെ ഡ്രൈവർ കാർ വേഗത്തിൽ ഓടിച്ചതിനാലാണു കാർ തെറ്റിപ്പോയതു്. സഡൻ ബ്രേയ്ക്കു പിടിച്ചപ്പോൾ അതു മറിയുകയും ചെയ്തു.

ഇപ്രകാരം, ആദ്ധ്യാത്മികരംഗത്തും പല അപകടങ്ങൾ ദൈനംദിനമെന്നോണം സംഭവിക്കാറുണ്ടു്. മനുഷ്യരുടെ ബലഹീനതയും, സാഹചര്യങ്ങളുടെ സമ്മർദ്ദവും വേണ്ടവിധത്തിൽ കണക്കിലെടുക്കാതെ പലരും ജീവിക്കുന്നു. അവർ അപകടത്തിൽ വീഴുന്നതിൽ അത്ഭുതത്തിനു് അവകാശമില്ല.

ആത്മസംയമനത്തിന്റെ ആവശ്യം

ഏതൊരു വണ്ടിക്കും ബ്രേയ്ക്കു് ആവശ്യമായിരിക്കുന്നതുപോലെ, ഏതൊരു മനുഷ്യനും ആത്മസംയമനം ആവശ്യമാണു്. യുവതീയുവാക്കന്മാർക്കു് അതു കൂടുതൽ ആവശ്യമാണെന്നു് എടുത്തു പറയേണ്ടിയിരിക്കുന്നു. എന്തുകൊണ്ടെന്നാൽ യുവത്വത്തിലാണല്ലോ ഉന്മേഷവും ഓജസ്സും കൂടുതൽ ഉള്ളതു്.

വിജ്ഞാനം ഒരു പ്രത്യേക ദാനമായി ദൈവത്തിൽനിന്നും സ്വീകരിച്ച സോളമൻ രാജാവു് ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: ''മൂന്നു കാര്യങ്ങളും എനിക്കു ശരിയായി അറിഞ്ഞുകൂടാ; നാലാമത്തേതു് എനിക്കു് അശേഷം അറിഞ്ഞുകൂടാ. അവ, ആകാശത്തിൽ കഴുകന്റെ മാർഗ്ഗം, പാറപ്പുറത്തു സർപ്പത്തിന്റെ വഴി, സമുദ്രത്തിൽ കപ്പലിന്റെ ചാൽ, യൗവ്വനത്തിൽ മനുഷ്യന്റെ ഗതി എന്നിവയാണു്'' (സുഭാഷിതങ്ങൾ, 30 / 18 – 19).

എന്നാൽ യുവാക്കന്മാർ മാത്രമല്ല. ഉത്തമനായ ഒരു ക്രിസ്ത്യാനിയായിരിക്കുവാൻ സാധിക്കും: എന്റെ മാർഗ്ഗം ക്രിസ്ത്യാനിയാണെന്നു്. ശ്രീ യേശുക്രിസ്തുവിന്റെ കല്പനകളേയും, നിർദ്ദേശങ്ങളേയും ഉപദേശങ്ങളേയും സ്വജീവിതത്തിലേയ്ക്കു പകർത്തുവാൻ സദ്വ്യയത്നവും ചെയ്യുന്ന യുവാവിന്റെ ഗതി തീർച്ചയായും: അതു സ്വർഗ്ഗത്തിലേയ്ക്കുള്ള ഇടുങ്ങിയ വഴിയാണു്.

ദിവ്യനാഥൻ ഇപ്രകാരം നിഷ്കർഷിച്ചു: ''പശ്ചാത്തപിക്കുക; സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു'' (വി. മത്തായി, 4/17). ''അനുതപിക്കയില്ലെങ്കിൽ നിങ്ങളും നശിക്കും'' (വി. ലൂക്കാ, 13/5). 'പശ്ചാത്തപിക്കുക, അനുതപിക്കുക' എന്ന വാക്കുകളുടെ പൂർണ്ണമായ അർത്ഥം, പഴയ തെറ്റുകളെ തിരുത്തുവാൻ പോരുന്ന പ്രായോഗികമാർഗ്ഗങ്ങൾ സ്വീകരിച്ചു ജീവിതത്തെ പവിത്രമാക്കുക എന്നാണു്. മറ്റു വാക്കുകളിൽ പറഞ്ഞാൽ, തപഃക്രിയകൾ അനുഷ്ഠിച്ചു്, പഞ്ചേന്ദ്രിയങ്ങളേയും ആശകളേയും നിയന്ത്രിച്ചു്, സുകൃതങ്ങൾ അഭ്യസിക്കുക എന്നാണു്. ഇതുതന്നെയാണു് ആത്മസംയമനം. മനുഷ്യർ ബലഹീനരായതിനാലും, പാപികളായതിനാലും തപഃക്രിയകൾ ചെയ്തേ മതിയാകൂ.

തപഃക്രിയകൾ അനുഷ്ഠിക്കുന്നവരെ ഈശോ വിലമതിക്കുന്നു

ശരീരത്തിന്റെ സുഖം അല്പംപോലും അനുഭവിക്കുവാൻ മനസ്സാകാതെ, പലവിധ തപഃക്രിയകളും ചെയ്തു, ലോകദൃഷ്ടിയിൽ മഹത്തായ കാര്യം ഒന്നുംതന്നെ ചെയ്യാതെ, മരുഭൂമിയിൽ താമസിച്ചിരുന്ന സ്നാപകയോഹന്നാനെപ്പറ്റി ദിവ്യയീശോ പ്രസ്താവിച്ചതു് അദ്ദേഹത്തെക്കാൾ വലിയ മറ്റൊരു മനുഷ്യൻ അന്നുവരെ ജനിച്ചിട്ടില്ലെന്നാണു് (വി. മ. 11/11). സ്വർഗ്ഗപ്രാപ്തിക്കുവേണ്ടി ബലപ്രയോഗം നടത്തുക എന്നതു് ആവശ്യമാണെന്നും, തന്നോടുതന്നെ ബലപ്രയോഗം നടത്തുന്നവർ അതിനെ കൈവശപ്പെടുത്തുകയും ചെയ്യുന്നു എന്നും ഈശോ തുടർന്നു പ്രസ്താവിച്ചതിൽനിന്നു് നാം മനസ്സിലാക്കേണ്ടതു സ്നാപകയോഹന്നാന്റെ തപഃക്രിയകളുടെ ഫലമെന്നവണ്ണം അദ്ദേഹത്തിന്റെ മേന്മ വർദ്ധിച്ചു എന്നാണു്. ഒരുവൻ പാപിയായിരുന്നാൽപ്പോലും അയാളെ പാപമാർഗ്ഗം ഉപേക്ഷിച്ചു തപഃക്രിയകൾ അനുഷ്ഠിച്ചാൽ, അയാളെപ്പറ്റി സ്വർഗ്ഗവാസികളുടെ സന്തോഷം, തപഃക്രിയ ചെയ്യാത്ത നീതിമാന്മാരേപ്പറ്റി എന്നതിൽ അധികമാണെന്നു് ഈശോ പ്രസ്താവിച്ചിട്ടുണ്ടു് (വി. ലൂക്കാ, 15/7).

ആത്മസംയമനം എന്നാൽ എന്താകുന്നു?

മനുഷ്യർ ചെയ്യുന്ന ക്രിയകളെ രണ്ടു തരങ്ങളായി വിഭജിക്കാം. 1) സ്വരക്ഷയ്ക്കു് ആവശ്യമായ ക്രിയകൾ. ഉദാഹരണമായി: ഭക്ഷണം കഴിക്കുക, വെള്ളം കുടിക്കുക, ഉറങ്ങുക. 2) വർഗ്ഗസംരക്ഷണത്തിനു് ആവശ്യമായ ക്രിയകൾ — സന്താനങ്ങൾ ഉണ്ടാകുന്നതിനു് ആവശ്യമായ ക്രിയകൾ. ഇവ നിർവ്വഹിക്കുവാൻ മനുഷ്യർക്കു് ആശയുണ്ടു്. ഇവ ചെയ്യുന്നതിൽ ചില സുഖവും സംതൃപ്തിയും അനുഭവപ്പെടുന്നു. ആകയാൽ ആവശ്യത്തിക്കാൾ കൂടുതലായി, സുഖത്തേയും സംതൃപ്തിയേയും ലക്ഷ്യമാക്കി ചിലർ ഇത്തരം ക്രിയകൾ അനിയന്ത്രിതമായി ചെയ്യുന്നു. ''അമൃതവും അധികമായാൽ വിഷം'' എന്നുണ്ടല്ലോ. ഏതൊരു ക്രിയയും അതിന്റെ ആവശ്യം അനുസരിച്ചേ ചെയ്യാവൂ; കൂടുതൽ ചെയ്യുവാൻ ആശയുണ്ടെങ്കിൽ, അതിനെ തടയണം. ഇതാണു് ആത്മസംയമനം. ചിലപ്പോൾ ഭക്ഷണം കുറയ്ക്കുക, ഉറക്കം കുറയ്ക്കുക, സുഖേച്ഛയ്ക്കു വിപരീതമായി ശരീരത്തിൽ വേദന അനുഭവപ്പെടുവാൻ തക്കവണ്ണം തന്നത്താൻ അടിക്കുക. ഇപ്രകാരം ചെയ്യുന്നതിനാണു തപഃക്രിയ അഥവാ പരിഹാരപ്രവൃത്തികൾ എന്നു പറയുന്നതു്. തപഃക്രിയകൾ ക്രമമായി ചെയ്യുന്നവർക്കു് ആത്മസംയമനം എളുപ്പമാകുന്നു. അനുവദനീയമായ സുഖം ചിലപ്പോഴെങ്കിലും സ്വമനസ്സാ പരിത്യജിക്കുവാൻ പരിശീലിച്ചെങ്കിൽ മാത്രമേ ക്രമക്കേടും നിഷിദ്ധങ്ങളുമായ സുഖം തേടി മനുഷ്യൻ പോകാതിരിക്കയുള്ളൂ. സ്വരക്ഷയ്ക്കു് ആവശ്യമായ ക്രിയകൾ ഒരിക്കലും ചെയ്യണ്ട എന്നു തീരുമാനിക്കുവാൻ നിവൃത്തിയില്ല. അങ്ങനെ തീരുമാനിച്ചാൽ തപഃക്രിയ അനിയന്ത്രിതമാകും. വർഗ്ഗസംരക്ഷണത്തിനു് ആവശ്യമായ ക്രിയകൾ ബ്രഹ്മചര്യവ്രതം എടുത്തവർ ചെയ്യേണ്ടതില്ല. വിവാഹിതർ, തങ്ങൾക്കു് അനുവദിച്ചിട്ടുള്ള സുഖങ്ങൾ അനുഭവിക്കുവാൻ പോരുന്ന ക്രിയകൾ മാത്രമേ ചെയ്യാവൂ. എന്നാൽ ഈ വിഷയത്തിലും ആവേശം ഉണ്ടാവുക എന്നതു സ്വാഭാവികമാണു്. ആവേശത്തെ തടയുവാൻ തപഃക്രിയകൾ അഭ്യസിച്ചേ മതിയാകൂ.

തപഃക്രിയകളുടെ തരം

ശരീരത്തിനോ മനസ്സിനോ ഹിതകരമല്ലാത്ത എന്തെങ്കിലും ക്രിയ ചെയ്യുക, അഥവാ ക്ഷമാപൂർവ്വം സഹിച്ചു് ദൈവതിരുമനസ്സിൻപ്രകാരം കാഴ്ചവയ്ക്കുമ്പോൾ അതു തപഃക്രിയയായി. ഈശോമിശിഹായുടെ പീഡാനുഭവത്തോടു നമ്മുടെ തപഃക്രിയകൾ മനസ്സാ യോജിപ്പിച്ചു കാഴ്ചവെയ്ക്കുമ്പോൾ അവയ്ക്കു വില വർദ്ധിക്കുന്നു.

തപഃക്രിയകൾ പല തരത്തിലുണ്ടു്. 1) പ്രകൃത്യാ വന്നുകൂടുന്ന ക്ലേശങ്ങൾ; 2) അയൽക്കാരിൽ നിന്നു വന്നുകൂടുന്ന ക്ലേശങ്ങളും നഷ്ടങ്ങളും; 3) സ്വന്തം കർത്തവ്യങ്ങൾ യഥാവിധി നിർവ്വഹിക്കുന്നതിലുള്ള ക്ലേശങ്ങൾ. ഇവ മൂന്നും താനേ വന്നുചേരുന്നവയാണെന്നു പരിഗണിക്കാം. 4 (അധികാരികളുടെ കല്പനപ്രകാരമുള്ള തപഃക്രിയകൾ; 5) സ്വമേധയാ കൈവരിക്കുന്നവ.

താനേ വന്നുകൂടുന്ന ക്ലേശങ്ങൾ ധാരാളമുള്ളതിനാൽ അവ ക്ഷമാപൂർവ്വം സഹിച്ചാൽ പോരെന്നുണ്ടോ, സ്വമേധയാ ചില തപഃക്രിയകൾ

"വിവാഹസാരികാ"ക്കും മറ്റെല്ലാവിധ തുണിത്തരങ്ങൾക്കും

എൻ. മൊയ്തീൻഷാ

സിൽക്ക് പാലസ്, തൃശ്ശൂർ - 1

അഭിവാദ്യങ്ങൾ നേരുന്നു

എൻ. കെ. ജെക്കോബ് വൈദ്യർ

ഭാരതഭൈഷജ്യഭവനം

ചാവക്കാട്

ഫോൺ: 789

സ്റ്റെയിൻലസ്സ് സ്റ്റീൽ ചോറുപാത്രങ്ങൾക്ക്

(TIFFIN CARRIERS)

സന്ദർശിക്കുക

WARES

റൗണ്ട് സൗത്ത് — തൃശ്ശൂർ - 1

കൈവരിക്കണമെന്നുണ്ടോ എന്നു ചിലർ ചോദിച്ചേക്കാം. സ്വമേധയാ ചില തപഃക്രിയകളും കൈവരിച്ചു ചെയ്യുകയും പരിശീലിച്ചെങ്കിൽ മാത്രമേ, താനേ വരുന്ന ദുഃഖദുരിതങ്ങളെ ക്ഷമാപൂർവ്വം സഹിക്കുവാൻ കഴിവുണ്ടാകയുള്ളൂ.

ചെയ്യുവാൻ എളുപ്പമുള്ള ചെറിയ തപഃക്രിയകളും, വളരെ പ്രയാസമുള്ള വലിയ തപഃക്രിയകളുമുണ്ട്.

വേറൊരു വിധത്തിൽ നോക്കിയാൽ, ശാരീരിക തപഃക്രിയകളും മാനസിക തപഃക്രിയകളും എന്നിങ്ങനെ രണ്ടു തരമുണ്ട്. ഇവയിൽ മാനസിക തപഃക്രിയകൾക്കാണു വില കൂടുതലുള്ളതു്. ഉദാഹരണമായി, ശത്രുവിനോടു ക്ഷമിക്കുക, സ്വന്തം കുറ്റം പലരുടെ മുമ്പാകെ സമ്മതിച്ചു പറയുക. എങ്കിലും, ശാരീരികമായ തപഃക്രിയകളും ചെയ്തു പരിശീലിക്കാത്തവർ മാനസികമായ തപഃക്രിയ അഭ്യസിക്കുവാൻ ശ്രദ്ധിക്കാറില്ല. സാഹചര്യം അനുവദിക്കുന്ന പ്രകാരം, മേൽവിവരിച്ച രീതിയിലുള്ള എല്ലാവിധ തപഃക്രിയകളും പരിശീലിച്ചെങ്കിൽ മാത്രമേ ആത്മസംയമനം സുസാദ്ധ്യമാകയുള്ളൂ.

തപഃക്രിയകളുടെ വില ഇടിഞ്ഞോ?

രണ്ടാം വത്തിക്കാൻ സൂനഹദോസിനുശേഷം തപഃക്രിയകളുടെ വില ഇടിഞ്ഞുപോയി എന്നു ചിലർ കൊട്ടിഘോഷിക്കുന്നുണ്ട്. അതു ശരിയല്ല. പൊതുവെ മനുഷ്യരുടെ ആരോഗ്യനിലവാരം കുറഞ്ഞുവരുന്നതിനാലും, അവർ സുഖലോലുപരായിത്തീരുന്നതിനാലും, കല്പനപ്രകാരമുള്ള തപഃക്രിയകളും കുറച്ചിരിക്കുന്നു എന്നു മാത്രമേയുള്ളൂ. ''സ്വന്തം കുരിശു വഹിക്കാതെ എന്നെ അനുഗമിക്കുന്നവൻ എനിക്കു യോഗ്യനല്ല'' (വി. മ. 10/38); ''എന്നെ പിഞ്ചെല്ലുവാൻ ഇഷ്ടമുള്ളവൻ സ്വയം പരിത്യജിച്ചു സ്വന്തം കുരിശുമേന്തി എന്റെ പിന്നാലെ വരട്ടെ,'' (വി. മ. 16/24) എന്നിപ്രകാരമുള്ള ദിവ്യഗുരുവിന്റെ അനുശാസനങ്ങൾ എല്ലാക്കാലത്തും വിലപ്പെട്ടവയാണു്. ഈശോനാഥൻ തുടർന്നു പ്രസ്താവിച്ചു: ''സ്വന്തം ജീവനെ പരിരക്ഷിക്കുവാൻ ശ്രമിക്കുന്നവനു് അതു നഷ്ടപ്പെടും. എന്നാൽ എന്നെച്ചൊല്ലി സ്വജീവനെ പരിത്യജിക്കുന്നവനോ, അതു ഭദ്രമായിരിക്കുകയും ചെയ്യും.'' മനുഷ്യരുടെ ആത്മരക്ഷയ്ക്കു സുപ്രധാനമായ ഈ വാക്യം സുവിശേഷകന്മാർ നാലു പേരും രേഖപ്പെടുത്തിയിട്ടുണ്ടെന്നുള്ളതു പ്രത്യേകം പ്രസ്താവ്യമാണു് (വി. മ. 16/25; വി. മർക്കോസു്, 8/35; വി. ലൂ. 9/24; വി. യോ. 12/25).

''പരിഹാരം ചെയ്യാൻ എനിക്കു സാധിക്കുകയില്ല; ഞാൻ ക്ലേശം അനുഭവിക്കുന്നതിൽ ദൈവം ആനന്ദം കൊള്ളുമെന്നോ!! ശരീരത്തെ ക്ലേശിപ്പിക്കാതെ, നന്നായി ഭക്ഷണം കഴിച്ചു വേണ്ടവിധം വിശ്രമിച്ചു്, സുഖത്തോടും സംതൃപ്തിയോടുംകൂടി പണിയെടുക്കുക എന്നതാണു് ആവശ്യം; ശരീരത്തെ ക്ലേശിപ്പിക്കുന്നതിൽ കാര്യമില്ല'' എന്നിപ്രകാരം ചിലർ ഇക്കാലത്തു പറയാറുണ്ടു്. ഇതുതന്നെയാണു ശരിയായ തത്വം എന്നു വളരെ ആളുകളും വിശ്വസിച്ചുവരുന്നു. ഇക്കൂട്ടർ ദിവ്യഈശോയുടെ പ്രബോധനങ്ങളുടെ അർത്ഥം മനസ്സിലാക്കിയിട്ടില്ലെന്നു പറയേണ്ടിയിരിക്കുന്നു. ഇവരേപ്പറ്റിയാണു് ഈശോ പറഞ്ഞതു്: ''സ്വന്തം (ശരീരത്തിന്റെ) ജീവനെ പരിരക്ഷിക്കുവാൻ ശ്രമിക്കുന്നവനു് അതു നഷ്ടപ്പെടും'' എന്നു്. ആത്മാവും ശരീരവും നരകത്തീയിൽ വീണു നിത്യകാലം ക്ലേശം അനുഭവിക്കേണ്ടിവരുമെന്നാണു് ഈശോ സൂചിപ്പിച്ചതു്.

ആത്മരക്ഷയ്ക്കുവേണ്ടി വളരെയേറെ തീക്ഷ്ണതാപൂർവ്വം തപഃക്രിയകളും ചെയ്യണമെന്നാണു്, ആവശ്യമെന്നു കണ്ടാൽ പ്രയാസമുള്ള തപഃക്രിയകളും ചെയ്തേ മതിയാകൂ എന്നാണു്, ദിവ്യഈശോ പഠിപ്പിച്ചിട്ടുള്ളതു്. ''നിന്റെ വലതുകണ്ണു് പാപത്തിനു ഹേതുവാകുന്നുവെങ്കിൽ അതു ചൂഴന്നെടുത്തു ദൂരെ എറിഞ്ഞുകളയുക. മുഴുവൻ ഉടലോടെ നരകത്തിൽ തള്ളപ്പെടുന്നതിനേക്കാൾ നല്ലതു് അവയവങ്ങളിലൊന്നു നഷ്ടപ്പെടുകയാണു്. വലതുകൈ പാപത്തിനു കാരണമാകുന്നുവെങ്കിൽ അതു വെട്ടിമുറിച്ചു ദൂരെ എറിയുക. ശരീരം മുഴുവൻ നരകത്തിൽ പതിക്കുന്നതിനേക്കാൾ നല്ലതു് അവയവങ്ങളിൽ ഒന്നു ഛേദിക്കുകയാണു്'' (വി. മ. 5/19–20). ഒരു സാധനം അഥവാ ഒരാളിന്റെ സഹവാസം സ്വന്തം വലതുകണ്ണും വലതുകൈയുംപോലെ നമുക്കു് ഉപകാരപ്രദമാണെങ്കിലും, അതു നമ്മെ പാപത്തിൽ വീഴിക്കുമെന്നു സംശയമുണ്ടെങ്കിൽ അതിനെ മാറ്റേണ്ടി

യിരിക്കുന്നു. ഇതിനു ബലപ്രയോഗം (ആശാനിഗ്രഹം) കൂടിയേ തീരൂ. ഈശോയേപ്രതി സ്വജീവനെ പരിത്യജിക്കുന്നതു് ഇപ്രകാരമാണു്. ഇങ്ങനെയുള്ള വലിയ തപഃക്രിയ ആവശ്യമുള്ളപ്പോഴും അതു ചെയ്യുന്നവർ, തങ്ങളുടെ ആത്മാവിനേയും ശരീരത്തേയും സ്വർഗ്ഗപ്രാപ്തിക്കു യോഗ്യമുള്ളതാക്കുന്നു.

തപഃക്രിയകളുടെ ഗുണം മനസ്സിലാക്കുന്നതു വലിയ ജ്ഞാനമാണു്

ദിവ്യഈശോ സ്വർഗ്ഗീയപിതാവിനെ സ്തുതിച്ചുകൊണ്ടു് ഇപ്രകാരം പറഞ്ഞു: ''അങ്ങു് ഇവയെ വിജ്ഞന്മാരിൽനിന്നും വിവേകികളിൽനിന്നും മറച്ചുവെച്ചു്, ചെറുപൈതങ്ങൾക്കു വെളിപ്പെടുത്തി. അവിടത്തെ തിരുവുള്ളം അതുതന്നെ'' (വി. മ. 11/25). എന്തായിരുന്നു ഈ സന്ദർഭം? സ്ഥാപകയോഹന്നാൻ തപഃക്രിയകളും ചെയ്തു ജീവിക്കുന്നതിനെപ്പറ്റി അഭിനന്ദിച്ചു പറഞ്ഞതിനുശേഷം, തപഃക്രിയ ചെയ്യാത്ത കൊർസീൻ, ബദ്സൈദേ, കാഫർനോം എന്നീ നഗരവാസികളെ ഈശോ കുറ്റപ്പെടുത്തുകയായിരുന്നു. ചാക്കു വസ്ത്രം ധരിച്ചും ചാരം ശരീരത്തിൽ വിതറിയും കൊണ്ടു വലിയ തപഃക്രിയകളും അനുഷ്ഠിക്കുന്നതിനേ സംബന്ധിച്ചായിരുന്നു ഈശോ സംസാരിച്ചതു്. തപഃക്രിയയുടെ വില മനസ്സിലാക്കുവാനുള്ള വരം എളിമയുള്ളവർക്കു വെളിപ്പെടുത്തിക്കൊടുക്കുന്ന സ്വർഗ്ഗീയപിതാവിനെ ഈശോ തുടർന്നു സ്തുതിക്കുകയായിരുന്നു.

അസ്സീസിയിലെ വി. ഫ്രാൻസിസിനു് — ദരിദ്രനും വിനീതനും എന്നു ലോകപ്രസിദ്ധി നേടിയ ആ കൊച്ചു മനുഷ്യനു് — ഈ രഹസ്യം സ്വർഗ്ഗീയപിതാവു വെളിപ്പെടുത്തികൊടുത്തുവെന്നു നമുക്കു ന്യായമായി അനുമാനിക്കാവുന്നതാണു്. ലോകത്തെ കഴിയുന്നത്ര ഉപേക്ഷിച്ചു്, അനുസരണ, ദാരിദ്ര്യം, ചാരിത്രം എന്ന വ്രതങ്ങളും എടുത്തു ജീവിക്കുവാൻ തീരുമാനിക്കുന്ന പുരുഷന്മാർക്കും സ്ത്രീകൾക്കുംവേണ്ടി അദ്ദേഹം രണ്ടു സംഘടനകളും സ്ഥാപിച്ചു. ലോകസമ്പത്തും സുഖവും കുറെയൊക്കെ അനുഭവിക്കത്തക്ക ജീവിതസാഹചര്യത്തിൽ കഴിഞ്ഞുകൂടുന്ന കുടുംബജീ

എല്ലാ തരം പ്ലെയിൻ ഗ്ലാസുകൾക്കും, ഡിസൈൻ ഗ്ലാസുകൾക്കും, സൺമൈക്ക, ഫോർമൈക്ക, ഹാഡ്ബോർഡ്, പ്ലൈവുഡ്, കണ്ണാടികൾ, അലുമിനിയം ഗ്ലാസ് ചാനലുകൾ മുതലായവയ്ക്കും—മൊത്തമായും ചില്ലറയായും—ഞങ്ങളെ സമീപിക്കുക.

മണ്ണമ്മൽ ഗ്ലാസ് ഹൗസ്

ഹൈറോഡ്, തൃശ്ശൂർ—1

വിതക്കാരെ ഉദ്ദേശിച്ചു്, സാമാന്യം ലഘുവായ നിയമാവലിയോടുകൂടി അദ്ദേഹം മൂന്നാമതൊരു സംഘടന സ്ഥാപിച്ചു. അതിനു നല്കിയ പേരോ! ''തപസ്സിന്റെ സഭ''. ഈ സംഘടന കാലാന്തരത്തിൽ ''മൂന്നാം സഭ'' എന്നു് അറിയപ്പെടുന്നു. അസ്സീസിയിലെ വി. ഫ്രാൻസീസു് മൂന്നാമതായി സ്ഥാപിച്ച സംഘടന എന്ന മാത്രമേ ഈ നാമത്തിനു് അർത്ഥമുള്ളു. ലോകത്തെ ഉപേക്ഷിച്ച സന്യാസിമാർ മാത്രം തപഃക്രിയ ചെയ്താൽ പോരാ, സ്വർഗ്ഗപ്രാപ്തരാകുവാൻ ആഗ്രഹിക്കുന്ന എല്ലാവരും, കുടുംബജീവിതക്കാർപോലും, തപഃക്രിയകളും ചെയ്തേ മതിയാകൂ എന്നു് ''തപസ്സിന്റെ സഭ'' എന്ന നാമം ഏവരേയും അനുസ്മരിപ്പിക്കുന്നു.

ഒരാൾ വലിയ ഉദ്യോഗസ്ഥനോ, എം. എൽ. എ. യോ ആകണമെന്നുണ്ടെങ്കിൽ അതിനു് അനുയോജ്യമായ പരിശ്രമം എന്തായിരിക്കും? ഏറെക്കുറെ എല്ലാവർക്കും അതറിയാം. ഇപ്രകാരം, പല വിധത്തിലും കഠിനവുമായ പാപങ്ങളും ചെയ്തവർ സ്വർഗ്ഗപ്രാപ്തിക്കു് അനുയോജ്യമായ തപഃക്രിയകളും ചെയ്യണമെന്നു് സ്ഥാപകയോഹന്നാൻ പ്രസംഗിക്കുകയായിരുന്നു.

ഭ്രഷ്ടപക്ഷത്തിനു സ്വർഗ്ഗകവാടത്തിൽ സ്ഥാനമില്ല

തക്കതായ തപഃശ്ചര്യകളും അനുഷ്ഠിക്കാത്തവർ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കയില്ലെന്നുള്ള പ്രസംഗം ദിവ്യഗുരുവിൽനിന്നു കേൾക്കുകയും, അതേസമയം ഈ വിധത്തിൽ തപഃശ്ചര്യ അനുഷ്ഠിക്കുന്നവരുടെ എണ്ണം ചുരുക്കമാണെന്നു കാണുകയും ചെയ്ത ഒരാൾ ഈശോയോടു ചോദിച്ചു: ''നാഥാ, രക്ഷ പ്രാപിക്കുന്നവർ ചുരുക്കംതന്നെയോ?'' അതിനു് അവിടന്നു് അവരോടരുൾചെയ്തു: ഇടുങ്ങിയ വാതിലിൽക്കൂടി അകത്തു കടക്കുവാൻ ബദ്ധപ്പെട്ടുകൊള്ളുക. അനേകർ അതിനു ശ്രമിക്കുമെങ്കിലും അവർക്കതു സാധിക്കയില്ലെന്നു ഞാൻ പറയുന്നു,'' (വി. ലൂ. 13/ 23–24). സ്വർഗ്ഗരാജ്യം പ്രാപിക്കുന്നതിനു് അനുയോജ്യമായ തപഃക്രിയകളും ചെയ്യാതെ സ്വർഗ്ഗത്തിൽ പ്രവേശിക്കുവാൻ പലരും പരിശ്രമിക്കും, എന്നാൽ അവർക്കതു സാദ്ധ്യമല്ല എന്നാണു് ഈശോ ഉറപ്പിച്ചു പറഞ്ഞതു്. ശിക്ഷിക്കപ്പെടുന്നവർ ചില്ലറ ന്യായവാദങ്ങളുന്നയിച്ചെന്നുവരാം. അപ്പോൾ, പരമവിധികർത്താവിന്റെ മറുപടി എന്തെന്നു് ഈശോ തുടർന്നു പ്രസ്താവിച്ചു: ''എനിക്കു നിങ്ങളെപ്പറ്റി യാതൊന്നും അറിഞ്ഞുകൂടാ; നിങ്ങളും എവിടെനിന്നു വരുന്നു എന്നുകൂടി. തിന്മയിൽ വ്യാപരിക്കുന്നവരേ, എന്നെ വിട്ടു് അകലെ പോകുവിൻ.'' ഈ പ്രശ്നത്തെപ്പറ്റി വി. മത്തായിയുടെ സുവിശേഷം കൂടുതൽ വെളിച്ചം വീശുന്നുണ്ടു്: ''ഇടുങ്ങിയ വാതിലിലൂടെ അകത്തു കടക്കുക; വിസ്താരമുള്ള വാതിലും വീതിയുള്ള വഴിയും നിത്യനാശത്തിലേയ്ക്കുള്ളതാകുന്നു. അതിലേ സഞ്ചരിക്കുന്നവർ അനേകരത്രെ. നിത്യജീവനിലേയ്ക്കുള്ള വഴി എത്ര വീതി കുറഞ്ഞതു്! കടക്കുന്ന വാതിൽ എത്ര ചെറുതു്! അതു കണ്ടെത്തുന്നവരോ എത്ര ചുരുക്കം! (വി. മ. 7/ 13–14) ഫ്രാൻസിസ്കൻ മൂന്നാം സഭ സ്വർഗ്ഗത്തിലേയ്ക്കുള്ള ഇടുങ്ങിയ വഴിയാണെന്നുള്ളതിനു സംശയമില്ല.

വിസ്താരമുള്ള വഴിയേകൂടി—അധർമ്മം പ്രവർത്തിച്ചുകൊണ്ടു്—നടന്ന ഭ്രഷ്ടപക്ഷത്തെ ദൈവം നശിപ്പിച്ച കാര്യം വി. പത്രോസു് അനുസ്മരിപ്പിച്ചു്, അബദ്ധപഠനങ്ങളെ തിരസ്കരിക്കുവാൻ ഉപദേശിക്കുന്നു (2 പത്രോസു് 2/ 5–7).

ആകയാൽ വി. പൗലോസു് രേഖപ്പെടുത്തിയിരിക്കുന്നു: ''നിങ്ങളുടെ നിത്യരക്ഷയ്ക്കുവേണ്ടി ഭയത്തോടും വിറയലോടുംകൂടി അദ്ധ്വാനിക്കുക'' (ഫിലി: 2/ 12).

ഫ്രാൻസിസ്ക്കൻ സഭാംഗങ്ങളും ആദ്ധ്യാത്മികജീവിതവും

മിശിഹാ തന്റെ മനുഷ്യാവതാരംവഴി ലൗകികവസ്തുക്കളുമായി ബന്ധപ്പെട്ട് അവയെ സ്വർഗ്ഗീയജീവിതവുമായി ബന്ധപ്പെടുത്തി. ഈ മഹത്തായ മനുഷ്യാവതാരരഹസ്യത്തിനു് അത്മായർ സാക്ഷ്യം വഹിക്കുന്നതു് എപ്രകാരമാണെന്നു നമുക്കു ചിന്തിക്കാം.

അത്മായരുടെ വിളി

ലൗകികജീവിതത്തിൽ ദൈവരാജ്യത്തേയും അവിടുത്തെ നീതിയേയും അന്വേഷിക്കുന്നവരാണു് അത്മായർ. തങ്ങൾക്കു ലഭിച്ചിരിക്കുന്ന ദൈവവിളി അനുസരിച്ചു് ലോകത്തിന്റെ വിശുദ്ധീകരണത്തിനു വേണ്ടി യത്നിക്കുക അവരുടെ കടമയാണു്. ലൗകികസമ്പത്തുക്കളുമായി ബന്ധപ്പെട്ടു് ലോകത്തിൽ സുവിശേഷാരൂപി നിലനിറുത്തുവാൻ അവർ ചുമതലപ്പെട്ടവരാണു്.

അത്മായരുടെ ചുമതല

ദൈവത്തിന്റെ സൃഷ്ടികർമ്മത്തിൽ അന്തർലീനമായിരുന്ന പ്ലാൻ പാപംമൂലം മനുഷ്യൻ തകർത്തു. അതിനെ പുനരുദ്ധരിക്കുവാൻ ദൈവം ചരിത്രത്തിൽ പ്രവേശിച്ചു. പൂർവ്വപിതാവായ അബ്രാഹത്തിൽക്കൂടി മനുഷ്യനെ സമീപിച്ചു്, ഒരു ജനത്തെ രൂപീകരിച്ചു. മിശിഹായുടെ മനുഷ്യാവതാരവും പെസഹാരഹസ്യവുംവഴി സാർവ്വത്രികമായ ഈ ദൈവവിളിക്കു് ഒരു പുതിയ ഭാവവും രൂപവും ലഭിച്ചു. പുതിയ ഉടമ്പടിയിലെ ദൈവത്തിന്റെ ജനമായിത്തീർന്ന ക്രിസ്ത്യാനികൾ. സൃഷ്ടികർമ്മത്തിൽ അടങ്ങിയിരുന്ന സാർവ്വത്രികമായ ഐക്യം പുനഃസ്ഥാപിക്കപ്പെടുവാൻ ചുമതലപ്പെട്ടവരായിത്തീർന്ന ദൈവജനം. അതിനാൽ അത്മായരെ സംബന്ധിച്ചിടത്തോളം, ലൗകികമൂല്യങ്ങളെ വിശുദ്ധീകരിക്കുകയും ലോകത്തെ ദൈവത്തിനായി സമർപ്പിക്കുകയും ചെയ്യുക അവരുടെ കടമയാകുന്നു.

പ്രാർത്ഥനയുടെയും ദിവ്യബലിയുടെയും സ്ഥാനം

ഈ കടമ അല്മായർ പ്രായോഗികമാക്കുന്നതു് അവരുടെ ജീവിതാവസ്ഥയിൽ അവർ സ്വീകരിച്ചിരിക്കുന്ന തൊഴിൽവ്യാപാരരംഗങ്ങളിലും, അവരുടെ കുടുംബജീവിതത്തിലും പൊതുജീവിതത്തിലും, വിശിഷ്യ, അവർ ഏറെടുത്തിരിക്കുന്ന ജീവിതാവസ്ഥയിലെ തൊഴിൽവ്യാപാരരംഗങ്ങളിലുമാകുന്നു. അത്മായർ തങ്ങളുടെ ഈ കർത്തവ്യനിർവ്വഹണം പൂർത്തീകരിക്കുന്നതു് ക്രിസ്തുവുമായി വിശ്വാസത്തിൽ ബന്ധപ്പെട്ടായിരിക്കണം. മിശിഹായുടെ രക്ഷാകരവേലയോടു് ഐക്യപ്പെടുത്തിവേണം സകല കടമകളും നിർവ്വഹിക്കുവാൻ. തങ്ങളുടെ ദൈവവിളിക്കനുസൃതമായി നടത്തുന്ന പ്രവൃത്തികളും മിശിഹായുടെ പീഡാനുഭവവും കുരിശുമരണവും ഉത്ഥാനവുമായി ബന്ധപ്പെട്ടു് അത്മായർ നിർവ്വഹിക്കേണ്ടിയിരിക്കുന്നു. ഇതിനു പ്രാർത്ഥനയും ദിവ്യബലിയും, ശക്തിയും പ്രചോദനവും നല്കുന്നു.

ഫ്രാൻസിസ്ക്കനാദർശം

അത്മായക്കു ലഭിച്ചിരിക്കുന്ന ഈ ദൈവവിളി കൂടുതൽ കാര്യക്ഷമതയോടെ പ്രായോഗികമാക്കുവാനുള്ള മാർഗ്ഗങ്ങളാണു് ഫ്രാൻസിസ്ക്കൻ മൂന്നാം സഭയും സത്യാരാധനയും പ്രദാനം ചെയ്യുന്നതു്. പാപജീവിതം ഉപേക്ഷിക്കുക, ലൗകികസമ്പത്തുക്കളുമായി ബന്ധപ്പെടുമ്പോൾ നിയന്ത്രണവും മിതത്വവും പാലിക്കുക, തങ്ങളുടെ സമ്പത്തുകൾ സഭയ്ക്കു പ്രത്യേകിച്ചു്, പാവപ്പെട്ടവർക്കും ഉപകാരപ്രദമായി വിനിയോഗിക്കുക, ക്രിസ്തുവിൽ സാഹോദര്യവും സമാധാനവും നിലനിറുത്തുവാൻ യത്നിക്കുക മുതലായവവഴി അത്മായരായ ഫ്രാൻസിസ്ക്കൻ സഭാംഗങ്ങൾ ക്രിസ്തീയമായി അത്മായർക്കു ലഭിച്ചിരിക്കുന്ന ദൈവവിളി കൂടുതൽ കാര്യക്ഷമമായി പ്രാവർത്തികമാക്കുവാൻ ശ്രമിക്കുന്നു.

ക്രിസ്തുവിനെ അനുകരിച്ച അസ്സീസിയിലെ ഫ്രാൻസീസിനെപ്പോലെയുള്ള ലാളിത്യവും വിനയവും, മിശിഹായുടെ നിഗൂഢരഹസ്യവുമായി ബന്ധപ്പെട്ടുള്ള പരമാനന്ദവും അത്മായരുടെ ജീവിതത്തിലും പ്രതിഫലിക്കും.

ഏകദിനധ്യാനങ്ങൾ, സത്യാരാധനാഒപ്പീസ്

ഇവയൊക്കെ കണക്കിലെടുത്തുകൊണ്ടാണു് തൃശ്ശൂർ രൂപതയിലെ മൂന്നാം സഭാംഗങ്ങൾ സത്യാരാധനാവിഭാഗവും കൂടെക്കൂടെ ഏകദിനധ്യാന

ങ്ങളും ഓരോ ഇടവകയിലും നടത്തുന്നതു്. തങ്ങളുടെ ദൈവവിളി മനസ്സിലാക്കുന്നതിനും അതനുസരിച്ചു ജീവിതനവീകരണം സാധിക്കുന്നതിനും ഇപ്രകാരമുള്ള ഏകദിനധ്യാനങ്ങളും ഉപകരിക്കുന്നു. ഇടവകയിലെ ഇതര സഹോദരങ്ങളേയും ഉൾപ്പെടുത്തി നടത്തുന്ന ഈ പരിപാടി ഇടവക ജീവിതത്തിനു പൊതുവിൽ ചൈതന്യം പകരുന്നുണ്ടു്. തങ്ങളുടെ കടമകളെക്കുറിച്ചു ബോധവാന്മാരാകുന്ന അത്മായ ഫ്രാൻസിസ്ക്കൻ സഭാംഗങ്ങളും അവരുടെ ആദ്ധ്യാത്മികവളർച്ചയും ഐക്യത്തിനും, ദൈവവുമായി കൂടുതൽ അടുത്തു് ദൈവതിരുമനസ്സു പ്രാവർത്തികമാക്കുന്നതിനുമായി സത്യാരാധനാ ഒപ്പീസു് സമൂഹമായി നടത്തുന്നുണ്ടു് എന്നതു ചാരിതാർത്ഥ്യജനകമാണു്.

ഏകാന്തധ്യാനങ്ങൾ

പരിത്യാഗം, പ്രായശ്ചിത്തം, പ്രാർത്ഥന എന്നിവ ഫ്രാൻസിസ്ക്കൻ ജീവിതത്തിന്റെ അവിഭാജ്യഘടകങ്ങളാണെന്നു് വിശുദ്ധ ഫ്രാൻസീസ് സ്വജീവിതംവഴി നമ്മെ പഠിപ്പിക്കുന്നു. തന്റെ ജീവിതത്തിലെ സുദീർഘമായ നിമിഷങ്ങളും ഏകാന്തമായി ധ്യാനത്തിൽ അദ്ദേഹം ചെലവഴിച്ചു. ആന്തരികവും ക്രിയാത്മകവുമായ ജീവിതത്തിന്റെ ഉറവിടം ഇത്തരത്തിലുള്ള ധ്യാനജീവിതമാണു്. പരിത്യാഗം, പ്രായശ്ചിത്തം, പ്രാർത്ഥന മുതലായ അടിസ്ഥാനാദർശങ്ങളും ഉൾക്കൊള്ളുന്ന ധ്യാനപരിപാടികളും വ്യക്തിപരവും സാമൂഹ്യവുമായ നവീകരണത്തിനു വളരെ പ്രയോജനകരമാണു്. ഇതിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ പ്രൊവിൻസിലെ മൂന്നാം സഭാംഗങ്ങളും ഏകാന്തധ്യാനത്തിനു വളരെ പ്രാധാന്യം കല്പിക്കുന്നുണ്ടു്. ആണ്ടുതോറും അരഡസൻ ഏകാന്തധ്യാനങ്ങളും പുരുഷന്മാർക്കും സ്ത്രീകൾക്കുമായി വിവിധ കേന്ദ്രങ്ങളിൽവച്ചു നടത്തപ്പെടുന്നു. നമ്മെ സ്വീകരിച്ചു മാറ്റം തുടരുവാനും നാം ബോധപൂർവ്വം സ്വീകരിച്ച ആദ്ധ്യാത്മികജീവിതമാർഗ്ഗത്തെ കാലാനുകാലം പുനഃപരിശോധിച്ചു പരിഷ്ക്കരിച്ചു പുഷ്ടിപ്പെടുത്തുവാനും അനുയോജ്യവും അനിവാര്യവുമാണു് ഈ ഏകാന്തധ്യാനങ്ങൾ.

1965 മുതൽ 1972 വരെ ഫ്രാൻസിസ്ക്കൻ മൂന്നാം സഭയുടെ ആഭിമുഖ്യത്തിൽ പുരുഷന്മാർക്കായി നടത്തിയ ഏകാന്തധ്യാനങ്ങൾ

	സമയം	സ്ഥലം	ധ്യാനഗുരു
1.	1965 മേയ്	തൃശ്ശൂർ പെറ്റി സെമിനാരി	റവ. ഫാ. തോമസ് മൂർ ഒ. എഫ്. എം.
2.	1966 ഏപ്രിൽ	എൽത്തുരുത്തു് കർമ്മലീത്താശ്രമം	റവ. ഫാ. മാർസൽ, ഒ. എഫ്. എം.
3.	1967 മാർച്ചു്	മാള പള്ളിസ്കൂൾ	റവ. ഫാ. ലിയോ, ഒ. എഫ്. എം
4.	1967 മേയ്	തൃശ്ശൂർ പെറ്റി സെമിനാരി	റവ. ഫാ. ജെനെസിയൂസ്, സി. എ. ഐ.
5.	1968 ഏപ്രിൽ	ചാലക്കുടി കർമ്മലീത്ത വിശ്രമമന്ദിരം	റവ. ഫാ. റെജിസ്, ഒ. എഫ്. എം.
6.	1969 ഏപ്രിൽ	മാള പള്ളിസ്കൂൾ	റവ. ഫാ. എയ്മാഡു്, സി. എം. ഐ.
7.	1969 മേയ്	പാവട്ടി കർമ്മലീത്താശ്രമം	റവ. ഫാ. പോൾ അലപ്പാട്ടു്
8.	1969 മേയ്	കാൽവരി ശാന്തിഭവൻ	റവ. ഫാ. ജോസഫ് കണ്ടുകുളം
9.	1970 മാർച്ചു്	ചാലക്കുടി പള്ളി	റവ. ഫാ. ആൻറണി മാള്യേയ്ക്കൽ
10.	1970 മാർച്ചു്	പാവട്ടി കർമ്മലീത്താശ്രമം	റവ. ഫാ. മൊഡേസ്റ്റസ് C. M. I.
11.	1970 ഏപ്രിൽ	കാൽവരി ശാന്തിഭവൻ	റവ. ഫാ. ജോസഫ് പുളിക്കൻ (J)
12.	1971 ഏപ്രിൽ	പാവട്ടി ഹൈസ്കൂൾ	റവ. ഫാ. ജെനീസിയൂസ്
13.	1971 ഏപ്രിൽ	ചാലക്കുടി ഇംഗ്ലീഷ് മീഡിയം സ്കൂൾ	റവ. ഫാ. വിൻസെൻറ് C. M. I.

1965 മുതൽ 1972 വരെ ഫ്രാൻസിസ്ക്കൻ മൂന്നാം സഭയുടെ ആഭിമുഖ്യത്തിൽ സ്ത്രീകൾക്കായി നടത്തിയ ഏകാന്തധ്യാനങ്ങൾ

	സമയം	സ്ഥലം	ധ്യാനഗുരു
1.	1965 മേയ്	തൃശ്ശൂർ സെൻറ് ആൻസ് മഠം	റവ. ഫാ. ജോസഫ് കണ്ടുകുളം
2.	1966 മേയ്	ചേറൂർ വിമല കോളേജ്	റവ. ഫാ. ഹിപ്പോലിറസ്, ഒ. എഫ്. എം.
3.	1967 ഏപ്രിൽ	തൃശ്ശൂർ ലത്തീൻ മഠം	റവ. ഫാ. ജെനെസിയൂസ്, സി. എം. ഐ.
4.	1967 മേയ്	തൃശ്ശൂർ ലത്തീൻ മഠം	റവ. ഫാ. തോമസ് മൂർ, ഒ. എഫ്. എം.
5.	1968 ഏപ്രിൽ	അരണാട്ടുകര തിരുക്കുടുംബമഠം	റവ. ഫാ. ആൻറണി അന്തിക്കാട്
6.	1969 ഏപ്രിൽ	ചാലക്കുടി ക്ലാരമഠം	റവ. ഫാ. ഫെർഡിനാൻറ്, ഒ. എഫ്. എം.
7.	1969 ഏപ്രിൽ	അരണാട്ടുകര തിരുക്കുടുംബമഠം	റവ. ഫാ. ആൻറണി മാളിയേയ്ക്കൽ
8.	1969 മേയ്	പാവട്ടി കമ്മലീത്തമഠം	റവ. ഫാ. മാത്യു കാച്ചാപ്പിള്ളി വി. സി.
9.	1970 ഏപ്രിൽ	കൊടകര ഡോൺ ബോസ്കോ മഠം	റവ. ഫാ. സ്റ്റീഫൻ O. C. D.
10.	1970 ഏപ്രിൽ	പാവട്ടി ക്രിസ്തുരാജ് മഠം	റവ. ഫാ. ഫെർഡിനൻറ് O. F. M Cap.
11.	1970 ഏപ്രിൽ	ഒല്ലൂർ സെൻറ് മേരീസ് മഠം	റവ. ഫാ. സോളമൻ C. M. I.
12.	1971 ഏപ്രിൽ	മുണ്ടിയൂർ കോൺവെൻറ്	റവ. ഫാ. ജെരാർദ് O. F. M. Cap.
13.	1971 മേയ്	തൃശ്ശൂർ ലത്തീൻ കോൺവെൻറ്	റവ. ഫാ. ആൻറണി അന്തിക്കാട്
14.	1971 മേയ്	ചാലക്കുടി സെയ്ക്രഡ് ഹാർട്ട് കോൺവെൻറ്	റവ. ഫാ. ജോസഫ് പുളിക്കൻ (J)
15.	1972 മേയ്	തൃശ്ശൂർ ലത്തീൻ കോൺവെൻറ്	റവ. ഫാ. സിക്സ്റസ് O. F. M. Cap.

1965 മുതൽ 1972 ഉൾപ്പെടെയുള്ള കാലയളവിൽ 28 ഏകാന്തധ്യാനങ്ങൾ സംഘടിപ്പിക്കപ്പെട്ടിട്ടുണ്ട്. അവയിൽ 13 ഏകാന്തധ്യാനങ്ങൾ പുരുഷന്മാർക്കും 15 എണ്ണം സ്ത്രീകൾക്കുമായിരുന്നു. ഏകദേശം 875 പുരുഷന്മാരും 1300 സ്ത്രീകളും ഈ ഉദ്യമ ധ്യാനങ്ങളിൽ സംബന്ധിച്ചതായി കാണുന്നു.

K. K. KUNJIPALU
JEWELLER, MALA Phone : 59
ഓർഡർ അനുസരിച്ച് ആവശ്യാനുസരണം 22 കാരറ്റ് സ്വർണ്ണാഭരണങ്ങൾ പണി തീർത്തു കൊടുക്കപ്പെടും.
കൂടാതെ സ്വർണ്ണപ്പണ്ടം പണയത്തിൽ ഉറുപ്പിക കടം കൊടുക്കുന്നതാകുന്നു

വി. ഫ്രാൻസിസും സുവിശേഷവും

റവ. ഡോ. ലൂക്കോ

വിശുദ്ധ ഫ്രാൻസിസിന്റെ ജീവിതത്തിൽ സുവിശേഷത്തിനുണ്ടായിരുന്ന പ്രാധാന്യം സുവിദിതമാണല്ലൊ. വളരെ അഗാധമായ ഒരു വിഷയമാണു സുവിശേഷവും അസ്സീസിയിലെ സിദ്ധനും തമ്മിലുള്ള ബന്ധം. ഇതിനു പല പല ഭാവങ്ങളും വിവക്ഷകളുമുണ്ട്. ഇവയിലെ പ്രധാനപ്പെട്ട ചില വശങ്ങളെ വിശദീകരിക്കാനാണു ഈ ഉപന്യാസത്തിന്റെ ശ്രമം.

"സുവിശേഷം" എന്ന പദത്തിന്റെ അർത്ഥം

സുവിശേഷം, സുവിശേഷങ്ങൾ എന്ന സംജ്ഞകളെ നമുക്കെല്ലാവർക്കും സുപരിചിതങ്ങളാണല്ലൊ. ഈ പദങ്ങളെ കേൾക്കുമ്പോൾ മാത്യു, മാർക്കോ, ലൂക്കോ, ജോൺ എന്നിവർ രചിച്ച നാലു ഗ്രന്ഥങ്ങളുടെ കാര്യം ഓർമ്മയിൽ വരും. പക്ഷെ, ഇതല്ല നമ്മുടെ സംജ്ഞയുടെ മൂലാർത്ഥം. ക്രിസ്തുനാഥനും, ശിഷ്യന്മാരും, ആദ്യക്രൈസ്തവരും, സുവിശേഷഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണത്തിനു വളരെ മുമ്പുതന്നെ ഈ പദം ഉപയോഗിച്ചിട്ടുണ്ട്. വേറൊരു വിധത്തിൽ പറഞ്ഞാൽ സുവിശേഷമെന്ന വാക്കിനു വളരെ നീണ്ട പൂർവ്വചരിത്രമുണ്ട്. പ്രസ്തുത ചരിത്രം ചുരുക്കത്തിൽ പരിശോധിക്കാം.

സുവിശേഷമെന്ന മലയാളപദം ''എവൻഗേലിയോൻ'' എന്ന യവനനാമത്തിന്റെ തർജ്ജമയാകുന്നു. ഹോമർ മുതലായ പ്രാചീന സാഹിത്യകാരന്മാർ ഈ നാമം ഉപയോഗിച്ചിട്ടുണ്ട്. അവരുടെ കൃതികളിൽ ഈ പദത്തിനു രണ്ടർത്ഥങ്ങൾ കാണുന്നു: (1) നല്ല വിശേഷങ്ങൾ, ആഹ്ലാദജനകങ്ങളായ വാർത്തകൾ, സന്തോഷദായകങ്ങളായ സന്ദേശങ്ങൾ കൊണ്ടുവരുന്നവർക്കു കൊടുക്കുന്ന സമ്മാനം അഥവാ പ്രതിഫലം; (2) സന്ദേശവാഹികൾ കൊണ്ടുവരുന്ന വാർത്തകൾ, സുവിശേഷങ്ങൾ. അർത്ഥം ഇതായിരുന്നെങ്കിലും, പുരാതനഗ്രീക്കുകാരുടെയിടയിൽ എവൻഗേലിയോൻ മതപരമായ സംജ്ഞയായിരുന്നില്ല; മതപരമായ യാതൊരു വിവക്ഷയും അതിനില്ലായിരുന്നു. യുദ്ധത്തിൽ കൈവരിച്ച വിജയം, അതിന്റെ പ്രഖ്യാപനം— ഇതായിരുന്നു പദത്തിന്റെ സാധാരണ വിവക്ഷ.

നാം പഠിക്കുന്ന സംജ്ഞയ്ക്കു മതസംബന്ധമായ അർത്ഥം കൈവന്നതു്, ഗ്രീസിലും റോമിലും ചക്രവർത്തിമാർ ദേവന്മാരായി ആരാധിക്കപ്പെടുവാൻ തുടങ്ങിയ കാലത്തായിരുന്നു, പ്രജകൾ ചക്രവർത്തിമാരെ ദിവ്യമനുഷ്യരായി പരിഗണിക്കുവാൻ തുടങ്ങി; ഇതു മാത്രമല്ല മനുഷ്യകുലത്തിന്റെ രക്ഷിതാക്കളായി അവരെ ചിത്രീകരിക്കുവാനും തുടങ്ങി. ഇക്കാരണത്താൽ ചക്രവർത്തിമാരുടെ ജനനദിനം, കിരീടധാരണം മുതലായ സന്ദർഭങ്ങൾ തിരുനാളുകളായി ആഘോഷിക്കപതിവായിരുന്നു. ഈ സന്ദർഭങ്ങളെ ജനനങ്ങൾ എവൻഗേലിയോൻ എന്നു് അഭിസംബോധന ചെയ്തിരുന്നു. ഇങ്ങനെ നമ്മുടെ പദം മതപരമായ സംജ്ഞയായി.

പുതിയനിയമത്തിൽ എവൻഗേലിയോൻ എന്ന നാമം എഴുപത്തഞ്ചു തവണ ഉപയോഗിച്ചിട്ടുണ്ട്; അതെ, വിശ്വാസപരമായ സാങ്കേതിക സംജ്ഞയായിട്ടു്. ഈ ഉപയോഗം ഗ്രീക്കു് പാരമ്പര്യത്തെ ആധാരമാക്കിയുള്ളതല്ല, പ്രത്യുത, പഴയ നിയമപാരമ്പര്യത്തിൽനിന്നു് ഉത്ഭൂതമായതാണു്. എവൻഗേലിയോൻ യവനപദമാണെങ്കിലും, പുതിയ നിയമത്തിൽ അതു സൂചിപ്പിക്കുന്ന അർത്ഥം പഴയ നിയമസംഹിതയിൽനിന്നു ലഭിച്ചതുതന്നെ. അതുകൊണ്ടു് ഇനി പഴയനിയമം പരിശോധിക്കാം.

ഹീബ്രുഭാഷയിൽ ''ബിസ്സാർ'' എന്ന ക്രിയയുണ്ടു്; കൂടാതെ ''ബസോറാ'' എന്ന നാമവും.

ഇവയുടെ അത്ഥം മതപരമായിരുന്നില്ല, പ്രത്യുത ഇവ വിവക്ഷിച്ചിരുന്നതു വിജയത്തിന്റെ പ്രഖ്യാപനം മാത്രമായിരുന്നു. പക്ഷെ, ക്രിയയുടെ പാർട്ടിസിപ്പിൾ ആയ ''മെബസ്സേർ'' എന്ന പദത്തിനു പഴയനിയമത്തിൽ മതസംബന്ധമായ അത്ഥമുണ്ടു്. സുവിശേഷവാഹി, അഥവാ സുവാർത്ത പ്രഖ്യാപനം ചെയ്യുന്നവൻ: ഇതാണു മെബസ്സേർ എന്ന സംജ്ഞ സൂചിപ്പിക്കുന്ന അത്ഥം. ഇക്കാര്യം മനസ്സിലാക്കാൻ ചരിത്രം പരിശോധിച്ചേ തീരൂ.

നബൂക്കൊദൊനൊസർ ചക്രവർത്തി ഇസ്രായേൽക്കാരെ അടിമകളാക്കി ബാബിലോണിയായിലേയ്ക്കു കൊണ്ടുപോയ വസ്തുത നമുക്കു സുപരിചിതമാണല്ലൊ. അടിമത്തത്തിൽ ജീവിച്ചിരുന്ന യഹൂദന്മാരോടു പ്രസംഗിച്ചുകൊണ്ടിരുന്ന ഒരു പ്രവാചകനുണ്ടായിരുന്നു. ബൈബിൾവ്യാഖ്യാതാക്കൾ ഇദ്ദേഹത്തെ ''രണ്ടാം ഐസയാ'' എന്നു വിളിക്കുന്നു. സ്വസഹോദരരെ ആശ്വസിപ്പിക്കുക; ഭാവിമോചനത്തെപ്പറ്റി അവരെ ധരിപ്പിക്കുക; അവരുടെ വിശ്വാസം നിലനിറുത്തുക; ഇതായിരുന്നു പ്രവാചകന്റെ ലക്ഷ്യം; ഇതിനു വേണ്ടിമാത്രമായിരുന്നു അദ്ദേഹം പ്രസംഗം നടത്തിക്കൊണ്ടു പോന്നിരുന്നതു്. ഈ സന്ദർഭങ്ങളിൽ അദ്ദേഹം ഉപയോഗിക്കുക പതിവായിരുന്ന പ്രത്യേക സംജ്ഞകളിലൊന്നായിരുന്നു മെബസ്സേർ. ദൈവം ചരിത്രത്തിൽ ഉടനെത്തന്നെ ഇടപെടും; ഇസ്രായേൽജനത്തെ അടിമത്തത്തിൽ നിന്നു രക്ഷിക്കും; അവരെ ബാബിലോണിൽ നിന്നു വിമോചിപ്പിച്ചു്, പലസ്തീനായിലേയ്ക്കു് ആനയിക്കും. ഈ വാർത്ത പ്രഖ്യാപനം ചെയ്യുന്ന വ്യക്തിയത്രെ മെബസ്സേർ; ചുരുക്കിപ്പറഞ്ഞാൽ രക്ഷയുടെ സന്ദേശം മനുഷ്യരോടു പ്രഖ്യാപനം ചെയ്യുക എന്നതത്രെ നമ്മുടെ വാക്കിന്റെ പ്രധാനപ്പെട്ട അത്ഥം.

ക്രിസ്തുവിന്റെ കാലത്തിനു മുമ്പുതന്നെ പഴയനിയമം ഹീബ്രുവിൽനിന്നു ഗ്രീക്കുഭാഷയിലേയ്ക്കു വിവർത്തനം ചെയ്യപ്പെട്ടു. ഈ തർജ്ജമയാണു സെപ്റ്റുവജിൻറ് (Septuagint). സെപ്റ്റുവ

P. L. CHAKKU & SONS, ESSO DEALERS
HOSPITAL ROAD, **CHAVAKKAD**
Phone No. 330/351
മോട്ടോർ ഉടമകളുടെ സൗകര്യാർത്ഥം ഞങ്ങൾ 24 മണിക്കൂറും (Day & Night) വണ്ടികൾക്കു വേണ്ട പെട്രോൾ, ഡീസൽ, ഓയിൽ, പാർട്ട്സ് മുതലായവ കമ്പനിവിലയ്ക്കനുസരിച്ചു വിറ്റുവരുന്നു.

അലക്കാവശ്യങ്ങൾക്കു് സോപ്പു വാങ്ങിക്കുമ്പോൾ ചോദിച്ചു വാങ്ങുക
ഏ വൺ ബാർ സോപ്പ്
ഏ വൺ സോപ്പു വർക്സ്
കാഞ്ഞാണി
സ്റ്റോക്കിസ്റ്റ്:
എൻ. കെ. അലി, പുകയിലകച്ചവടം
ബീച്ച് റോഡ്, ചാവക്കാട്

ജിൻറിന്റെ വിവർത്തകർ മെബസ്സേർഎന്ന പദം ''എവൻഗേലിസോമനോസ്'' എന്നു തർജ്ജമ ചെയ്തു. ഇവിടെയും അർത്ഥം രക്ഷാസന്ദേശം പ്രഖ്യാപനം ചെയ്യുക എന്നതുതന്നെ.

സെപ്റ്റുജിൻറിന്റെ പാരമ്പര്യത്തിൽ നിന്നാണു ഗ്രീക്കുഭാഷ സംസാരിച്ചിരുന്ന ആദ്യ ക്രൈസ്തവർ എവൻഗേലിയോൻ എന്ന പദം കടം വാങ്ങിയതു്. അങ്ങനെ പുതിയ നിയമത്തിന്റെ ഗ്രീക്കുമൂലത്തിൽ പ്രസ്തുത പദം വന്നുചേർന്നു.

പുതിയ നിയമത്തിൽ എവൻഗേലിയോൻ എന്ന നാമത്തിന്റെ അർത്ഥം രക്ഷയുടെ സന്ദേശം എന്നുതന്നെ. ഈ അർത്ഥത്തിൽ ക്രിസ്തുനാഥൻ തന്നെ നമ്മുടെ പദം ഉപയോഗിച്ചിട്ടുണ്ടു്. അദ്ദേഹം സംസാരിച്ചിരുന്നതു് അറമായിക്കു് ഭാഷയാണല്ലൊ. ദിവ്യരക്ഷകന്റെ മാതൃഭാഷയിൽ സുവിശേഷമെന്ന പദം ''ബൈസർത്താ'' എന്നായിരിക്കും. അവിടത്തെ പ്രസംഗത്തിന്റെ ചുരുക്കം ഇതായിരുന്നു: ''സമയം പൂർത്തിയായിരിക്കുന്നു; ദൈവരാജ്യം സമീപിച്ചിരിക്കുന്നു; മാനസാന്തരപ്പെടുവിൻ! സുവിശേഷത്തിൽ വിശ്വസിക്കുവിൻ!'' (മാർക്കു് 1:15). ഇവിടെ സുവിശേഷമെന്ന പദംകൊണ്ടു നമ്മുടെ കർത്താവു വിവക്ഷിക്കുന്നതു രക്ഷയുടെ സന്ദേശംതന്നെ.

ക്രിസ്തുനാഥന്റെ സ്വർഗ്ഗാരോഹണത്തിനുശേഷം തിരുസ്സഭ, കുരിശുമരണംവഴി അവിടന്നു നിവൃത്തിച്ച രക്ഷാകർമ്മത്തെപ്പറ്റി പ്രസംഗിക്കുവാൻ തുടങ്ങി. ഈ പ്രസംഗം, അതെ, യേശുനാഥൻ നിവൃത്തിച്ച രക്ഷാകർമ്മത്തിന്റെ പ്രഖ്യാപനം, എവൻഗേലിയോൻ എന്ന പേരിലാണു് അറിയപ്പെട്ടിരുന്നതു്. ഇതേ അർത്ഥം പുതിയ നിയമത്തിൽ കാണാം. രക്ഷയുടെ സന്ദേശം—ഇതാണു സുവിശേഷമെന്ന പദത്തിന്റെ മൂലാർത്ഥം.

രണ്ടാം ശതാബ്ദത്തിൽ നമ്മുടെ പദത്തിനു് ഒരു പുതിയ അർത്ഥംകൂടി കിട്ടി; അതായതു ക്രിസ്തു നിവൃത്തിച്ച രക്ഷാകർമ്മത്തെപ്പറ്റി പ്രതിപാദിക്കുന്ന പുസ്തകം, അഥവാ രക്ഷാസന്ദേശം ഉൾക്കൊള്ളുന്ന ഗ്രന്ഥം. ഇങ്ങനെ മാത്യു, മാർക്കു്, ലൂക്കു്, ജോൺ എന്നിവർ രചിച്ച പുസ്തകങ്ങൾ സുവിശേഷങ്ങൾ എന്ന പേരിൽ അറിയപ്പെടാൻ തുടങ്ങി. ഇപ്പോൾ സുവിശേഷമെന്ന പദംകൊണ്ടു സാധാരണക്കാർ വിവക്ഷിക്കുന്നതു് ഇതാണു്.

ക്രിസ്തുതന്നെ സുവിശേഷം

സുവിശേഷഗ്രന്ഥങ്ങളുടെ ഉള്ളടക്കം രക്ഷാസന്ദേശമാണെന്നുള്ള വസ്തുത സുവിദിതമാണല്ലൊ. രക്ഷയെപ്പറ്റിയുള്ള സന്ദേശം രക്ഷകനെപ്പറ്റിയുള്ള സന്ദേശംകൂടെയാകുന്നു. തന്നിമിത്തം സുവിശേഷം ക്രിസ്തുതന്നെ, അഥവാ സുവിശേഷവും ക്രിസ്തുവും ഏകയാഥാർത്ഥ്യമാകുന്നു എന്നു പറയുക സാധ്യമാണു്. സുവിശേഷം വായിക്കുമ്പോഴും വിശ്വാസികളായ നാം ദിവ്യരക്ഷകനെ കണ്ടെത്തുന്നു; വിശ്വാസത്തിലൂടെ അവിടത്തെ ദർശിക്കുകയും അവിടന്നു പ്രഖ്യാപനം ചെയ്യുന്ന സന്ദേശം ശ്രവിക്കുകയും ചെയ്യുന്നു. മറെറാരു വിധത്തിൽ കാര്യം പറയാം: സുവിശേഷംവഴി വിശ്വാസികളും ദിവ്യരക്ഷകനും തമ്മിൽ സ്നേഹസംഭാഷണം നടക്കുന്നു.

നമ്മുടെ ദിവ്യരക്ഷകനായ യേശുനാഥനെ എവിടെ കണ്ടെത്താൻ സാധിക്കും? ഈ ചോദ്യത്തിനു പല ഉത്തരങ്ങളും പറയുക സാധ്യമാണു്: നമ്മുടെ അയല്പക്കാരനിൽ, തിരുസ്സഭയിൽ, എന്നിങ്ങനെ. ഇപ്രകാരമുള്ള മറുപടികളും ശരിതന്നെ. പക്ഷെ വേറെ ഒരു മറുപടികൂടെ സാധ്യമാണെന്നുള്ള വസ്തുത ഇവിടെ ഊന്നിപ്പറഞ്ഞുകൊള്ളട്ടെ. സുവിശേഷഗ്രന്ഥത്തിൽ നമ്മുടെ രക്ഷിതാവിനെ കണ്ടെത്താൻ സാധിക്കും; കാരണം അവിടന്നുതന്നെയാകുന്നു സുവിശേഷം.

സഭാപിതാക്കന്മാർ ക്രിസ്തുവാണു സുവിശേഷമെന്ന സത്യം പല തവണ പ്രഖ്യാപനംചെയ്തിട്ടുണ്ടു്. പക്ഷെ കാലക്രമേണ ക്രൈസ്തവർ ഈ വസ്തുത വിസ്മരിക്കാൻ തുടങ്ങി. ഇപ്രകാരമുള്ള ഒരു ഘട്ടത്തിൽ ഒരു വ്യക്തി ചരിത്രരംഗത്തു് ആവിർഭവിച്ചു: അദ്ദേഹമാണു നമ്മുടെ പിതാവായ അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസു്. നമുക്കറിയാമല്ലൊ മദ്ധ്യശതകങ്ങളിൽ ക്രിസ്തീയ ചൈതന്യം വാടാൻ തുടങ്ങിയെന്നു്. ക്രൈസ്തവർ സുവിശേഷത്തെ, അതെ, ക്രിസ്തുവിനെ, വിസ്മരിക്കാൻ തുടങ്ങി. സഭാനേതാക്കന്മാരും, ക്രൈസ്തവരെന്നു് അഭിമാനം കൊണ്ടിരുന്ന രാഷ്ട്രീയനേതാക്കന്മാരും, സാധാരണജനങ്ങളും അവിടത്തെ പ്രായോഗികജീവിതത്തിലൂടെ തിരസ്കരിക്കുവാനും മറക്കുവാനും തുടങ്ങി. ഇതിന്റെ ദാരുണഫലങ്ങൾ ചരിത്രത്തിന്റെ ഏടുകളിലൂടെ കണ്ണോടിച്ചാൽ മനസ്സിലാക്കാൻ സാധിക്കും.

ഈ ചരിത്രഘട്ടത്തിൽ സാപ്രയത്നഫലമായി സുവിശേഷത്തെ, അഥവാ ക്രിസ്തുവിനെ കണ്ടെത്താൻ സാധിച്ച ചുരുക്കം ചില വ്യക്തികളിലൊരാളാണ ഫ്രാൻസിസ്സ് അസ്സീസി.

ഫ്രാൻസിസു കണ്ടെത്തിയ സുവിശേഷക്രിസ്തു

ചരിത്രപുരുഷനായിരുന്ന നസ്രത്തിലെ യേശുവാണല്ലൊ സുവിശേഷക്രിസ്തു. സുവിശേഷക്രിസ്തുവെന്ന സംജ്ഞ വളരെ ബൃഹത്തായ ഒന്നാണ്; അതു ദൈവവും മനുഷ്യനുമായ അവിടത്തെ വിവരിക്കുകയും വിശദീകരിക്കയും ചെയ്യുന്ന ഒരു വിശ്വാസപ്രഖ്യാപനമാകുന്നെന്ന വസ്തുത എപ്പോഴും ഓർത്തിരിക്കേണ്ടതു് ആവശ്യമത്രെ. മനുഷ്യാവതാരം ചെയ്ത ഈശ്വരസുതനായ യേശുനാഥനെയാണ സുവിശേഷം വിശ്വാസികളുടെ മുമ്പിൽ ആവിഷ്കരിക്കുന്നതു്. അവിടുന്നതന്നെയാകുന്ന ഫ്രാൻസിസു കണ്ടെത്തിയ സുവിശേഷക്രിസ്തു.

അവിടുന്നു ദൈവമാണെന്നുള്ള സത്യം ക്രൈസ്തവർ അസ്സീസിയിലെ സിദ്ധന്റെ കാലത്തു വിസ്മരിച്ചിരുന്നില്ല; ദൈവസ്വഭാവത്തെ പ്രത്യേകിച്ചു് ന്നിപ്പറയുക അവരുടെ പതിവായിരുന്നു. തൽഫലമായി ഭക്തജീവിതത്തിൽ ക്രിസ്തുവിന്റെ ഒരു വശത്തിനുമാത്രം അസാധാരണ പ്രാധാന്യം നൽകപ്പെടുകയും, മറേറ വശത്തിനു ലഭിക്കേണ്ടിയിരുന്ന പ്രാധാന്യം വിസ്മരിക്കപ്പെടുകയും ചെയ്തു. ഇപ്രകാരം അവിടത്തെ മനുഷ്യസ്വഭാവം വിശ്വാസികളെ സംബന്ധിച്ചിടത്തോളം അപ്രധാനമായിത്തീർന്നു.

ഇവിടെ പറഞ്ഞതിൽനിന്നു ക്രിസ്തുവിന്റെ മനുഷ്യത്വത്തെ ആരും പരിഗണിച്ചിരുന്നില്ലെന്നു് അനുമാനിക്കുന്നതു ശരിയല്ല. വിശുദ്ധ ബർണാർഡിനേപ്പോലുള്ള ചുരുക്കം ചില വ്യക്തികളും അവിടത്തെ മനുഷ്യത്വവും അതിനോടുള്ള ഭക്തിയും സ്നേഹവും ആദ്ധ്യാത്മികജീവിതത്തിന്റെ അടിസ്ഥാനമാക്കിയിരുന്നു, പക്ഷെ, അവരുടെ പ്രയത്നങ്ങളും ജനക്കൂട്ടങ്ങളുടെയിടയിൽ പറ

USHA

ഇന്ത്യയിൽ ഏററവും വില്പനയുള്ള മിഷ്യൻ, ഫാൻ

ഉഷാ അമേരിക്ക, ഇംഗ്ലണ്ടു് മുതലായ വിദേശരാജ്യങ്ങളിലേയ്ക്കു കയററുമതി ചെയ്യപ്പെടുന്നു.

തുന്നൽമിഷ്യൻ, ഫാൻ, **ഉഷാ**

GLOBAL TRADES & INDUSTRIES

P. B. No. 18

HIGH ROAD, TRICHUR-1

ഗ്ളോബൽ ട്രെയിഡ്സ് & ഇൻഡസ്ട്രീസ്

ഹൈറോഡ്, തൃശ്ശൂർ – 1

പടക്കം, മത്താപ്പു്, കമ്പിത്തിരി മുതലായ വെടിക്കെട്ടു സാമാനങ്ങൾക്കും തീപ്പെട്ടിനിർമ്മാണത്തിനും വെടിക്കെട്ടനിർമ്മാണത്തിനും ആവശ്യമുള്ള എല്ലാ സാമാനങ്ങൾക്കും കടലാസുതരങ്ങൾക്കും ഞങ്ങളെ സമീപിക്കുക:

PHONE: 1221 & 2332
RES: 2442

GRAM: "GLOBAL"

യത്തക്ക ഫലമൊന്നും ഉല്പാദിപ്പിച്ചില്ല. മദ്ധ്യ ശതകങ്ങളിലെ സാധാരണജനങ്ങളെ മനുഷ്യനായ ക്രിസ്തുവുമായി പരിചയപ്പെടുത്തിയതു് അസ്സീസിയിലെ വിശുദ്ധനും അദ്ദേഹം സമാരംഭിച്ച പ്രസ്ഥാനവുമായിരുന്നെന്നു പ്രസ്താവിക്കുന്നതിൽ അതിശയോക്തി ഒട്ടുംതന്നെയില്ല. ചുരുക്കത്തിൽ ഫ്രാൻസിസ് യഥാർത്ഥ മനുഷ്യനായ സുവിശേഷ ക്രിസ്തുവിനെ കണ്ടെത്തിയെന്നു സമ്മതിച്ചേ തീരൂ; മാത്രമല്ല അദ്ദേഹം ഈ സത്യമനുഷ്യനെ സമകാലീനർക്കെല്ലാം സുപരിചിതനുമാക്കി. ഇവിടെയാണു ഫ്രാൻസിസിന്റെ 'ഒറിജിനാലിറ്റി.'

എവിടെയാണു വിശുദ്ധൻ യഥാർത്ഥ ക്രിസ്തുവിനെ കണ്ടെത്തിയതു്? സുവിശേഷത്തിൽ: ഇതാണു ശരിയായ ഉത്തരം. ഫ്രാൻസിസിന്റെ അനുയായികളായ നമുക്കെല്ലാവർക്കും ഇതിൽനിന്നു് ഒരു പാഠം പഠിക്കുവാനുണ്ടു്: സുവിശേഷത്തിൽ തേടിയാലേ യഥാർത്ഥ ക്രിസ്തുവിനെ കണ്ടെത്താൻ സാധിക്കുകയുള്ളൂ. ഫ്രാൻസിസ് ദിവസേന വേദപുസ്തകം വായിക്കുകയും അതു ധ്യാനത്തിനും പ്രാർത്ഥനയ്ക്കും ഉപയോഗിക്കുകയും ചെയ്തിരുന്നു. ഇങ്ങനെ നടന്ന അശ്രാന്തപരിശ്രമഫലമായി അദ്ദേഹത്തിനു ക്രിസ്തുവിനെപ്പറ്റിയുള്ള മഹാജ്ഞാനം സംസിദ്ധമായി. വായന, പഠനം, ധ്യാനം: ഇതു കൂടാതെ നമ്മുടെ ദിവ്യരക്ഷകനെ അറിയുക സാധ്യമല്ല.

സത്യമനുഷ്യനായ, പരിപൂർണ്ണമനുഷ്യനായ, യേശുക്രിസ്തുവിനോടുള്ള സ്നേഹമായിരുന്നല്ലോ വിശുദ്ധ ഫ്രാൻസിസിനെ സംബന്ധിച്ചിടത്തോളം ആദ്ധ്യാത്മികജീവിതത്തിന്റെ അടിസ്ഥാനം. ഇപ്രകാരം പറയുമ്പോൾ സിദ്ധൻ ദിവ്യഗുരുവിന്റെ ദൈവത്വം വിസ്മരിച്ചെന്നു വിചാരിക്കരുതു്. അദ്ദേഹം അവിടത്തെ ദൈവമായി ആരാധിക്കുകയും സ്നേഹിക്കുകയും ചെയ്തിരുന്നു. ''നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണമനസ്സോടും പൂർണ്ണശക്തിയോടുംകൂടെ സ്നേഹിക്കണം'' എന്ന കല്പന അദ്ദേഹം നിറവേറ്റി; അദ്ദേഹം ദൈവത്തെ സ്നേഹിച്ചു; പക്ഷെ ഈ സ്നേഹം സത്യദൈവമായ ക്രിസ്തുവിനോടുള്ള സ്നേഹമായിരുന്നെന്ന കാര്യം ഇവിടെ എടുത്തു പറയുന്നു.

യഥാർത്ഥ മനുഷ്യനായി സുവിശേഷത്തിൽ ആവിഷ്കൃതനായിരിക്കുന്ന യേശുവിനു പല വശങ്ങളുണ്ടു്. ഉദാഹരണമായിട്ടു് അവിടന്നു കരുണയുടെയും സ്നേഹത്തിന്റെയും മൂർത്തീകരണമായിരുന്നു. അവിടന്നു നായീമിലെ വിധവയെ ആശ്വസിപ്പിച്ചു; ആ സ്ത്രീയോടു്, മനസ്സലിഞ്ഞു്, കരയേണ്ടായെന്നു പറഞ്ഞു. മൃത്യുവിനിരയായ ലാസറസിന്റെ സോദരികളെ തേങ്ങിക്കരയുന്നതു കണ്ടപ്പോഴും അവിടന്നും കണ്ണുനീർ പൊഴിച്ചു. വീണ്ടും അവിടന്നു് അനുദിന ജീവിതത്തിലെ ചെറിയ സന്തോഷങ്ങൾ അനുഭവിക്കുക പതിവായിരുന്നു. വല്ലവരും അത്താഴത്തിനു ക്ഷണിച്ചാൽ അവിടന്നു് ആ ക്ഷണം സ്വീകരിച്ചിരുന്നു. തന്നിമിത്തം ശത്രുക്കൾ യേശുവിനെ ഭോജനപ്രിയനെന്നു വിളിച്ചു പരിഹസിക്കുകയുണ്ടായി. പാടത്തിലെ ലില്ലി, ആകാശത്തിലെ പറവകൾ, കൃഷിക്കാരുടെ അനുദിനപ്രവൃത്തികൾ, അടുക്കളയിൽ സ്ത്രീകൾ ചെയ്തിരുന്ന ജോലികൾ, വഴിയിൽ കളിക്കുന്ന കുട്ടികളുടെ വഴക്കുകൾ, മുതലായ അനുദിനാനുഭവങ്ങൾ ക്രിസ്തുനാഥൻ ശ്രദ്ധിക്കുകയും അവയെല്ലാം പ്രസംഗവേളയിൽ ഉദാഹരണരൂപേണ ഉദ്ധരിക്കുകയും ചെയ്തിരുന്നു. ഇവിടെയെല്ലാം നാം കാണുന്നതു വിചാരവികാരങ്ങളുള്ള ഒരു യഥാർത്ഥ മനുഷ്യനെയാണു്.

ദിവ്യഗുരുവിന്റെ മനുഷ്യത്വത്തിന്റെ ഈ വിവിധവശങ്ങൾ അസ്സീസിയിലെ വിശുദ്ധൻ ശരിയായി മനസ്സിലാക്കി. അതിനാലാണു് അദ്ദേഹം മൃഗങ്ങളോടെ നേരെ പ്രത്യേകസ്നേഹം പ്രകടിപ്പിച്ചതു്. സൂര്യനും പറവകളും മരവും മറ്റും അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം സഹോദരീസഹോദരന്മാരായിരുന്നു. ദിവ്യരക്ഷകനെപ്പോലെത്തന്നെ വിശുദ്ധനും വേദനസഹിച്ചിരുന്ന മനുഷ്യരുടെ നേരെ പ്രത്യേകസ്നേഹം പ്രകടിപ്പിക്കുകയുണ്ടായി. പാപികളായിരുന്നവർപോലും അദ്ദേഹത്തിന്റെ സ്നേഹത്തിനു പാത്രവാന്മാരായിരുന്നു. ഇതിന്റെ കാരണമെന്താണു്? സുവിശേഷക്രിസ്തുവുമായി വിശുദ്ധനുണ്ടായിരുന്ന പരിചയംതന്നെ.

സുവിശേഷക്രിസ്തുവിനുള്ള മറ്റൊരു വിശേഷമത്രെ ദാരിദ്ര്യം. നസ്രത്തിലെ യേശു, സാധാരണ മനുഷ്യൻ, അതെ, അദ്ധ്വാനിച്ചു ജീവിതം കഴിച്ചു പോന്ന സാധാരണക്കാരൻ, ആയിരുന്നു. അവിടന്നു പ്രസ്താവിക്കുകയുണ്ടായി: ''കുറുനരികൾക്കു് അളകളും, പറവകൾക്കു കൂടുകളുമുണ്ടു്, പക്ഷെ മനുഷ്യപുത്രനു തല ചായ്ക്കാൻ സ്ഥലമില്ല.'' നമുക്കറിയാമല്ലൊ സുവിശേഷ

ഭാഗ്യങ്ങളും സമാരംഭിക്കുന്നതെങ്ങനെയാണെന്നു്. ''ദരിദ്രർ അനുഗ്രഹീതർ; എന്തുകൊണ്ടെന്നാൽ സ്വർഗ്ഗരാജ്യം അവരുടേതാകുന്നു.'' ഒന്നാം സുവിശേഷത്തിലെ പാഠമനുസരിച്ചു്, ''ആത്മാവിൽ ദരിദ്രർ അനുഗ്രഹീതരാകുന്നു; എന്തുകൊണ്ടെന്നാൽ സ്വർഗ്ഗരാജ്യം അവരുടേതാകുന്നു.'' ഈ പ്രസ്താവനയുടെ അർത്ഥം ശരിയായി മനസ്സിലാക്കണം.

ക്രിസ്തുവിന്റെ വാക്കുകളും വാസ്തവത്തിൽ ഒരുൽഘോഷമാണു്: ''എത്ര അനുഗ്രഹീതരാണു ദരിദ്രർ!....'' ഈ അനുഗ്രഹീതാവസ്ഥയുടെ കാരണം അവിടുന്നുതന്നെ വിശദമാക്കിയിട്ടുണ്ടു്: ദരിദ്രരുടേതാണു സ്വർഗ്ഗരാജ്യം. ദൈവരാജ്യം, അഥവാ സ്വർഗ്ഗരാജ്യം എന്ന സംജ്ഞ പലതവണ പുതിയ നിയമത്തിൽ കാണാം. അതു സൂചിപ്പിക്കുന്നതു ദൈവം മനുഷ്യനു ദാനം ചെയ്യുന്ന നിത്യരക്ഷയത്രെ. ദരിദ്രർക്കു് ഇപ്പോഴത്തെ മഹാദാനമായ നിത്യരക്ഷയിൽ ഭാഗഭാഗിത്തമുണ്ടു്. ഇതാണു ക്രിസ്തുനാഥൻ പ്രഥമ സുവിശേഷഭാഗ്യത്തിലൂടെ നൽകുന്ന സന്ദേശം.

ദിവ്യരക്ഷകന്റെ ദരിദ്രജീവിതം, ദാരിദ്ര്യത്തെപ്പറ്റി അവിടുന്നു പഠിപ്പിക്കുന്ന പാഠം, അസ്സീസിയിലെ വിശുദ്ധൻ പരിപൂർണ്ണമായി മനസ്സിലാക്കി. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ചരിത്രപുരുഷനായ നസ്രത്തിലെ യേശുവിന്റെ ഏറ്റവും വലിയ വിശേഷം ദാരിദ്ര്യമായിരുന്നു; സുവിശേഷക്രിസ്തു ദരിദ്രനായ ക്രിസ്തുവായിരുന്നു. ഇക്കാരണത്താലാണു ഫ്രാൻസിസു ദരിദ്രജീവിതം കൈവരിക്കുകയും, അനുയായികളും ദരിദ്രരായി ജീവിക്കണമെന്നു നിർദ്ദേശിക്കുകയും ചെയ്തതു്. ദരിദ്രനായ ക്രിസ്തുവിനെ അനുകരിച്ച വിശുദ്ധൻ സമകാലീനലോകത്തിൽ ഉത്കൃഷ്ടമാക്കിയ വിപ്ലവത്തിന്റെ ചരിത്രം നമുക്കു സുപരിചിതമായതിനാൽ ഇവിടെ വിവരിക്കേണ്ട ആവശ്യമില്ല.

സുവിശേഷമെന്ന പദത്തിന്റെ അർത്ഥം, സുവിശേഷത്തിന്റെ ഉള്ളടക്കം ക്രിസ്തുവാണെന്നുള്ള വസ്തുത, സുവിശേഷക്രിസ്തുവിന്റെ വിശേഷങ്ങളും എന്നീ വിഷയങ്ങളും നമ്മുടെ ഉപന്യാസത്തിൽ ചർച്ചചെയ്യപ്പെടുകയുണ്ടായി. വിശുദ്ധ ഫ്രാൻസിസു് അസ്സീസി സുവിശേഷപാരായണം നടത്തുകയും, അതിലൂടെ ക്രിസ്തുവിനെ കണ്ടെത്തുകയും ചെയ്തെന്നു പ്രസ്താവിക്കുകയുണ്ടായി. ഫ്രാൻസിസിന്റെ അനുയായികളായ നമ്മെ സംബന്ധിച്ചിടത്തോളം ഈ ചർച്ചകളും പ്രായോഗികങ്ങളായ വശങ്ങളുണ്ടെന്നു കാര്യം സുവിദിതമാണല്ലൊ. ആദ്യമായി നാമെല്ലാവരും സുവിശേഷപാരായണം നടത്തണം;എങ്കിൽ മാത്രമേ ക്രിസ്തുവുമായി പരിചയപ്പെടുവാൻ സാധിക്കുകയുള്ളു. സുവിശേഷങ്ങളും വായിക്കുക, അവ ധ്യാനഗ്രന്ഥമാക്കുക: ഇതു വളരെ അത്യാവശ്യപ്പെട്ട സംഗതിയാണു്. അടുത്തതായി, സുവിശേഷത്തിലെ ക്രിസ്തുവിനെ കണ്ടെത്താൻ അശ്രാന്തപരിശ്രമം നടത്തണം; കാരണം, മുട്ടിയാൽ മാത്രമേ വാതിൽ തുറക്കപ്പെടുകയുള്ളു. വീണ്ടും സുവിശേഷക്രിസ്തുവിനെ നമ്മുടെ ജീവിതത്തിൽ പകർത്തുവാൻ ശ്രമിക്കണം. ഈ ശ്രമം സാധ്യവും ഫലപ്രദവുമാണെന്നു് അസ്സീസിയിലെ വിശുദ്ധൻ സ്വജീവിതത്തിലൂടെ സ്ഥാപിക്കുകയുണ്ടായി. അദ്ദേഹം തെളിച്ച വഴിയിലൂടെ നമുക്കും സഞ്ചരിക്കാം.

C. JOS RAPHEAL

സി. ജോസു് റാഫേൽ


സൈക്കിൾ & പെട്രോൾമാക്സു് റിപ്പയർ, വടക്കാഞ്ചേരി

വടക്കാഞ്ചേരിയിലെ പഴക്കവും വിശ്വസ്തതയുമുള്ള സ്ഥാപനം.


സന്ദർശിക്കുക: **സി. ജോസു് റാഫേൽ**

വടക്കാഞ്ചേരി [കൊച്ചിൻ]


ഭവനനിർമ്മാണപദ്ധതി ജൂബിലി സ്മാരകം



മുണ്ടോർ — ബിഷപ്പ് ആശീർവ്വദിച്ചു



മാള — പള്ളിപ്പുറം




പോട്ട



ചാലക്കുടി




കുണ്ടന്നൂർ



മാള



കുണ്ടന്നൂർ




മാള

വിവിധ പദ്ധതികൾ



സംഭാവനാക്കൂപ്പൺ — ശ്രുതാ ഡയറക്ടർ റവ. ഫാ. തോമസ്സ് മുറിൽനിന്നു കണ്ടുകളം തിരുമേനി വാങ്ങിക്കുന്നു.



ഒല്ലൂർ ബൈബിൾ വിതരണപദ്ധതി. 650 ബൈബിൾ വിതരണംചെയ്യുന്ന സമാപനപരിപാടി.




ചൊവ്വർ കുടവിതരണപദ്ധതിയുടെ ഉൽഘാടനം.




കുട്ടികൾക്കൊരു വിരുന്ന്


കൊല്ലംതോറും അസ്സീസിപുണ്യവാന്റെ തിരുനാൾദിവസം മരത്താക്കര പള്ളിയിൽ സാധുകുട്ടികൾക്കു നടത്തിവരുന്ന വിരുന്നിന്റെ ഒരു ദൃശ്യം.




തൊഴിലില്ലാത്തവക്കു തൊഴിൽ

ഇടത്തു്: മങ്ങാട്ടു് ബീഡി തെറുപ്പുകേന്ദ്രം ബിഷപ്പു കണ്ടുകളം തിരുമേനി ഉൽഘാടനംചെയ്യാൻ വരുന്നു. താഴെ: അംബർചക്ക പരിശ്രമാലയം — തിരുമേനി ഉൽഘാടനപ്രസംഗംചെയ്യുന്നു. സമീപത്തു് പരേതനായ ശ്രീ. ബാലകൃഷ്ണമാരാരേയും കാണാം.






തയ്യൽ പരിശീലനകേന്ദ്രം, അമ്മാടം



വിദ്യാഭ്യാസസഹായപദ്ധതി


തൃശ്ശൂർ ലൂർദ്ദുപള്ളിയിലെ പദ്ധതിഅംഗങ്ങൾ സംഘം ഭാരവാഹികളുടെകൂടെ.



ചാലക്കുടി: ''കുഞ്ഞിമോഹംക്കൊരു വിവാഹനിധി'' അഭിവന്ദ്യ തിരുമേനിയിൽനിന്നു് അമ്മ പാസുബുക്കു സ്വീകരിക്കുന്നു.

ജൂബിലി സ്മാരക വിവാഹസഹായനിധി, ഭവനനിർമ്മാണപദ്ധതി


ഉൽഘാടനം : 6–10–68



ജൂബിലി സമ്മേളനത്തിൽവെച്ചു് കേന്ദ്രസഹായം സ്വീകരിച്ചുകൊണ്ടു രേഖകളിൽ ഒപ്പുവെയ്ക്കുന്നു. വെ. റവ. ഫാ. ജോസ് ചിറ്റിലപ്പള്ളി (പാലയൂർ വിവാഹനിധി); റവ. ഫാ. അബ്രാഹം കിഴക്കുടൻ (Jr.) (മാള ഭവനനിർമ്മാണപദ്ധതി).



വിവാഹപ്രായമെത്തിനില്ക്കുന്നവർക്കൊരു വിവാഹസഹായനിധി — തൃശ്ശൂർ പുത്തൻപള്ളിയിലെ നൂതനപദ്ധതിയിലെ അംഗങ്ങൾ. ആഴ്ചതോറും 2രൂ. നിക്ഷേപിക്കുന്ന അംഗങ്ങൾക്കു് ആഴ്ചതോറും സംഘത്തിൽനിന്നും പള്ളിഫണ്ടിൽ നിന്നും 3രൂ. യിൽ കവിയാത്ത സഹായം. നാലു കൊല്ലംകൊണ്ടു കുറഞ്ഞതു് ആയിരം രൂപ ഓരോ അംഗത്തിനും ലഭിക്കുന്നു.



ചാലക്കുടി—പുതിയ വീടിന്റെ താക്കോൽ ഏല്പിക്കുന്നു.

ബൈബിൾ വിതരണപദ്ധതി

ക്രൈസ്തവജീവിതത്തിൽ ബൈബിളിനുള്ളസ്ഥാനം എത്രമാത്രം ബഹുമാനത്താണെന്നു് എല്ലാവർക്കുമറിയാം. ക്രിസ്ത്യാനിയുടെ ജീവിതം കൂടുതലായും വേദപുസ്തകാധിഷ്ഠിതമാക്കാൻ — സുവിശേഷസന്ദേശത്തിന്റെ സജീവസാക്ഷ്യമാക്കാൻ—നാം ഉറ്റു പരിശ്രമിക്കേണ്ടിയിരിക്കുന്നു. ഇക്കാര്യത്തിൽ മറ്റുള്ളവരെ അപേക്ഷിച്ചു കൂടുതൽ ഉത്സാഹവും ശ്രദ്ധയും പ്രദർശിപ്പിക്കേണ്ടതു ഫ്രാൻസിസ്കൻ മൂന്നാം സഭാംഗങ്ങളാണെന്നതിൽ രണ്ടു പക്ഷമില്ല. അന്യത്ര കൊടുത്തിരിക്കുന്ന പണ്ഡിതോചിതമായ ലേഖനം ഇക്കാര്യത്തിലേയ്ക്കു വിരൽ ചൂണ്ടുന്നു. കാരണം, ഫ്രാൻസിസ്കന്റെ അരൂപിയുടെ ഉറവിടവും ചേതനയും വേദപുസ്തകമാണല്ലോ.

സുവിശേഷസന്ദേശത്തിനു സാക്ഷ്യം വഹിക്കുക എന്ന ദൗത്യത്തിൽ അടങ്ങിയിരിക്കുന്ന ഒരു കടമ വി. ഗ്രന്ഥം ഓരോ ക്രൈസ്തവന്റേയും പക്കൽ എത്തിക്കുകയാണു്. ഇതിനകം പലേ പദ്ധതികളും ആവിഷ്കരിച്ചു നടപ്പിലാക്കിയ നാം, ബൈബിൾ വിതരണപദ്ധതിക്കും ആരംഭത്തിൽത്തന്നെ മുൻതൂക്കം നല്കി. ആയിരക്കണക്കിനു ക്രിസ്തീയകുടുംബങ്ങളിൽ നമുക്കു ബൈബിൾ എത്തിക്കുവാൻ കഴിഞ്ഞു. എങ്കിലും, മറ്റു സാമൂഹ്യക്ഷേമപദ്ധതികളിലേയ്ക്കു നമ്മുടെ ശ്രദ്ധ തിരിഞ്ഞതോടുകൂടി ബൈബിൾ വിതരണത്തിനു സാരമായ മാന്ദ്യം ബാധിച്ചിട്ടുണ്ടു്. ഇനിയും ബൈബിൾ ലഭിക്കാത്ത കുടുംബങ്ങളിൽ അതു് എത്തിച്ചുകൊടുക്കേണ്ട ചുമതല നമ്മിൽ വഹിക്കേണ്ടിയിരിക്കുന്നു.

1967-ൽ തുടങ്ങിയ ബൈബിൾ വിതരണപദ്ധതിയുടെ നാളിതുവരെയുള്ള റിപ്പോർട്ടു് താഴെ കൊടുത്തിരിക്കുന്നു.

1967 — ഓഗസ്റ്റിലാണു് ഈ പദ്ധതി പ്രായോഗികരൂപം പൂണ്ടതു് പൊങ്ങണംകോട്ട പള്ളിയിൽ വെച്ചു്, ഇതിന്റെ ഉൽഘാടനം നടന്നു. തുടർന്നു വിവിധ ഇടവകകളിലായി 40 സെന്ററുകൾ തുറക്കുകയുണ്ടായി. ഇതിനകം 8000 ബൈബിൾ വിതരണം ചെയ്യപ്പെട്ടു. എണ്ണത്തിൽ ഏറ്റവും കൂടുതൽ വിതരണം നടന്നതു ചാലക്കുടി (750) യിലും ഒല്ലൂരു (600) മാണു്. ഓരോ സ്ഥലങ്ങളിലേയും ഇടവകക്കാരുടെ എണ്ണം വെച്ചു നോക്കുമ്പോൾ ഇതെത്രയോ നിസ്സാരമാണു്. അതു മാത്രമല്ല ഇനിയും എത്രയോ കേന്ദ്രങ്ങൾ തുറക്കപ്പെടേണ്ടതായിട്ടുണ്ടു്. അവയിലൂടെ ആയിരമായിരം കത്തോലിക്കാഭവനങ്ങളിൽ പൊലിയാത്ത പ്രേമത്തിന്റെ ഈ കഥാപുസ്തകം ചെന്നെത്തണം.

ഇടവക	വർഷം	ആകെ എണ്ണം
1 പൊങ്ങണംകോട്ടു്	1967–68	72
2 വേലൂർ	1967–68	186
3 മുണ്ടത്തിക്കോട്ടു്	1967–68	92
4 പുത്തൂത്തി	1967–68	90
5 എരുമപ്പെട്ടി	1967–68	170
6 മറ്റം	1967–68	72
7 മമ്മിയൂർ	1967–68	65
8 പാവറട്ടി	1967–68	270
9 ചേറൂർ	1968–69	77
10 പറപ്പൂക്കര	1967–68	163
11 മുക്കൊട്ടു്	1967–68	58
12 തിരുർ	1967–68	230
13 എരനെല്ലൂർ	1967–68	190
14 ചാലക്കുടി	1967–68	750
15 പഴവിൽ	1967–68	94
16 ചൊവ്വൂർ	1967–68	170

ജൂബിലിസ്മാരക വിവാഹ സഹായ ലഘുനിക്ഷേപപദ്ധതി

ഇത്തിരി മണ്ണും ഒത്തിരി മനുഷ്യരുമുള്ള മലയാളക്കരയെ ഇന്നു് അഭിമുഖീകരിക്കുന്ന നീറുന്ന പ്രശ്നങ്ങളിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നാണല്ലോ പാവപ്പെട്ട പെൺകുട്ടികളുടെ വിവാഹം. തീർത്തും ബഹിഷ്ക്കരിക്കപ്പെടേണ്ടതാണെങ്കിലും, ഇന്നത്തെ സമുദായഘടനയനുസരിച്ചു്, പെട്ടെന്നു് ഇല്ലാതാകുമെന്നു ന്യായമായി പ്രതീക്ഷിക്കുവാൻ വകയില്ലാത്ത സ്ത്രീധനസമ്പ്രദായം പാവപ്പെട്ട മാതാപിതാക്കൾക്കു് ഇന്നു് ഒരു പേടിസ്വപ്നമാണു്. ''ആകയാൽ സഹായിക്കുവാൻ സഹായിക്കുക'' എന്ന ആദർശത്തിന്റെ പ്രേരണയാൽ, സന്മനസ്സുള്ള, സ്വയം സഹായിക്കുവാൻ തയ്യാറുള്ള, സാമ്പത്തികമായി പരാധീനരായ മാതാപിതാക്കളെ മിതവ്യയശീലംമൂലം ഉത്തരവാദിത്വബോധമുള്ളവരാക്കുവാനും, പ്രോത്സാഹിപ്പിക്കുവാനും കച്ചകെട്ടിയിറങ്ങിയിരിക്കുകയാണു് ഇന്നാട്ടിലെ ഫ്രാൻസിസ്കൻ മൂന്നാം സഭാംഗങ്ങളും സത്യാരാധനാ സംഘക്കാരും. പ്രാർത്ഥനയിലും തപസ്സിലും മാത്രം ഒതുങ്ങിക്കഴിയാതെ, സമുദായസേവനാർത്ഥം തീർത്തും സജീവമായ കർമ്മരംഗത്തേയ്ക്കുവർ കാലു കുത്തിയിരിക്കുന്നു, തങ്ങളുടെ നവീനാസൂത്രണങ്ങളുമായി. ഭവനനിർമ്മാണപദ്ധതി, വിവാഹ സഹായനിധി എന്നീ പേരുകളിൽ അവർ ആവിഷ്കരിച്ചിട്ടുള്ള ഈ പൊതുപരിപാടികൾ, തൃശ്ശൂർ മെത്രാൻ റൈറ്റ് റവ. ഡോ. ജോർജ്ജ് ആലപ്പാട്ടു് തിരുമേനിയുടെ പട്ടാഭിഷേക രജത ജൂബിലിയുടേയും ഫ്രാൻസിസ്കൻ മൂന്നാം സഭ കേരളത്തിലാരംഭിക്കപ്പെട്ടതിന്റെ ശതാബ്ദജൂബിലിയുടേയും നിത്യസ്മാരകങ്ങളായി നിലകൊള്ളുമെന്നു ഞങ്ങൾ പ്രതീക്ഷിക്കുന്നു.

വ്യവസ്ഥകൾ

മുടക്കുകൾക്കു പിഴ ഇടാക്കുന്നില്ല. ഞങ്ങളുടെ പ്ലാൻ അനുസരിച്ചു് ഏറ്റവും ചുരുങ്ങിയതു് 1000രൂ. യാണു് ഓരോ നിധിക്കും വേണ്ടതു്. അഞ്ഞൂറോ അതിൽ കൂടുതലോ തുക സ്വരൂപിക്കുന്ന പ്രാദേശിക സംഘടനക്കാർക്കു് 500രൂ. കേന്ദ്രവിഹിതമായി കൊടുത്തുവരുന്നു.

ഇടവക	വർഷം	ആകെ എണ്ണം
17 കുന്നമുച്ചി	1967-68	160
18 പറപ്പൂർ	1967–68	420
19 പുറനാട്ടുകര	1967–68	130
20 കുറിക്കാട്ടു്	1967–68	120
21 നെടുപുഴ	1967–68	94
22 വടക്കാഞ്ചേരി	1967–68	220
23 തൃശ്ശൂർ	1968–69	210
24 തെ. താണിശ്ശേരി	1967–68	200
25 ഒല്ലൂർ	1968–69	600
26 പേരാമ്പ്ര	1968–69	240
27 മച്ചാട്ടു്	1968–69	160
28 കോട്ടപ്പടി	1971–72	145
29 കൊട്ടേക്കാട്ടു്	1971–72	175
30 പോട്ട	1971–72	160
31 വെളിയനാട്ടു്	1971–72	150
32 മരത്താക്കര	1967–68	210
33 മുല്ലശ്ശേരി	1970–71	200
34 മൂന്നുമുറി	1972	200
35 കോടന്നൂർ	1970–71	165
36 മണലൂർ	1971–72	200
37 ഏനമ്മാവു്	1971–72	190
38 മങ്ങാടു്	1970–71	175
39 കുണ്ടന്നൂർ	1969–70	210
40 മുക്കാട്ടുകര	1968–69	230
,,	1970–71	135

വിവാഹസഹായപദ്ധതിയുടെ ഇടവകതോറുമുള്ള സ്ഥിതിവിവരം

നമ്പ്	ഇടവക	സംഭാവന ലഭിച്ച വിധം	പ്രാദേശികപരിശ്രമഫലം	കേന്ദ്രവിഹിതം	ആരംഭിച്ചതു്	ഇതുവരെ ചേർന്ന അംഗങ്ങൾ
1	പറപ്പൂർ	നറുക്കെടുപ്പ്	962	500	1968	210
		ലേലം	262			
2	അരണാട്ടുകര	പിരിവു്	650	500	1968	205
3	ചെങ്ങാലൂർ	പിരിവു്	500	500	1968	250
4	തിരുർ	സിനിമ	600	500	1968	160
5	പാവർട്ടി	പിരിവു്	500	500	1968	280
6	കുനംമുച്ചി	പിരിവും ലോട്ടറിയും	500	500	1968	133
7	ചാലക്കുടി (സ്ത്രീകൾ)	പിരിവും നറുക്കെടുപ്പും	1300		1968	50
8	എരനെല്ലൂർ	പിരിവു്	500	500	1968	93
9	വൈന്തല	പിരിവു്	1000	500	1968	275
10	വെള്ളിക്കുളങ്ങര	സംഭാവന നറുക്കെടുപ്പു്	1100	500	1968	150
11	പൊയ്യ	സംഭാവന നറുക്കെടുപ്പു്	701	500	1968	60
12	അന്തിക്കാടു്	പിരിവു്	617	500	1968	69
13	മരത്താക്കര	പിരിവു്	652	500	1969	151
14	പൂമല	പിരിവു്	621	500	1968	95
15	തിരുവെങ്കിടം	പിരിവും ലേലവും	500	500	1968	75
16	കുറിയച്ചിറ	സംഭാവന നറുക്കെടുപ്പു്	670		1968	151
17	എലഞ്ഞിപ്ര	പിരിവു്	800	500	1968	65
18	കുറിക്കാടു്	പിരിവു്	500	500	1968	100
19	നടത്തറ	പിരിവു്	817	500	1968	100
20	ചൊവ്വൂർ	സംഭാവന നറുക്കെടുപ്പു്	500	500	1968	160
21	നെടുപുഴ	പിരിവു്	501	500	1969	40
22	പുത്തൻവേലിക്കര വടക്കുംമുറി	പിരിവു്	704	500	1969	50
23	പാലയൂർ	പിരിവു്	500	500	1969	100
24	മമ്മിയൂർ	പിരിവു്, ലോട്ടറി	500	500	1968	75
25	അമ്മാടം	നെല്ലുപിരിവു്	530	500	1968	88
26	മറ്റം	പിരിവു്	660	500	1969	100
27	മച്ചാടു്	പിരിവു്	500	500	1968	108
28	മുക്കനാടു്	സംഭാവന നറുക്കെടുപ്പു്	548	500	1968	65
29	കുണ്ടന്നൂർ	പിരിവു്	500	500	1969	150
30	മുക്കാട്ടുകര	പിരിവു്	500	500	1969	120
31	തൊയക്കാവു്	സംഭാവന നറുക്കെടുപ്പും പിരിവും	2500	500	1970	175
32	മങ്ങാടു്	പിരിവു്	500	500	1970	125
33	കാതുർ	പിരിവു്	500	500	1970	120
34	പേരാമ്പ്ര	സംഭാവനയും നറുക്കെടുപ്പും	750	500	1971	230
35	താഴൂർ	സംഭാവന	500		1971	110
36	ചാലക്കുടി (പുരുഷന്മാർ)	സംഭാവന	700	250	1971	320
37	പോട്ട	സംഭാവന	750	250	1971	310
38	വടക്കാഞ്ചേരി	സംഭാവന	600	250	1971	195
39	അത്താണി	സംഭാവന			1972	50
40	കോട്ടപ്പടി	നറുക്കെടുപ്പും സംഭാവനയും	1500		1971	
41	ഒല്ലൂർ	സംഭാവന	1000	200	1972	110
42	കല്ലൂർ (പടി.)	43) വേലൂർ 44) കൊട്ടേക്കാടു് മുതലായ സ്ഥലങ്ങളിൽ നിന്നും പൂർണ്ണമായ റിപ്പോർട്ട കിട്ടിയിട്ടില്ല.				

PHONE { STORES 2323 / RES: 2140 — BAKERY 581 / FACTORY 581 A

KALLINGAL BAKERY

CERTIFIED BAKERS, M. O. ROAD, TRICHUR - 1

AND

KALLINGAL STORES

MUNICIPAL OFFICE ROAD, TRICHUR-1

SOLE DISTRIBUTORS: MODERN BREAD IN TRICHUR AREA

Best Wishes from

THERATTIL J. ANTONY

ARANATTUKARA

TRICHUR - 4

With best compliments form

M. C. LOUIS & M. C. THOMAS

CLOTH MERCHANTS

CHAVAKKAD

CITY JEWELLERY

GUARANTEED 22 CT. GOLD ORNAMENTS

HIGH ROAD, TRICHUR - 1.

ഫ്രാൻസിസ്കൻ മൂന്നാം സഭയുടേയോ, സത്യാരാധന സഖ്യത്തിന്റേയോ ശാഖയുള്ള ഇടവകയിൽ മാത്രമേ കേന്ദ്രവിഹിതം അനുവദിക്കപ്പെടുകയുള്ളൂ. ചുരുങ്ങിയതു് 1000ക. ഫണ്ടിന്റെ അടിസ്ഥാനത്തിലെങ്കിലും ഒരു ലഘുനിക്ഷേപ പദ്ധതി തുടങ്ങണമെന്നാണു വ്യവസ്ഥ. ഈ പദ്ധതിയിൽ ജാതിമതഭേദമെന്യെ ആർക്കും ചേരാവുന്നതാണു്. എന്നാൽ ചേന്നവർക്കു മാത്രമേ ആനുകൂല്യങ്ങൾക്കു് അർഹതയുണ്ടായിരിക്കുകയുള്ളൂ. 25 പൈസയ്ക്കുമേൽ എത്ര വേണമെങ്കിലും, എപ്പോൾ വേണമെങ്കിലും അടയ്ക്കാവുന്നതാണു്. മകളുടെ വിവാഹാവസരത്തിൽ മാത്രമേ നിക്ഷേപത്തുക ആകർഷകമായ പലിശയോടും ഫണ്ടിന്റെയും, നിക്ഷേപത്തുകയുടേയും കോശസ്ഥിതിയനുസരിച്ചുള്ള സംഭാവനയോടുംകൂടി മടക്കി ലഭിക്കുകയുള്ളൂ. പ്രഥമ നിക്ഷേപക്കാരി മരിക്കുകയാണെങ്കിൽ അടുത്ത സ്ത്രീസന്താനത്തിനായിരിക്കും നിക്ഷേപത്തിനവകാശം. ഇവയ്ക്കെല്ലാം പുറമെ പ്രാദേശിക നിബന്ധനകളും ഉണ്ടായിരിക്കുന്നതാണു്.

പദ്ധതിയുടെ ഭരണാധികാരികൾ

മൂന്നാം സഭയുടേയും സത്യാരാധനാസഖ്യത്തിന്റേയും ആഭിമുഖ്യത്തിലാണെങ്കിലും ഈ ഉദ്ദേശ പദ്ധതികളുടെ ഭരണചുമതല നിർവ്വഹിക്കുന്നതു് ബഃ വികാരി ചെയർമാനായുള്ള ഒരു പ്രത്യേക ഇടവകക്കമ്മിറ്റിയാണു്. ഇതുമൂലം ശാഖകം അസ്സമിച്ചാലും സഹായനിധികം അഭംഗുരം നിലനില്ക്കുമെന്നു നമുക്കു് ഉറപ്പിക്കാം.

സഹായനിധികളുടെ പൊതുസ്വഭാവം അടിസ്ഥാനപരമായി ഒന്നാണെങ്കിലും പ്രായോഗിക തലത്തിലുള്ള അവയുടെ പ്രവർത്തനത്തിനു് അതിവൈവിധ്യമുണ്ടെന്നുള്ളതു പ്രത്യേകം പ്രസ്താവ്യമാണു്. പ്രാദേശിക ഫണ്ടുരൂപീകരണത്തിനു തത്തു്ശാഖകം കൈക്കൊണ്ടിട്ടുള്ള മാർഗ്ഗങ്ങം അനുകരണീയവും, അനുമോദനാർഹവുംകൂടിയാണെന്നു തുറന്നു പ്രസ്താവിക്കുകയാണു്.

പദ്ധതിയുടെ ആരംഭവും തുടർന്നുള്ള പ്രവർത്തനവും

ഈ പദ്ധതി 1968 ഒക്ടോബർ 6—ാംനു- തൃശ്ശൂർ വ്യാകുലമാതാവിന്റെ പള്ളിയിൽ നടന്ന ജൂബിലിയാഘോഷത്തിൽവച്ചു് അഭിവന്ദ്യതിരുമേനി ഉൽഘാടനകർമ്മം നിർവ്വഹിച്ചു. അന്നുമുതൽ ഇന്നുവരെ ഉയർച്ചയും വളർച്ചയും ക്രമാനുഗതമായ പുരോഗതിയുമേ ഉണ്ടായിട്ടുള്ളൂ. ഈ പദ്ധതി ഇത്രയും ചുരുങ്ങിയ കാലംകൊണ്ടു് ഇത്രയധികം സ്ഥലങ്ങളിൽ കാര്യക്ഷമമായി പ്രവർത്തനത്തിൽ വരുമെന്നു് ആരും പ്രതീക്ഷിച്ചതല്ല. ഇതുവരെ ഈ പദ്ധതിയിലേയ്ക്കു കേന്ദ്ര—പ്രാദേശിക സഹകരണത്തോടെ 34,000ക. യോളം മുതലായിട്ടുണ്ടു്. ഇതിൽ കേന്ദ്രവിഹിതം 14,000ക. യാണു്. പ്രാദേശിക പരിശ്രമഫലം 20,000ക.യാണു്. ഈ പദ്ധതി 30 സ്ഥലങ്ങളിൽ സംഘടിപ്പിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു. ഇതിനകം 3300 കുടുംബങ്ങം ഇതിൽ അംഗങ്ങളായി ചേന്നു കഴിഞ്ഞു.

25 വിവാഹനിധികൾ സംഘടിപ്പിക്കുവാനാണു് ആദ്യം ഉദ്ദേശിച്ചിരുന്നതെങ്കിലും ജനങ്ങളുടേയും ബഹുമാനപ്പെട്ട മേലധികാരികളുടേയും ഉത്സാഹവും പ്രോത്സാഹനവും സഹകരണവുംകൊണ്ടു് ഇപ്പോൾ അതു് അമ്പതാക്കുവാൻ ഞങ്ങൾ അശ്രാന്തം പരിശ്രമിച്ചുവരികയാണു്. ഇപ്പോൾ ഇതുവരെ ഈ പദ്ധതിയിലേയ്ക്കു കേന്ദ്ര പ്രാദേശിക സഹകരണത്തോടെ 46000 ക. മുതലായിട്ടുണ്ടു്. ഇതിൽ ശ്രുതാകേന്ദ്രവിഹിതം 17000 ക. യാണു്. പ്രാദേശിക പരിശ്രമഫലം 29000 ക. യാണു്. ഈ പദ്ധതി ഇതിനകം 44 സ്ഥലങ്ങളിൽ സംഘടിപ്പിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു. ഇതിൽ 6000 പേർ അംഗങ്ങളായിച്ചേന്നുകഴിഞ്ഞു. മൂന്നേകാൽ ലക്ഷം ക. യോളം ഇതുവരെ നിക്ഷേപത്തുകയായി ലഭിച്ചിട്ടുണ്ടു്.

ഭവനനിർമ്മാണപദ്ധതി

ഇന്ത്യയിൽ അമ്പത്തിയഞ്ചു കോടി ജനങ്ങളുണ്ട്. ഇവരിൽ 25 കോടി ജനങ്ങൾക്കു മനുഷ്യോചിതമായ പാർപ്പിടങ്ങളില്ല. എന്നുവെച്ചാൽ 5 കോടി പുതിയ ഭവനങ്ങൾ നിർമ്മിക്കാതെ ഭാരതത്തിന്റെ ഭവനപ്രശ്നം പരിഹരിക്കപ്പെടുകയില്ല. ഭാരതീയ ക്രൈസ്തവസഭയേയും നേരിടുന്ന ഉഗ്രൻ പ്രശ്നമാണിതു്. ഇന്ത്യയിലെ കത്തോലിക്കാ സഭ ഈ പ്രശ്നത്തെക്കുറിച്ചു ബോധവതിയാണെന്നു മാത്രമല്ല, വത്തിക്കാൻ കൗൺസിലിനുശേഷം കേരള കത്തോലിക്കാ സഭയും വീടില്ലായ്മ നികത്തുന്നതിനുവേണ്ടി രംഗത്തിറങ്ങിയിരിക്കയാണല്ലോ. തൃശ്ശൂർ രൂപതയെ സംബന്ധിച്ചിടത്തോളം നാമും ഇക്കാര്യത്തിൽ മുന്നണിയിൽത്തന്നെയാണെന്നു് അഭിമാനിക്കാം. തൃശ്ശൂർ രൂപതയിൽ നാനാജാതി മതസ്ഥരടക്കം 50 ലക്ഷം ജനങ്ങൾ കാണും. ഇവരിൽ 25 ലക്ഷത്തിനു സ്വന്തമായ ഒരു ചെറുകൂടിലുപോലുമില്ലെന്ന വസ്തുത നാം മനസ്സിലാക്കിയിട്ടുണ്ടോ? മുൻ തൃശ്ശൂർ രൂപതാദ്ധ്യക്ഷനായിരുന്ന ആലപ്പാട്ടു തിരുമേനിയുടെ മെത്രാൻ പട്ടാഭിഷേക രജതജൂബിലിയോടനുബന്ധിച്ചു് പ്രോൽഘാടനം ചെയ്യപ്പെട്ട ഭവനനിർമ്മാണപദ്ധതി പാർപ്പിടരാഹിത്യത്തിനെതിരായ നമ്മുടെ സമരത്തിന്റെ നാന്ദിമാത്രമാണു്.

ശാഖകളേ, ഉണരൂ....

ഇത്തരുണം തന്നെയാണു്, 'അണ്ണാർക്കണ്ണനും തന്നാലായതു്'' എന്നു പറഞ്ഞതിൻവണ്ണം ഫ്രാൻസിസ്കൻ മൂന്നാംസഭയും ഭവനനിർമ്മാണപദ്ധതിയാരംഭിച്ചതു്. ''ഓരോ യൂണിറ്റും ഓരോ വീടു്'' എന്ന ലക്ഷ്യം നാം ഏറെക്കുറെ നേടി. പത്തുമുപ്പതു വീടുകളോളം നാം നിർമ്മിച്ചു. പക്ഷേ, ഒരു ലക്ഷം പുതിയ വീടുകൾ ഉണ്ടായാലേ ഈ രൂപതയുടെ തന്നെ പ്രശ്നം തെല്ലൊന്നു ശമിക്കൂ. അപ്പോൾ നാം ചെയ്തതു് എത്രയോ നിസ്സാരമാണു്! സാരമായതു നാം ചെയ്യേണ്ടിയിരിക്കുന്നു. കഴിഞ്ഞ വർഷങ്ങളിൽ ഈ പ്രസ്ഥാനാത്മകം ഓരോ ശാഖയും നടത്തിയ പ്രവർത്തനറിപ്പോർട്ടു് അന്യത്ര ചേർത്തിട്ടുണ്ടു്. റിപ്പോർട്ടിലെ കണക്കുകൾ കാണുമ്പോൾ ഈ പദ്ധതിയിൽ നാം വേണ്ടത്ര ശുഷ്കാന്തി കാണിച്ചിട്ടില്ലെന്നു ബോദ്ധ്യപ്പെടും. പല ശാഖകളും പ്രശ്നത്തിന്റെ ഗൗരവം നന്നായി ഗ്രഹിച്ചിട്ടുണ്ടോ എന്നുപോലും സംശയിക്കുന്നു. അലസതയിലും അജ്ഞതയിലും ആണ്ടുകിടക്കുന്ന ശാഖകളേ, ഉണരൂ! ഉണർന്നു് ഊർജ്ജസ്വലതയോടെ കർമ്മരംഗത്തിറങ്ങിയേ പറ്റൂ.

നീതിക്കായുള്ള സമരം

''ഓരോ യൂണിറ്റും ഓരോ കൊല്ലവും ഓരോ വീടു് നിർമ്മിക്കുക.'' അതാണു നമ്മുടെ നവീകൃതമുദ്രാവാക്യം. നമ്മുടെ പദ്ധതിയുടെ ചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായം എഴുതിച്ചേർക്കുവാൻ നാം ഇനിയും അമാന്തിച്ചുകൂടാ. 'അഗതികളുടെ പിതാവു്'' എന്നറിയപ്പെടുന്ന നമ്മുടെ അഭിനവ മെത്രാൻ തിരുമേനിയുടെ സവിശേഷ ശ്രദ്ധയർഹിക്കുന്ന പ്രധാന പ്രശ്നങ്ങളിൽ ഒന്നു ഭവനനിർമ്മാണപദ്ധതിയായിരിക്കുമെന്ന കാര്യം നമുക്കു കൂടുതൽ ഉത്തേജനവും ശക്തിയും പ്രദാനം ചെയ്യുമെന്നതു തീർച്ച.

ഭവനനിർമ്മാണപദ്ധതി നീതിക്കായുള്ള ഒരു സമരമാണു്. അനീതിക്കെതിരായി ഉയരുന്ന ക്രൈസ്തവ മനഃസാക്ഷിയുടെ ശബ്ദമാണു്. ചെവി കൊടുക്കുവാൻ നാം വൈകിയിരിക്കുന്നുവെന്നു മാത്രം.

മൂന്നാം സഭാംഗങ്ങളുടെ ചുമതല

ധനാഢ്യരും വമ്പിച്ച ഭൂസ്വത്തുള്ളവരുമായ ഇടവകാംഗങ്ങൾക്കു്, പ്രത്യേകിച്ചും മൂന്നാം സഭാംഗങ്ങളായവർക്കു്, ഇക്കാര്യത്തിൽ ചില പ്രത്യേക ചുമതലകളുണ്ടെന്നു സത്യം വിസ്മരിക്കാവുന്നതല്ല. ശാഖനടത്തുന്ന ഭവനനിർമ്മാണപദ്ധതിയിലേയ്ക്കു ഗണ്യമായ സംഭാവന നൽകുന്നതു മൂലം തങ്ങളുടെ

ചുമതലയിൽനിന്നു് അവർ തീർത്തും മുക്തരാവുന്നില്ല. മിച്ചഭൂമികൂടി കയ്യേറാനും അധിക സമ്പത്തു പിടിച്ചെടുക്കാനും സംഘടിതശ്രമം നടന്നുവരികയാണല്ലോ. തന്നെയുമല്ല, സക്കാരിന്റെ നയങ്ങളും നിയമങ്ങളും വൻകിടജന്മിമാക്കും മുതലാളിമാക്കും പ്രതികൂലമാകാനേ തരമുള്ളൂ. സമ്മർദ്ദവും രക്തച്ചൊരിച്ചിലും ഉണ്ടായാലേ ഉള്ളവർ കൈ അഴയ്ക്കൂ എന്ന നിലപാടു് ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം എത്രയോ ശോചനീയമാണു്. സുവിശേഷത്തിലെ സ്നേഹാധിഷ്ഠിതമായ സാമൂഹ്യനീതിയാണു് ക്രൈസ്തവന്റെ ശക്തിയും ലക്ഷ്യവും. ഈയൊരു സന്ദേശത്തിന്റെ ശക്തിയാലാണു് നമ്മുടെ പിതാവായ അസ്സീസി യൂറോപ്പിൽ സാമൂഹ്യനീതിക്കായി യത്നിച്ചതു്. അതേ ശക്തിയും ലക്ഷ്യവുംതന്നെയാണു് നമുടേതും. സമൂഹത്തിന്റെ ക്ഷേമത്തിനായി ദൈവം വ്യക്തികളിലൂടെ നൽകുന്ന ലൗകിക സമ്പത്തു് ഒരേയൊരു പിതാവിന്റെ മക്കൾക്കുടുത്ത സ്നേഹത്താൽ പരസ്പരം പങ്കിടേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. തന്റെ സാമ്പത്തിക സുസ്ഥിതിയിൽ ലാസറിനെ പങ്കെടുപ്പിക്കാതിരുന്നതിനാലാണു് ധനവാൻ പീഡിപ്പിക്കപ്പെട്ടതെന്ന സത്യം നാം മറക്കരുതു്. തന്റെ അയൽവാസിയുടെ പ്രശ്നങ്ങൾ തന്റേതുമാണെന്ന ഉത്തമബോദ്ധ്യം നമുക്കുണ്ടാകണം. വ്യക്തികളുടെ ഉത്തരവാദിത്വബോധത്തിൽനിന്നു മാത്രമേ സംഘാതപ്രവർത്തനത്തിന്റെ വിജയം ഉയന്നുവരൂ. ആകയാൽ ഈ സന്ദർഭത്തിൽ ഫ്രാ. മൂ. സ. അംഗങ്ങൾ ഇക്കാര്യത്തിൽ പൂവ്വാധികം തീക്ഷ്ണതയോടെ പ്രവർത്തിക്കണമെന്നു് അഭ്യർത്ഥിക്കുന്നു.

ഇതുവരെയുള്ള പ്രവർത്തനങ്ങളുടെ റിപ്പോർട്ടു്

നമ്മുടെ ജൂബിലി ദിനമായ 1968 ഒക്ടോബർ 6—ാംനു-തന്നെയാണു് അഭിവന്ദ്യതിരുമേനി ഈ പദ്ധതിയും ഉൽഘാടനംചെയ്തതു്. ഏകദേശം 2000ക. വരുന്ന ഒരു വീടാണു് നാം മുന്നിൽ കാണുക. 750 ക. യോളം പിരിക്കുന്ന യൂണിറ്റിനു് 750 ക. കേന്ദ്രം കൊടുത്തുവരുന്നു. ചുരുങ്ങിയതു് 500 ക. യെങ്കിലും വീട്ടുകാരൻ ഉണ്ടാക്കണമെന്നാണു നിയമം. എന്നുവരികിലും ഇതിലേയ്ക്കു സ്ഥലമായും മറ്റും ഗണ്യമായ സംഭാവനകളും ലഭിച്ചിട്ടുള്ള യൂണിറ്റുകൾക്കു കേന്ദ്രം അല്പാല്പം ഭേദഗതികളും വരുത്തിയിട്ടുമുണ്ടു്.

മേഖലാ സമ്മേളനങ്ങൾ

പരസ്പരം തൊട്ടു കിടക്കുന്ന യൂണിറ്റുകളിലെ അംഗങ്ങൾ തമ്മിൽ അടുത്തു പരിചയപ്പെടുക, യൂണിറ്റുകളിലെ പ്രവർത്തനങ്ങൾ മനസ്സിലാകുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുക എന്നീ ഉദ്ദേശ്യങ്ങളോടെയാണു മേഖലാസമ്മേളനങ്ങൾ നടത്തിയതു്. പരീക്ഷണാർത്ഥം 1966 ജനുവരിയിൽ ആരംഭിച്ചതു ചേപ്പു് കേന്ദ്രമാക്കിയായിരുന്നു. സമീപത്തുള്ള നാലു യൂണിറ്റുകൾ പങ്കെടുത്തു. ഫലം പ്രോത്സാഹജനകമായിരുന്നു.

തുടർന്നു രൂപതയെ 10 മേഖലകളായിത്തിരിച്ചു്, കണ്ണൂർ, മാള, ചാലക്കുടി, തൃശ്ശൂർ, ചൊവ്വൂർ, പാവട്ടി, മുണ്ടൂർ, വടക്കാഞ്ചേരി, തിരൂർ, മാറം എന്നീ കേന്ദ്രങ്ങളിലായി ഇതുവരെ ആകെ45 മേഖലാസമ്മേളനങ്ങൾ സംഘടിപ്പിക്കുകയുണ്ടായി.

ഏകദേശം 150 മുതൽ 200 വരെ അംഗങ്ങൾ പങ്കെടുക്കാറുണ്ടു് ഓരോ സമ്മേളനത്തിലും. ഉച്ചതിരിഞ്ഞു 2 മണിക്കാരംഭിച്ചു് 6 മണിയോടെ അവസാനിക്കുന്നു. പരിപാടിയിലെ പ്രധാന ഇനങ്ങൾ പ്രതിനിധിസമ്മേളനവും പബ്ളിക് മീറ്റിങ്ങുമാണു്.

പ്രതിനിധിസമ്മേളനത്തിൽ ഓരോ യൂണിറ്റും അതിനേറ്റതായ പ്രവർത്തനറിപ്പോർട്ടു് സമർപ്പിക്കുകയും പൊതുവായ പ്രവർത്തനങ്ങളെക്കുറിച്ചു് ചർച്ചചെയ്തു തീരുമാനങ്ങളെടുക്കുകയും പതിവാണു്. പ്രയോഗത്തിൽ വളരെ കാര്യക്ഷമവും ഫലപ്രദവുമായിട്ടാണു് ഈദൃശ സമ്മേളനങ്ങൾ അനുഭവപ്പെട്ടുന്നതു്.

നമ്മുടെ ജൂബിലി ദിനമായിരുന്ന 1968 ഒക്ടോബർ 6 —ാംനു അഭിവന്ദ്യ തിരുമേനി ജോജ്ജു്

PHONE: 230
RESI: 425

THATHA HARDWARES

CHAVAKKAD

Stockist :— INDIA CEMENTS LTD.,

I. C. I. Paints, Blundell Eomite Paints, Goodlass NERLACO Paints.
METRO Paints.

Dealers:— HARDWARE, G. I. Pipes and Fittings. and A. C. Pipe Fittings.

With Best Compliments

FROM

K. T. PORINCHU

MERCHANT

CHAVAKKAD

Distributors: The Tata Oil Mills Company Limited.

Phone : 338

Best Wishes

BABU RAJ TIMBER DEPOT & SAW MILLS

PUTHAMPALLY — GURUVAYUR

സെറാഫിക് വിദ്യാഭ്യാസസഹായനിധി

ആധുനികസിതരാജ്യമായ ഇന്ത്യയെ ഗ്രസിച്ചിരിക്കുന്ന ഒരു തീരാവ്യാധിയാണു് അജ്ഞത. സാക്ഷരതപത്തിൽ കേരളം ഇതര സംസ്ഥാനങ്ങളെ അതിശയിക്കുന്നുവെങ്കിലും ഇവിടെ നിലനില്ക്കുന്ന അജ്ഞതയും, അന്ധവിശ്വാസങ്ങളും ശാസ്ത്രത്തോടുള്ള വിപ്രതിപത്തിയും ഈ നാടിന്റെ തീരാശാപങ്ങളാണു്. നമ്മുടെ ഇന്നത്തെ വിദ്യാഭ്യാസസംവിധാനത്തിൽ ഏവർക്കും പഠിച്ചുയരാനുള്ളസാധ്യതകളുണ്ടു്. അനുഭവത്തിൽ, പണവും സ്വാധീനവും ഉള്ളവർ മാത്രം പഠിച്ചു പഠിച്ചുയരുന്നു. സാമ്പത്തികശേഷിയില്ലാത്ത ബുദ്ധിശക്തിയുള്ള കുട്ടികൾക്കു വിദ്യാഭ്യാസം ഒരു മോഹനസങ്കല്പംമാത്രം! വിദ്യാഭ്യാസച്ചിലവുകൾ വഹിക്കുവാൻ കഴിയാതെ നരകിക്കുന്ന എത്രയോ പേർ നമുക്കു ചുറ്റുമുണ്ടു്. സാമ്പത്തിക സഹായം ലഭിച്ചാൽ വിജ്ഞാനത്തിന്റെ ഉന്നത മേഖലയിലെത്തുവാനും രാഷ്ട്രശില്പികളാകുവാനും കഴിവുള്ള ധാരാളം പേർ അക്കൂട്ടത്തിലുണ്ടു്. അവരെ തേടിപ്പിടിച്ചു് ദൈവത്തിനും രാജ്യത്തിനും പ്രയോജനമുള്ള വരാക്കിത്തീർക്കുവാൻ നമുക്കും കടമയുണ്ടല്ലോ.

ഇക്കാര്യങ്ങൾ കണക്കിലെടുത്തുകൊണ്ടാണു മൂന്നാമതൊരു പദ്ധതിക്കു രൂപം നൽകിയിരിക്കുന്നതു്. ''സെറാഫിക് വിദ്യാഭ്യാസ സഹായനിധി.'' അജ്ഞതയ്ക്കെതിരായുള്ള സമരത്തിന്റെ പ്രഥമ കാൽവെപ്പാണിതു്.


ലക്ഷ്യം

ജാതിമതഭേദമെന്യെ, ഇടവകയിലെ പാവപ്പെട്ടവരുടെ, വിജ്ഞാനദാഹികളും അതിന്നർഹരുമായ കുട്ടികൾക്കു സാമ്പത്തിക സാഹായം നൽകുകയാണീ പദ്ധതിയുടെ മുഖ്യലക്ഷ്യം. വിദ്യയുടെ പീഠത്തിലേയ്ക്കു് എത്രമാത്രം അവർക്കു് ഉയരുവാൻ സാധിക്കുമോ, അത്രവരെ അവരെ കൈകൊടുത്തു് ഉയർത്തുക. ഹൈസ്കൂൾ വിദ്യാഭ്യാസംതൊട്ടു കലാലയ പഠനംവരെയുള്ള കാലഘട്ടം ഈ സഹായ പദ്ധതിയിൽപ്പെടുന്നു. എന്നാൽ താൽക്കാലികമായി, ഹൈസ്കൂൾ പഠനത്തിനാണു സാമ്പത്തിക സഹായം കൊടുക്കുവാൻ ഉദ്ദേശിക്കുന്നതു്.

ഫണ്ടു രൂപീകരണവും നിബന്ധനകളും

ഓരോ ശാഖയും ഈ ലക്ഷ്യപൂർത്തിക്കായി ഓരോ ഫണ്ടു രൂപീകരിക്കണം. ഹൈസ്കൂൾ പഠനത്തിനു് ഒരു കുട്ടിക്കു് ഉദ്ദേശം 40ക. ചെലവു വരുന്നതാണു്. ഇതിൽ വസ്ത്രം, പുസ്തകങ്ങൾ, പഠനോപകരണങ്ങൾ, ഫീസു്, കൂടാ, ട്യൂഷൻ മുതലായവയെല്ലാം പെടുന്നു. ആകെ ചെലവിൽ 50% (20ക.) വിദ്യാർത്ഥിതന്നെ സ്വരൂപിക്കേണ്ടതാണു്, ലഘുനിക്ഷേപ പദ്ധതിമൂലം. ബാക്കി ശാഖയും കേന്ദ്രവും ഉണ്ടാക്കുന്നു. തന്റെ വിഹിതം ഉറപ്പു വരുത്തുന്ന വിദ്യാർത്ഥിക്കു ശാഖ 25%

ആലപ്പാട്ടുതന്നെയാണു് ഈ പദ്ധതി ഉൽഘാടനം ചെയ്തതു്. ഇതിനകം 25 വീടുകൾ തീർത്തും പണികഴിച്ചു. ഇനിയും കുറേ വീടുകളുടെ പണി വിവിധസ്ഥലങ്ങളിൽ നടന്നുവരുന്നു. അതിനു പുറമെ ഏകദേശം 25 വീടുകൾ കേടുപാടുകൾ തീർത്തു പുതുക്കിപ്പണിതു. മറാറം, മുണ്ടൂർ പാവർട്ടി, പറപ്പൂർ, കുരിയച്ചിറ, ചാലക്കുടി, പഴുവിൽ, കരാഞ്ചിറ, കുണ്ടന്നൂർ, പുത്തോൾ, ഒളരി, പോട്ട മുതലായ സ്ഥലങ്ങളിലാണു വീടുകൾ പണികഴിച്ചിരിക്കുന്നതു്.



ദീർഘകാലമായി സേവനം ചെയ്യുവരുന്ന ഒരു വിശ്വസ്തസ്ഥാപനം

ചെറുപുഷ്പ ഫാർമസി

മാള

പ്രൊ: ഇ. കെ. ജോസഫ് & കെ. കെ. ജോൺ

122-ാം നമ്പർ കൊടകര സർവ്വീസ് സഹകരണസംഘം ക്ലിപ്തം

കൊടകര

സത്യാരാധനാസഖ്യത്തിന്റെ ജൂബിലി ആഘോഷങ്ങൾക്ക്
ഞങ്ങളുടെ മംഗളാശംസകൾ.

സംഘം മെമ്പർമാരുടെ എല്ലാവിധ ബാങ്കിങ്ങ് ഏടപാടുകളും നടത്തിവരുന്നു.

ആകർഷണീയമായ പലിശ നിരക്കിൽ സംഘം ഡെപ്പോസിറ്റുകൾ സ്വീകരിച്ചുവരുന്നു.

മെമ്പർമാരുടെ കാർഷികവും കാഷ്കേതരവുമായ ആവശ്യങ്ങൾക്കു സംഘത്തെ സമീപിക്കുക.

കോച്ചക്കാടൻ മാത്തുണ്ണി— പ്രസിഡണ്ട്. കെ. എൽ. ഔസേപ്പ്— സെക്രട്ടറി.

(10ക) നൽകണം. ബാക്കി 25% (10ക) കേന്ദ്രം കൊടുക്കുന്നതാണ്. വിദ്യാർത്ഥിയുടേയും ശാഖയുടേയും വിഹിതങ്ങൾ സ്വരൂപിക്കുന്നതിൽ അവർക്ക് യുക്തമെന്നു തോന്നുന്ന മാർഗ്ഗങ്ങൾ അവലംബിക്കാവുന്നതാണ്. തങ്ങളുടെ വിഹിതം ഉറപ്പുവരുത്തുന്ന ശാഖകൾക്ക് കേന്ദ്രം 10ക. വീതം 10 കുട്ടികൾക്ക് 100ക സഹായധനം നൽകുന്നതാണ്.

ഈ പദ്ധതി 1970 ഒക്ടോബർ 4—ാംനു- കാലത്ത് തൃശ്ശൂർ ബിഷപ്പ് ഡോ: ജോസഫ് കുണ്ടുകുളം തിരുമേനിയാണ് ഉൽഘാടനം ചെയ്തത്.

നമ്മുടെ വിദ്യാഭ്യാസപദ്ധതി മുന്നോറിക്കൊണ്ടിരിക്കുന്നതിൽ നമുക്ക് സന്തോഷിക്കാം. പല യൂണിറ്റുകളിലും ഈ പദ്ധതി തുടങ്ങിയിട്ടുണ്ട്; ഇനി പലതിലും തുടങ്ങേണ്ടതായിട്ടുണ്ട്. കാൽവരിയിലേയും, ലൂർദ്ദുപള്ളിയിലേയും പ്രവർത്തനങ്ങൾ വിജയപ്രദവും പ്രോത്സാഹജനകവുമാണ്. ഈ പദ്ധതിയുടെ ഫലമായി ഈ നാട്ടിൽ പഠിക്കാൻ കഴിവുള്ള, എന്നാൽ കാശില്ലാത്ത 300 ഓളം കുട്ടികൾ വിദ്യാഭ്യാസം ചെയ്യുവരുന്നു. കൂട്ടികൾ ഏറ്റവും കൂടുതൽ ലൂർദ്ദുപള്ളിയൂണിറ്റിലാണ് — 31 പേർ; കാൽവരിയിൽ 25, ഒല്ലൂരിൽ 20. മമ്മിയൂർ, കുണ്ടന്നൂർ, അരണാട്ടുകര, അമ്മാടം, ചാലക്കുടി, മറ്റം, പുമല, അമ്പഴക്കാട്, ലൂർദ്ദുപള്ളി എന്നീ സ്ഥലങ്ങളിലാണ് ഇക്കൊല്ലം ഈ പദ്ധതി ആരംഭിച്ചത്. നിർധനരായ കുട്ടികൾക്ക് പാഠ്യപുസ്തകങ്ങളും, നോട്ടുബുക്കുകളും, കുട, വസ്ത്രം തുടങ്ങിയവയും നൽകിവരുന്നു. മാത്രമല്ല, ട്യൂഷനും കൊടുക്കുന്നുണ്ട്. കാൽവരിയിൽ ആദ്ധ്യാത്മികപോഷണത്തിനും, വിനോദങ്ങൾക്കും വേണ്ട ഏർപ്പാടുകളുംപോലും ചെയ്തിട്ടുണ്ട്. അടുത്ത ഭാവിയിൽത്തന്നെ കൂടുതൽ യൂണിറ്റുകളും ഈ രംഗത്ത് പ്രവർത്തിക്കുമെന്നും കൂടുതൽ കുട്ടികൾക്ക് സഹായം നല്കി പ്രോത്സാഹിപ്പിക്കാൻ ഇടവരുമെന്നും പ്രത്യാശിക്കാം.

With best Compliments
from
nellissery brothers
Merchants & Commission Agents
High Road, TRICHUR-1
Phone Shop 2192
,, Mills 1320
,, Recidence 2924
Wholesale Dealers in:- Tapioca Raw Tubes, Dried Chips, Boiled Chips and Flour

ESTD. 1940

PHONE: {Office: 859
{Reside: 2085

C. P. SOAP WORKS

C. P. NAGAR

TRICHUR-1



വസ്ത്രങ്ങൾ
വെൺമയായി
അലക്കുവാൻ



വി. ഫ്രാൻസീസ് അസ്സീസിയും കുഷ്ഠരോഗികളും

കുഷ്ഠരോഗികൾ സമുദായത്തിൽനിന്നും ബഹിഷ്കരിക്കപ്പെട്ടവരായിരുന്നു. അവരെ ലോകം വെറുക്കുകയും, ഉപേക്ഷിക്കുകയും, അവരിൽനിന്നു് ഓടിയൊളിക്കുകയും, അവരെ ജനതാമദ്ധ്യത്തിൽനിന്നും ആട്ടിപ്പായിക്കുകയും ചെയ്തുവന്നിരുന്നു. അവർ സഞ്ചരിച്ചിരുന്നപ്പോൾ മറ്റുള്ളവർ അതു മനസ്സിലാക്കി വഴി മാറിപോകുന്നതിനായി ഒരു മണി കിലുക്കി നടക്കേണ്ടിയിരുന്നു. അത്രയേറെ കുഷ്ഠരോഗികളെ ലോകം ഭയപ്പെടുകയും വെറുക്കുകയും ചെയ്തിരുന്നു. അങ്ങനെയിരുന്ന അവസരത്തിലാണു വി. ഫ്രാൻസീസ് ഒരിക്കൽ വഴിയിൽവച്ചു് ഒരു കുഷ്ഠരോഗിയെ കാണുന്നതു്. അദ്ദേഹത്തിന്റെ മാനസാന്തരത്തിന്റെ ആദ്യഘട്ടത്തിൽ ഉണ്ടായ ഈ സംഭവം അദ്ദേഹത്തിന്റെ ജീവിതത്തിൽ വളരെ വലിയ ഒരു പരിവർത്തനം വരുത്തുകയുണ്ടായി. അദ്ദേഹം താൻ കണ്ട കുഷ്ഠരോഗിയുടെ അടുത്തേയ്ക്കു തിരിച്ചുചെന്നു് ആ കുഷ്ഠരോഗിയെ ആലിംഗനം ചെയ്തു. അതിനുശേഷം തിരിച്ചുപോയി. വീണ്ടും തിരിഞ്ഞുനോക്കിയപ്പോൾ ആ കുഷ്ഠരോഗിയെ അവിടെ കണ്ടില്ല. കുഷ്ഠരോഗിയുടെ വേഷത്തിൽ ഈശോതന്നെ പ്രത്യക്ഷപ്പെട്ടതായിരുന്നുവെന്നു പിന്നീടു ഫ്രാൻസീസിനു മനസ്സിലായി. അതിനുശേഷം കുഷ്ഠരോഗികളോടു് അദ്ദേഹത്തിനു് പ്രത്യേകമായ ഒരു വാത്സല്യം ഉണ്ടായിരുന്നു. അവരിൽ ക്രൂശിതനും എല്ലാവരാലും ഉപേക്ഷിക്കപ്പെട്ടവനുമായ ഈശോയെ ദർശിക്കുകയും ഈശോയ്ക്കുതന്നെ അവർക്കു സേവനം ചെയ്യുകയും ഫ്രാൻസീസിന്റെ ഒരു പതിവായിത്തീർന്നു.

വി. ഫ്രാൻസീസിന്റെ അനുയായികളും തങ്ങളുടെ പിതാവിനെ അനുകരിച്ചു കുഷ്ഠരോഗികളോടു പ്രത്യേക സ്നേഹവാത്സല്യം കാണിച്ചുപോന്നു. അവരുടെ പരിചരണം സ്വന്തം കർത്തവ്യമായി കരുതി സഹോദരന്മാർ അടുത്തുള്ള കുഷ്ഠരോഗികളെ ശുശ്രൂഷിച്ചുപോന്നു. ഇന്നും വി. ഫ്രാൻസീസിന്റെ മക്കൾ ധാരാളം കുഷ്ഠരോഗാശുപത്രികളും, ക്ലിനിക്കുകളും, കോളനികളും നടത്തി അവർക്കു സേവനം ചെയ്തുപോരുന്നു. കുഷ്ഠരോഗികളുടെ സേവനം ഫ്രാൻസിസ്കൻ അംഗങ്ങളുടെ ഒരു പൈതൃകമായ അവകാശമായിത്തന്നെ അവർ കരുതിപ്പോരുന്നു. എല്ലാവരാലും ഉപേക്ഷിക്കപ്പെട്ട അവർക്കു സേവനം ചെയ്യുന്നതു് ഏറ്റവും വലിയ ഒരു പുണ്യപ്രവൃത്തിയായി ഇന്നു തിരുസ്സഭ കരുതുന്നു. അതുകൊണ്ടാണു് ഫാ. ഡാമിയനെപ്പോലുള്ള ധീരാത്മാക്കൾ തങ്ങളുടെ ജീവൻ സമർപ്പിച്ചുകൊണ്ടു്, മൊളോക്കോയിലെ കുഷ്ഠരോഗികളുടെയിടയിലും മറ്റും പ്രവർത്തിച്ചിട്ടുള്ളതു്.

പഴയ കാലത്തെ അപേക്ഷിച്ചു് ഇന്നു കുഷ്ഠരോഗികളുടെ നിലയിൽ സ്വല്പം മെച്ചം വന്നിട്ടുണ്ടു്. അവർക്കുവേണ്ടിയുള്ള കോളനികളും ആശുപത്രികളും അങ്ങിങ്ങായി ചുരുക്കമായിട്ടെങ്കിലും ഉണ്ടു്. ഇന്നു് ആ രോഗത്തെ അതിഭയങ്കരമായി ആളുകൾ ഭയപ്പെടാറില്ല. എന്നിരുന്നാലും ഇന്നും അവരുടെ നില വളരെ ശോചനീയംതന്നെയാണു്. അവർക്കു വേണ്ടത്ര കോളനികളോ, ആശുപത്രികളോ, ചികിത്സാസൗകര്യമോ, താമസസൗകര്യമോ ഇന്നും ലഭിക്കുന്നില്ല. തന്നിമിത്തം കടത്തിണ്ണകളിലും വഴിവക്കുകളിലും പുറമ്പോക്കുകളിലുമായി അവർ അത്യധികം കഷ്ടപ്പെട്ടും അലഞ്ഞുതിരിഞ്ഞും ജീവിതം തള്ളിനീക്കുകയാണു്. ദയനീയമായ ഈ ചിത്രം നാമെല്ലാവരും അനുദിനം കണ്ടുകൊണ്ടിരിക്കുന്നതാണു്.

അഗതികളുടെ സംരക്ഷണത്തിൽ അങ്ങേഅറ്റം ഉത്സുകനായി പ്രവർത്തിച്ചുകൊണ്ടിരിക്കുകയും തന്നിമിത്തം അഗതികളുടെ പിതാവെന്ന

ഉറപ്പിനും ഭംഗിക്കും

നോബിളിന്റെ



ദീപം മാർക്ക് കുടകൾ

★

കച്ചവടക്കാർക്ക് പ്രത്യേക നിരക്കുകൾ

★

നിർമ്മിതാക്കൾ :

നോബിൾ അംബ്രല മാർട്ട്

സൗത്ത് ബസ്സാർ


തൃശ്ശൂർ – 1



ലെപ്പർ കോളനിയുടെ ശിലാസ്ഥാപനം



കുഷ്ഠരോഗികൾക്ക് ഒരു കിടപ്പാടമുണ്ടാക്കി കൊടുക്കാനുള്ള ഒരു തീവ്രയത്നപരിപാടി—മുളംകുന്നത്തു കാവിൽ സ്വന്തമായി വാങ്ങിയ സ്ഥലത്തു് കോളനിയുടെ ശിലാസ്ഥാപനകർമ്മം തൃശ്ശൂർ ബിഷപ്പ് ഡോ. ജോസഫ് കുണ്ടുകുളം നിർവ്വഹിക്കുന്നു.



ശിലാസ്ഥാപനത്തിനുശേഷം ചേർന്ന യോഗത്തിൽ മോ. റവ. ഫാ. ജനറൽ പാസ്കൽ റയ്വാസ്കി O. F. M. (Cap) ആശംസാപ്രസംഗം ചെയ്യുന്നു. വെ. റവ. മദർ മൗരുസ് F.C.C., ജനറൽ ഡഫനിറർ വെ. റവ. ഫാ. അലോഷ്യസ്സ് വർഡ്, മി. ഡി. സി. മുല്ലശ്ശേരി മുതലായവരേയും ഇതിൽ കാണാം.

ശ്രീ പി.കേശവമേനോൻ പള്ളിയിൽ പോയ ശേഷം മേലാസകത്തിലെ പങ്കെടുത്തവർ.

ഡോക്ടർ ജോൺ മത്തായി, കാലിക്കോ ഡോക്ടർ ഇടത്തിൽ സ്ഥലത്തിൽനിന്നുള്ള മഹാന്മാരായ ഇടപ്പള്ളി രാജാവ്, വെള്ളിക്കുളങ്ങര, എഴുവണ്ണൂർ, കാലിക്കോ ഡോക്ടർ, ടാക്കോടി, പാലക്കാട്.


അപരനാമത്താൽ അറിയപ്പെടുന്നവനുമായ നമ്മുടെ അഭിവന്ദ്യപിതാവു കുഷ്ഠരോഗികളുടെ ദയനീയമായ ഈ സ്ഥിതി കണ്ടു മനസ്സലിഞ്ഞു, വി. ഫ്രാൻസീസിന്റെ മക്കളായ നമ്മൾ അവർക്കുവേണ്ടി സ്ഥായിയായി എന്തെങ്കിലും മുളങ്കുന്നത്തുകാവിൽ ചെയ്യണമെന്നു പറയുകയുണ്ടായി.

ലെപ്പർകോളണി, മുളങ്കുന്നത്തുകാവ്

അഭിവന്ദ്യ തൃശ്ശൂർ ബിഷപ്പിന്റെ ആഗ്രഹവും, കുഷ്ഠരോഗികളുടെ സേവനത്തിലുള്ള നമ്മുടെ സഭയുടെ ആ പാരമ്പര്യവും കണക്കിലെടുത്തുകൊണ്ടു നമ്മുടെ രൂപതയിലെ മൂന്നാം സഭയുടെ ജൂബിലിസ്മാരകമായി 50 വീടുകളും ഉൾക്കൊള്ളുന്ന ഒരു ലെപ്പർ കോളണി മുളങ്കുന്നത്തുകാവിൽ പണികഴിപ്പിക്കുവാൻ തീരുമാനിക്കുകയുണ്ടായി. അതിനായി മുളങ്കുന്നത്തുകാവിൽ ഒരു സ്ഥലം തെരഞ്ഞെടുക്കുകയും, അഭിവന്ദ്യപിതാവിന്റെ പേരിൽ റജിസ്റ്റർ ചെയ്യുകയും ഉണ്ടായി. അതിനുശേഷം നമ്മുടെ ജൂബിലി ആഘോഷദിവസമായ ഫെബ്രുവരി 13—ാംതന്നെ കപ്പൂച്ചിൻ സഭയുടെ ജനറാളായ എത്രയും ബെ. ബഹു. പാസ്സൽ റൈവാംസ്സിയുടെയും, ഡെഫനിറർ ജനറലായ ബഹു. അലോഷ്യസ് വാർഡിന്റെയും സാന്നിദ്ധ്യത്തിൽ നമ്മുടെ പിതാവു ബിഷപ്പു കുണ്ടുകുളം തിരുമേനി ലെപ്പർ കോളണിയുടെ ശിലാസ്ഥാപനകർമ്മം നടത്തുകയുണ്ടായി.

ഇപ്പോഴത്തെ പ്ലാൻ അനുസരിച്ചു 50 വീടുകളും, ഒരു ഡിസ്പെൻസറിയും, മരുന്നു കൊടുക്കാനുള്ള ഒരു ഹാളും ഉൾക്കൊള്ളുന്ന ഒരു കോളണിയാണു വിഭാവനം ചെയ്തിരിക്കുന്നതു. അതിൽ 25 വീടുകളും തല്ക്കാലം തീർക്കണമെന്നാണു ഉദ്ദേശിക്കുന്നതു. ഈ കോളനിയിൽ വസിക്കാൻ പോകുന്ന കുഷ്ഠരോഗികളുടെ ജീവസന്ധാരണത്തിനുള്ള മാർഗ്ഗങ്ങളെപ്പറ്റി ഇപ്പോൾ ചിന്തിക്കുന്നില്ല. തല്ക്കാലം അവർക്കു കിടപ്പാടം ഉണ്ടാക്കിക്കൊടുക്കുകയെന്നുള്ളതാണു നമ്മുടെ പ്ലാൻ. അതിനുശേഷം അവർക്കു ജീവിക്കാനുള്ള മാർഗ്ഗം ഉണ്ടാക്കിക്കൊടുക്കുന്ന കാര്യത്തെപ്പറ്റിയും ആലോചിക്കുന്നതാണു.

മൂന്നാം സഭക്കാരായ നമ്മൾ രണ്ടായിരം വർഷത്തെ ക്രൈസ്തവ പാരമ്പര്യമുള്ളവരാണെന്നോ, തോമ്മാശ്ലീഹായുടെ മക്കളാണെന്നോ, വി. ഫ്രാൻസീസിന്റെ മക്കളാണെന്നോ ഒന്നും പറഞ്ഞു അഭിമാനിക്കുന്നതിൽ കാര്യമില്ല. നമ്മുടെ പ്രവൃത്തികൾകൊണ്ടു അതു നാം തെളിയിക്കുകയാണു വേണ്ടതു. അതല്ലെങ്കിൽ ഈ കല്ലുകളിൽനിന്നും അബ്രാഹത്തിനു സന്തതികളെ ജനിപ്പിക്കുവാൻ ദൈവത്തിനു കഴിയുമെന്നു ഈശോയഹൂദന്മാരോടു പറഞ്ഞതുപോലെ നമ്മളോടും പറഞ്ഞുവെന്നുവരാം. അതുകൊണ്ടു ഇത്തരത്തിലുള്ള സഹോദരസ്നേഹപരമായ നമ്മുടെ ധീരസേവനംകൊണ്ടു നമ്മൾ നമ്മുടെ പിതാവിന്റെ മക്കളാണെന്നു തെളിയിക്കണം. ഇത്തരത്തിലുള്ള നമ്മുടെ പ്രവർത്തനം നമ്മുടെ സേവനത്തിന്റെ അവസാനമാകാതെ, അതു നമ്മുടെ സേവനചരിത്രത്തിന്റെ ആരംഭമാത്രം കുറിക്കുന്നതായിരിക്കട്ടെ. വളരെ കുറച്ചുമാത്രം സംസാരിക്കയും, അതേസമയം നിശ്ശബ്ദമായി വളരെയധികം പ്രവർത്തിക്കുകയുംചെയ്ത നമ്മുടെ പിതാവിനെ ഇക്കാര്യത്തിൽ നമുക്കു അനുകരിക്കാം. ഈ സംരംഭം വിജയിപ്പിക്കാൻ നിങ്ങളെല്ലാവരും നിങ്ങളുടേതായ വിലയേറിയ സംഭാവനകളും, അഭിപ്രായങ്ങളും, പ്ലാനുകളുമായി മുന്നോട്ടു വരുമെന്നു പ്രതീക്ഷിക്കുന്നു. അങ്ങനെ നമുക്കു വി. ഫ്രാൻസീസിന്റെ പ്രായപൂർത്തിവന്ന മക്കളായി പ്രവർത്തിക്കാം.



സന്ദർശിക്കുക:

ആലുക്കാസ് ജ്വല്ലറി

ഹൈറോഡ്, തൃശ്ശൂർ–1.

പുതുമയേറിയതും, നവീനതരത്തിലും ഉള്ള 22CT. സ്വർണ്ണാഭരണങ്ങൾക്ക് ഞങ്ങളുടെ ഷോ റൂം സന്ദർശിക്കുക. നിങ്ങളുടെ ഇഷ്ടാനുസരണം നോക്കി വാങ്ങുന്നതിനു 22ct. സ്വർണ്ണാഭരണങ്ങൾക്ക് ഞങ്ങൾ പരപൂർണ്ണ ഉത്തരവാദികളാകുന്നു. നിങ്ങൾക്ക് ഇഷ്ടപ്പെട്ട ഡിസൈനുകളിൽ പണിതീർത്തുകൊടുക്കുന്നതിനുള്ള മുൻകൂർ ഓർഡറുകളും സ്വീകരിക്കുന്നതാണ്.

ആലുക്കാസ് ജ്വല്ലറി

ഹൈറോഡ്, തൃശ്ശൂർ–1.

PHONE: {Shop: 853 / Res: 2312

Tel: BHOOMI



ഭൂമിമാർക്ക് കുടകൾ



നിർമ്മാതാക്കൾ:

ജോസ് അമ്പ്രലാ മാനുഫേക്ചറിങ്ങ് കമ്പനി,

ഹൈറോഡ്, തൃശ്ശൂർ–1.

പ്രസിദ്ധിയാർജ്ജിച്ച ഭൂമിമാർക്ക് കുടകൾ സെൻച്വറി തുണികളാൽ വിധഗ്ദ്ധരായ ജോലിക്കാരാൽ നിർമ്മിക്കപ്പെടുന്നു. നിങ്ങളുടെ അടുത്ത കടകളിൽനിന്നും കിട്ടുന്നതാണ്. കച്ചവടക്കാരിൽനിന്നു സീസൺ ഓർഡറുകളും സ്വീകരിക്കുന്നതാണ്.

തൃശ്ശൂർ മുൻസിപ്പൽ ആഫീസിനു സമീപമുള്ള ഞങ്ങളുടെ ഷോറൂം സന്ദർശിക്കുക

ഭൂമിമാർക്ക് കുടകളുടെ ഷോറൂം

മുൻസിപ്പൽ ആഫീസ് റോഡ്, തൃശ്ശൂർ

ജോസ് അമ്പ്രലാ കമ്പനിയുടെ ഭൂമിമാർക്ക് കുടയും സ്റ്റീൽ ബേഗ്രകളും, ട്രങ്ക്, സൂട്ട്കെയ്സ്, അലുമിനിയം പാത്രങ്ങളും, പ്ലാസ്റ്റിക് ഗുഡ്സ് കടകളും സമീപിക്കുക, മുൻസിപ്പൽ ആഫീസിനു സമീപമുള്ള ഷോറൂം

NARAYANA & Co

Near Municipal Office

സാമൂഹ്യസേവനത്തിനുള്ള ധനാഗമമാർഗ്ഗങ്ങൾ

ക്രിസ്ത്യൻ മൂന്നാം സഭ ഇന്നു നിരവധി സാമൂഹ്യപ്രവർത്തനങ്ങൾ ഗ്രൂപതാടിസ്ഥാനത്തിലും ഇടവകാടിസ്ഥാനത്തിലും ചെയ്തുകൊണ്ടിരിക്കുന്നുണ്ട്. എന്നാൽ ഇതിനെല്ലാമുള്ള ഫണ്ട് എങ്ങനെ സമ്പാദിക്കുന്നുവെന്ന് അറിയാൻ ചിലർക്ക് താല്പര്യം കാണും. ഇങ്ങനെയുള്ള സേവനം ചെയ്യണമെന്നാഗ്രഹിക്കയും, അതേ സമയം ഫണ്ടില്ലാതെ വിഷമിക്കുകയും ചെയ്യുന്നവർക്ക് ഈ അറിവ് ഉത്തേജനം പ്രദാനംചെയ്യുകയും ചെയ്യും.

മൂന്നാം സഭയ്ക്ക് രണ്ടു തരം ഫണ്ടാണുള്ളത്. ഒന്നു കേന്ദ്രഫണ്ടും, മറേറതു പ്രാദേശികഫണ്ടും.

കേന്ദ്രഫണ്ട്

ഉദാരമതികളായ ആളുകളിൽനിന്നു സംഭാവന സ്വീകരിച്ചും, വർഷംതോറും ചെറിയ ലോട്ടറികളും നടത്തിയുമാണ കേന്ദ്രഫണ്ടുണ്ടാക്കുന്നതു്. ഈ കഴിഞ്ഞ 6 വർഷങ്ങൾക്കിടയിൽ 6 ലോട്ടറികളും നടത്തുകയുണ്ടായി. അവയിൽ നിന്നു മൊത്തം ഏതാണ്ട് 35,000ക. ആദായം ലഭിക്കുകയുണ്ടായി. വർഷംതോറും പ്രാദേശിക ഘടകങ്ങളും സംഭാവനയായി കേന്ദ്രഫണ്ടിലേയ്ക്ക് ഒരു തുകയും നല്കാറുണ്ട്. ഇതെല്ലാമാണ കേന്ദ്രഫണ്ടിലേയ്ക്കുള്ള ധനാഗമമാർഗ്ഗങ്ങൾ.

പ്രാദേശികഫണ്ട്

ഭ്രാതൃതലങ്ങൾ പ്രാദേശികഫണ്ടുണ്ടാക്കുന്നതിൽ വിവിധമാർഗ്ഗങ്ങൾ സ്വീകരിക്കാറുണ്ട്. ഉദാ: സിനിമാപ്രദർശനങ്ങൾ നടത്തുക, ചെറിയ ലോട്ടറികൾ പ്രാദേശികാടിസ്ഥാനത്തിൽ നടത്തുക, കാഷ്മീകോല്പന്നങ്ങൾ സംഭാവന ചെയ്യുക, നെല്ലു പിരിക്കുക, സംഭാവനകൾ ഉദാരമതികളിൽനിന്നു സ്വീകരിക്കുക ഇങ്ങനെ പല തരത്തിൽ ഫണ്ടുണ്ടാക്കുന്നതിനു ശ്രമിക്കാറുണ്ട്.

കൂട വിതരണം

1970 ഒക്ടോബർ മാസത്തിലാണ് ഈ പദ്ധതി മാളയിൽ വെച്ചാരംഭിച്ചതു്. ഇതിനകം 36 കേന്ദ്രങ്ങളിലായി തുടർന്നു വരുന്നു. മാള, വിളയനാട്, ചാലക്കുടി, കുറിക്കാട്, വെള്ളിക്കുളങ്ങര, പേരാമ്പ്ര, അമ്മാടം, പറപ്പുക്കര, ചെങ്ങാലൂർ, പടിഞ്ഞാറെ കല്ലൂർ, ചെവ്വൂർ, കുരിയച്ചിറ, നെടുപുഴ, മുക്കാട്ടുകര, പുഴല, മച്ചാട്, മങ്ങാട്, പരിയാരം, വേലൂർ, ക്രൂനം മുച്ചി, മാറാം, ചിറ്റാട്ടുകര, മമ്മിയൂർ, കോട്ടപ്പടി, പാവർട്ടി, മുല്ലശ്ശേരി, തൊയക്കാവ്, എനാമ്മാവ്, മണലൂർ, കൊട്ടേക്കാട്, ഒല്ലൂർ, വടക്കാഞ്ചേരി, മരത്താക്കര, പറപ്പൂർ, മുന്നുമുറി എന്നീ സ്ഥലങ്ങളിലെ യൂണിറ്റുകളുടെ ആഭിമുഖ്യത്തിൽ ഏകദേശം 16000 കുടകൾ വിതരണം നടത്തുകയാണ്. ഇതിൽ ഏറ്റവും കൂടുതൽ അംഗങ്ങളുള്ളതു് ഒല്ലൂർ ശാഖയിലാണ്. 1000 പേർ ചേർന്നിട്ടുണ്ട്. അതു



IN KERALA
NEARLY
EVERYONE
SHOPS AT

Chakola's

FOR
NEARLY
EVERYTHING
IN TEXTILES

CHAKOLA'S SILK HOUSE
TRICHUR, ERNAKULAM.

വഴി മൊത്തം 25000 രൂപാ ലാഭം ഉണ്ടായിട്ടുണ്ട്.

ഇതെങ്ങനെയുണ്ടായി? ഈ പദ്ധതിയനുസരിച്ചു കടകം വാങ്ങിച്ചു മാക്കറ്റു വിലയിൽ വളരെ കുറച്ച്, ആളുകൾക്കു വിതരണം ചെയ്യുന്നു. അതു് അവർക്കു തീർച്ചയായും വളരെ വലിയ സഹായമാണു്. അതേ സമയം കമ്മീഷൻ ഇനത്തിൽ കട വിതരണം നടത്തുന്ന യൂണിറ്റുകൾക്കു നല്ല ലാഭവുമുണ്ടു്. യൂണിറ്റുകൾക്കുള്ള ലാഭം കമ്മീഷനാണു്. ഈ പദ്ധതി ആളുകൾക്കു് എത്രമാത്രം പ്രയോജനപ്രദമാണെന്നു് ഒല്ലൂർ യൂണിറ്റിലെ കാര്യത്തിൽനിന്നു മാത്രം വ്യക്തമാണു്. അവിടെ ഈ മേയ് മാസത്തോടുകൂടി 1000 കടകം വിതരണം ചെയ്തു കഴിഞ്ഞു. വീണ്ടും ഈ ജൂൺ മാസത്തിൽ ആരംഭിക്കുന്ന രണ്ടാം കടവിതരണപദ്ധതിയിലേയ്ക്കു് 2000 ആളുകടകം ചേർന്നുകഴിഞ്ഞു. ഇതിൽനിന്നു് ഈ പദ്ധതിമൂലം ആളുകൾക്കു ലഭിക്കുന്ന പ്രയോജനം എത്രമാത്രമെന്നു് ഊഹിക്കാമല്ലോ.

ഇതിൽനിന്നു് ഒരു കാര്യം വ്യക്തമാണു്. പുറമെനിന്നുള്ള സഹായം കൂടാതെ, നമ്മുടെ ആളുകളെതന്നെ വളരെയധികം ബുദ്ധിമുട്ടിക്കാതെ, സാമൂഹ്യപ്രവർത്തനങ്ങൾ നടത്താനുള്ള പണം ഇങ്ങനെയുള്ള പ്രവർത്തനങ്ങൾ വഴി നമുക്കുണ്ടാക്കാം. സകല സാമൂഹ്യപ്രവർത്തനങ്ങൾക്കും ആവശ്യമായിട്ടുള്ളതു ത്യാഗമതികളും സേവനതല്പരരുമായ വ്യക്തികളെയാണു്. അവരുണ്ടെങ്കിൽ ഫണ്ടു താനെ ഉണ്ടായിക്കൊള്ളും. ഇതും ഇതുപോലുള്ള മറ്റനവധി മാർഗ്ഗങ്ങളും ചിന്തിച്ചു കണ്ടുപിടിച്ചു് അതുവഴി സേവനത്തിനാവശ്യമായ ഫണ്ടുണ്ടാക്കുവാൻ നമുക്കു കഴിയുന്നതാണു്. അതുകൊണ്ടു ത്യാഗമതികളും സേവനതല്പരരുമായ മൂന്നാം സഭാംഗങ്ങൾ മുന്നോട്ടു വരട്ടെ. അവരുടെ കഴിവുകളും ഉപയോഗിച്ചു പതിയ പുതിയ ധനാഗമമാർഗ്ഗങ്ങൾ കണ്ടുപിടിക്കട്ടെ. അതുവഴി കൂടുതൽ വിപുലമായ സാമൂഹ്യസേവനം നടത്താൻ ഇടയാകട്ടെ.

ESTD. 1954 PHONE No. C. 362

THE DAMIEN SUBSIDIES LTD., TRICHUR-1

A Quasi-Charitable Institution in aid of

The Damien Leprosy Hospital

Conducting Kuries with Salas ranging from Rs. 19980 – to Rs. 72000/–

(BOTH MONTHLY & POOVAL)

Await Our Fresh Kuries!

A. K. FRANCIS MANAVALAN (Chairman)

RUNNING KURIES:

3rd	Day	Monthly	Rs. 38850	12th	Day	Monthly	Rs. 31080
4th	,,	,,	Rs. 31080	14th	,,	,,	Rs. 44400
5th	,,	,,	Rs. 31080	15th	,,	,,	Rs. 44400
6th	,,	,,	Rs. 19980	16th	,,	,,	Rs, 22755
7th	,,	,,	Rs. 19980	17th	,,	,,	Rs. 38850
7th	,,	Pooval	Rs. 72000	17th	,,	Pooval	Rs. 72000
8th	,,	Monthly	Rs. 31080	18th	,,	Monthly	Rs. 38850
9th	,,	,,	Rs. 19980	20th	,,	,,	Rs. 72000
10th	,,	,,	Rs. 38850	20th	,,	Qrtly.	Rs. 30000
11th	,,	,,	Rs. 44400	20th	,,	Monthly	Rs. 38850

Telegrams: "YESENGE" Phone No. 331



കീർത്തികേട്ട "കിളി"മാർക്കു് ഹിന്ദുസ്ഥാൻ
കുടകൾതന്നെ വാങ്ങുവിൻ.

നിർമ്മാതാക്കൾ:

ഹിന്ദുസ്ഥാൻ അമ്പ്രലാ ഫാക്ടറി, കൊടുങ്ങല്ലൂർ

ബ്രാഞ്ചു്:

ഹിന്ദുസ്ഥാൻ അമ്പ്രലാ ഡെപ്പോ
പ്രസ്സ്ക്ലബ്ബ് റോഡു്, എറണാകുളം

ഫ്രാ. മൂന്നാം സഭ ഒരു ഇടവക വികാരിയുടെ ദൃഷ്ടിയിൽ

അനേകം സന്യാസസഭകളും ഇന്നുണ്ട്. ഓരോന്നും ഓരോ പ്രത്യേകചൈതന്യത്തെ മുൻനിറുത്തിയാണു സ്ഥാപിതമായിട്ടുള്ളതു്. എന്നാൽ, വേഷവിധാനത്തിലുള്ള വ്യത്യാസത്തിലൂടെയല്ലാതെ, ഈ പ്രത്യേകചൈതന്യത്തിന്റെ പ്രത്യക്ഷീകരണത്തിലൂടെ ഈ സഭകളെ തിരിച്ചറിയുവാൻ ജനങ്ങൾക്കു കഴിയുന്നില്ല. കമ്മലീത്തയും ക്ലാരയും തിരുക്കുടുംബവുമൊക്കെ സന്യാസസഭകളാണു്. അല്പാല്പവ്യത്യാസത്തോടുകൂടിയ യൂണിഫോം ധരിക്കുന്നു. വ്യത്യാസം അവിടെ അവസാനിക്കുകയും ചെയ്യുന്നു. എല്ലാവരുടേയും സേവനരംഗങ്ങൾ ഒന്നുതന്നെ — ആസ്പത്രി, കോളേജ്, സ്കൂൾ തുടങ്ങിയവ. ഇത്തരം സ്ഥാപനങ്ങളാകട്ടെ സന്യാസസഭകളുടെ കുത്തകയുമല്ല. നടത്തിപ്പിലും എല്ലാം ഏറെക്കുറെ സമാസമം. സന്യാസസഭകളെത്തന്നെ പരസ്പരം തിരിച്ചറിയാൻ ഈ സേവനരംഗങ്ങൾ ഉതകുന്നില്ലെന്നതോ പോകട്ടെ, ഇതരർ നടത്തുന്നവയിൽനിന്നുപോലും തിരിച്ചറിയത്തക്ക പ്രത്യേക ലക്ഷണങ്ങളൊന്നും എടുത്തുപറയാനുമില്ല. എത്ര ക്രൈസ്തവസ്നേഹപ്രചോദിതമാണെന്നു പറഞ്ഞാലും 'വെറും ബിസിനസ്' ആയിട്ടാണു് ആളുകൾക്കനുഭവപ്പെടുന്നതു്.

ഇടവകകളിലെ ക്ഷേത്രസംഘടനകളുടെ സ്ഥിതിയും മേല്പറഞ്ഞതിൽനിന്നു ഭിന്നമല്ല. ഓരോ സംഘടനയ്ക്കും അതതിനേ്രതായ പ്രത്യേക ചൈതന്യവും ലക്ഷ്യവും പരിപാടിയും അതതിന്റെ സ്ഥാപകരാൽ ഉദ്ദേശിക്കപ്പെട്ടിട്ടുണ്ടെങ്കിലും പ്രയോഗത്തിൽ എല്ലാം ഒന്നിനേ്രതന്നെ പതിപ്പുകളാണു്. വിൻസെൻറ് ഡി പോളും സൊഡാലിറ്റിയും ഒക്കെ സാമൂഹ്യസേവനരംഗത്താണു്. എല്ലാവരും ഭവനം നിർമ്മിച്ചു കൊടുക്കുന്നു. കുടിവെള്ളവിതരണം ചെയ്യുന്നു..... വിൻസെൻറ് ഡി പോൾ നിർമ്മിക്കുന്നതും ഭവനം; സൊഡാലിറ്റി നിർമ്മിക്കുന്നതും ഭവനം; പിന്നെ ഫ്രാ. മൂന്നാം സഭയുടെ ഭവനത്തിനുള്ള പ്രത്യേകതയെന്താണു്?

സാമൂഹ്യസേവനപദ്ധതികളുടെ ആവശ്യകതയേയും പ്രാധാന്യത്തേയും ചോദ്യം ചെയ്യുകയോ, അവയുടെ വിലയിടിച്ചു കാണിക്കുകയോ അല്ല ഇവിടെ ചെയ്യുന്നതു്; പ്രത്യുത, ഓരോ സംഘടനയും അതതിന്റെ സ്ഥാപകന്റെ പ്രത്യേക ഉദ്ദേശ്യത്തിനും ചൈതന്യത്തിനും അനന്യമായി പ്രവർത്തിക്കുന്നില്ലെങ്കിൽ അവ വ്യത്യസ്ത സംഘടനകളായി നിലകൊള്ളുന്നതിന്റെ, അല്ലെങ്കിൽ, നിലകൊള്ളേണ്ടതിന്റെ പ്രസക്തിയെക്കുറിച്ചു സംശയിക്കുകമാത്രമാണു്.

ഫ്രാൻസിസ്കൻ മൂന്നാം സഭയ്ക്കൊരു ചൈതന്യമുണ്ടു്: അതിന്റെ സ്ഥാപകനായ അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസിനേ്രതു്. സുവിശേഷത്തിലെ ക്രിസ്തുവിനെ പൂർണ്ണമായനുകരിക്കുവാനും പ്രമുഖമായി അവിടത്തെ ദാരിദ്ര്യചൈതന്യത്തിനു സാക്ഷ്യം നല്കുവാനുമാണല്ലൊ ഫ്രാൻസിസ് ശ്രമിച്ചതു്.

ലോകസാധാരണമായ ജീവിതത്തെ ക്രൈസ്തവമാക്കാൻ ഈ സാക്ഷ്യംനല്കൽ ജീവിതത്തിലൂടെ വേണമെന്നു്, അതു കഴിയുന്നതും പ്രത്യക്ഷീകരിക്കണമെന്നു് അദ്ദേഹത്തിനു നിർബ്ബന്ധമുണ്ടായിരുന്നു. ക്രൈസ്തവചൈതന്യത്തിന്റെ ഈ പ്രത്യക്ഷ ജീവിതമാണു് അദ്ദേഹത്തെ 'രണ്ടാം ക്രിസ്തു' എന്ന പേരിനർഹനാക്കിയതു്? വിശ്വാസപരമായും ധാർമ്മികമായും അടിമുടി അധഃപതിച്ചിരുന്ന പതിമൂന്നാം നൂറ്റാണ്ടിലെ ക്രൈസ്തവജനതയ്ക്കൊന്നടങ്കവും വൈദികസന്യാസവൃന്ദങ്ങൾക്കു പ്രത്യേകമായും അദ്ദേഹം നല്കിയ താക്കീതു് അക്ഷരാർത്ഥത്തിലുള്ള ഈ ക്രിസ്തുവനുകരണമായിരുന്നു. സമ്പൽസമൃദ്ധിയിൽ എല്ലാം കണ്ടെത്തിയിരുന്ന ജനതയ്ക്കു് ഇ ലോകത്തിലെ സമ്പൽ

സമൃദ്ധി പരലോകസമൃദ്ധിയുടെ മുമ്പിൽ വെറും നിഴലാണെന്നും, അതിനാൽ, നിഴലിനെ വേട്ടയാടിത്തളരാതെ സാക്ഷാൽ സ്വർഗ്ഗസമ്പത്തിനു വേണ്ടി അദ്ധ്വാനിക്കുകയാണു വേണ്ടതെന്നും അദ്ദേഹം മാതൃകാപാഠം നല്കി. തന്റെ ഭൗതിക സ്വത്തു മുഴുവൻ പരിത്യജിച്ചു്, അതിന്റെ അഗണ്യത പ്രസ്പഷ്ടമാക്കി, ലൗകികബന്ധങ്ങളെ വിലയിരുത്തിക്കാണിച്ചു്, സ്വർഗ്ഗസ്ഥനായ പിതാവിന്റെ യഥാർത്ഥ പുത്രനായി പിച്ചയാചിച്ചു തെരുവിലിറങ്ങിയ ഫ്രാൻസിസു് സ്വർഗ്ഗീയവിജ്ഞാനത്തിന്റെ ഒരു വാനമ്പാടിയായിരുന്നു.

ഈ ചൈതന്യം അക്ഷരാർത്ഥത്തിൽ കുറെയെങ്കിലും പ്രത്യക്ഷമാക്കാതെ ഫ്രാൻസിസ്കൻ ചൈതന്യത്തിനു സാക്ഷ്യം വഹിക്കാൻ ഒന്നാം സഭയ്ക്കോ രണ്ടാം സഭയ്ക്കോ മൂന്നാം സഭയ്ക്കോ സാധിക്കുകയില്ല.

ഇടവകയിൽ ഫ്രാ. മൂന്നാം സഭയുടെ പ്രവർത്തനങ്ങളെ ഈ അരുപിയിൽ മാത്രമേ വിലയിരുത്താൻ നമുക്കു കഴിയൂ.

മിക്ക ഇടവകകളിലും ഇന്നു് ഈ സംഘടനയുടെ ശാഖകളുണ്ടെന്നാണു് അറിവു്. ചില സ്ഥലങ്ങളിൽ വൃദ്ധന്മാരുടെ അതിപ്രസരം; മറ്റു ചില സ്ഥലങ്ങളിൽ സ്ത്രീകളുടെ അതിപ്രസരം. ചുരുക്കം സ്ഥലങ്ങളിൽ സ്ത്രീപുരുഷവിഭാഗങ്ങളും ചേർന്നു് സജീവമായി പ്രവർത്തിക്കുന്ന സംഘടനയായിട്ടുണ്ടു്. വൃദ്ധന്മാർ ഭൂരിപക്ഷമുള്ളിടങ്ങളിൽ ചെറുപ്പക്കാരെ ഈ സംഘടനയ്ക്കാകർഷിക്കുവാൻ

കാജാ

കമ്പനി

ചാവക്കാടു്




കാജാ ബീഡി

കഴിയുന്നില്ല. അവയെന്നും വൃദ്ധസംഘടനയായിത്തന്നെ തുടരുന്നു. 'സത്യാരാധന'യിൽ മാത്രം അവർ സംഘടനാജീവിതത്തിന്റെ മുക്തി കണ്ടെത്തുകയും ചെയ്യുന്നു.

ഇങ്ങനെയൊക്കെയാണെങ്കിലും ഫ്രാ. മൂന്നാം സഭ പൊതുവിൽ ഇതരസംഘടനകളേക്കാൾ ആത്മീയത ചൂഴ്ന്നു നില്ക്കുന്നതായിക്കാണാം. എന്തിനും സ്വതവേ തീക്ഷ്ണതയുള്ളവരാണ് ഈ സംഘടനയിൽ അധികം കാണാറ്. തീവ്രവാദികളും വളരെയുള്ള ഒരു സംഘടനയാണിതു്. കപ്പൂച്ചിൻ വൈദികന്മാരുടെ തീക്ഷ്ണതയേറിയ അദ്ധ്വാനവും മേൽനോട്ടവും ഈ സംഘടനയെ ചൈതന്യമുള്ളതാക്കിത്തീർക്കുന്നുണ്ട്. മാസധ്യാനങ്ങൾ, വാഷ്ിക ഏകാന്ത ധ്യാനങ്ങൾ എന്നിവ ആദ്ധ്യാത്മികചൈതന്യമുള്ളതാക്കി ഈ സംഘടനയെ നിലനിറുത്തുന്നതിൽ ഗണ്യമായ പങ്കു വഹിക്കുന്നുണ്ട്.

തൃശ്ശൂർ രൂപതയിലെ ഫ്രാ. മൂന്നാം സഭ ഇപ്പോൾ ഈ സഭയുടെ ചാർജ്ജ് വഹിക്കുന്ന ഫാദർ തോമസ്മൂറിന്റെ തീക്ഷ്ണതയേറിയ നേതൃത്വത്തിൽ വളരെയേറെ സാമൂഹിക പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. ഭവനനിർമ്മാണം, ബൈബിൾ വിതരണം, കട വിതരണം, ലഘു നിക്ഷേപം എന്നിങ്ങനെ. നേരത്തേ സൂചിപ്പിച്ചതുപോലെ, മറ്റു സംഘടനകളും ചെയ്യുന്നതും ഇതൊക്കെത്തന്നെ. അതിനാൽ, ഒരു സംഘടന എന്നതിനേക്കാൾ ഒരു ജീവിതരീതി (way of life) ആയിരിക്കേണ്ട മൂന്നാം സഭ ഇന്നത്തെ അതിന്റെ നിലപാടിൽ ആദിമചൈതന്യത്തിനനുസൃതമായി വിപ്ലവകരമായ ഒരു മാറ്റത്തിനു വിധേയമാകേണ്ടതുണ്ട്. ലൗകായതിക വീക്ഷണവും അത്യാഗ്രഹവും ഇടവകതലങ്ങളുടെ ആത്മാവിലും ശരീരത്തിലും കയറി കൂടിയിരിക്കുമ്പോൾ, ദൈവമക്കളുടെ സ്വാതന്ത്ര്യത്തിലേയ്ക്കു മനുഷ്യനെ നയിക്കുവാൻ ഫ്രാൻസിസ്കൻ ദാരിദ്ര്യചൈതന്യാനുസൃതമായ ഒരു ജീവിതസാക്ഷ്യത്തിനാണ് സഭാംഗങ്ങൾ ഇന്നു മുൻഗണന കൊടുക്കേണ്ടതു്. സ്നേഹശൂന്യതയും വിദ്വേഷവും സ്വാർത്ഥതയും ഭൗതികചിന്താഗതിയും ഇടവക ക്രൈസ്തവ സമൂഹത്തെ നിർജ്ജീവമാക്കുമ്പോൾ, ഫ്രാൻസിസ്കൻ സഹോദര്യത്തിന്റെ, സമഭാവനയുടെ, ആത്മീയദർശനത്തിന്റെ ജീവിതസാക്ഷ്യത്തിനാണ് അംഗങ്ങൾ തയ്യാറാകേണ്ടതു്. മിഥ്യാഡംബരങ്ങളും ഗമകളും ആധുനിക സമൂഹത്തിന്റെ അന്തഃസാരശൂന്യതയേയും ആദ്ധ്യാത്മികചൈതന്യരാഹിത്യത്തേയും തുറന്നു കാട്ടുമ്പോൾ, ലളിതജീവിതത്തിൽ ക്രൈസ്തവപാകതയ്ക്കു് (Christian maturity) സാക്ഷ്യം വഹിക്കാനാണു സഭാംഗങ്ങൾ ജാഗ്രത കാണിക്കേണ്ടതു്.



പുളിക്കൻ ടെഡിങ്ങ് കമ്പനിയുടെ സ്വന്തമായ പുതിയ ഓഫീസുകെട്ടിടത്തിന്റെ ആശീർവ്വാദകർമ്മം നിർവ്വഹിക്കാനെത്തിയ തൃശ്ശൂർ ബിഷപ്പ് ഡോ. ജോസഫ് കുണ്ടുകുളം അവർകളെ, പ്രൊപ്രൈറ്റർ വർഗ്ഗീസ് പുളിക്കൻ ഹാരമണിയിച്ചു സ്വീകരിക്കുന്നു.
ചെറുകിട പണമിടപാടുകാർക്കു വിശ്വസ്ഥസ്ഥാപനം

ദി പുളിക്കൻ
ടെഡിങ്ങ് കമ്പനി
മരത്താക്കര, ഒല്ലൂർ
ഫോൺ 293, ഒല്ലൂർ

Adopting the Destitute Lay Franciscan

Jose T. Neelankavil

It was somewhere near December, 1968 that Rev. Fr. Antony Maliekal, the Rector of the St. Mary's Minor Seminary here at Trichur, informed me that a Franciscan Tertiary from the U. S. A., Br. Alan Quimet, expressed a desire to get some information about the activities of the Franciscan Third Order in the Trichur Diocese. As the General Secretary of the Franciscan Third Order in the Trichur Diocese, I was only glad to write to Br. Alan. After the exchange of a few letters, Br. Alan wrote an article in the "Franciscan Herald" published from America. The article was entitled "Adopt A Destitute Lay Franciscan?" and it was an appeal to the sense of charity and good will of the Americans to adopt destitute lay tertiaries in India in general, and in Trichur Diocese in particular, by providing them at least one meal a day. In response to this appeal, about forty benefactors came forward to sponsor this scheme, and this glad news was conveyed to Fr. Antony Maliekal and myself.

And here at Trichur, the 26th January, 1971 was a special day of jubilation to the Franciscan Tertiaries. The Central Council of the Third Order in the Trichur Diocese had met on that day at the "Shanti Bhavan" at the Calvary Ashram (Friary). Rev. Fr. Thomas More, O. F. M. Cap , the Diocesan Director and the Provincial Commissary of the Third Order, explained about the scheme proposed by Br. Alan Quimet. It was a pleasant surprise for all the Committee Members and all of us welcomed the scheme whole-heartedly.

Fr. Maliekal, Miss K. K. Annakutty, the Vice President of the Franciscan Third Order in the Trichur Diocese, and myself formed the team for the working of the scheme. Circulars were forthwith despatched to the different fraternities in the Diocese, calling for applications; and applications came, in plenty. Selecting the deserving applicants, preparing the family-history of the selected applicants — all these were done with the utmost care possible. When the applications received first were exhausted, a second circular was sent, and then a third. And now, there are 253 poor Franciscan families here, being sponsored by their loving, benevolent benefactors, mostly from America, and a few from Rome, Australia and Canada.

The Conditions

The scheme is intended to be an exclusive affair of the Franciscan tertiaries. The sponsors abroad have made it a point that the amount sent by them could be sent to a tertiary only. This has necessitated the fact that the recipient of the help, however poor he or she be, must be a Franciscan tertiary.

Selection of beneficiaries

Each fraternity in the parish is to forward to the Central Council the application of the tertiary in that fraternity, duly recommended and signed by the Father Director of that fraternity. A factual family history also of the applicant is to accompany the same.

The working of the scheme

The family histories of all the selected tertiaries are sent to Br. Alan, and he distributes these to the concerned benefactors. In most cases, each adopted beneficiary gets an amount of Rs. 35/- per month. In rare cases some get Rs. 105/- also.

When the help began to come in some of the Committee Members suggested that an amount of Rs. 10/-, per month, from each beneficiary was to be deducted to from a saving fund in his or her name. This amount was to be teturned, with due interast, to the tertiary in case of an emergency, such as sickness, or death; or to solve an acute problem like housing or marriage or the like. Accordingly Rs. 10/- was deposited in the name of each tertiary. But it was later learnt that some of the benefactors didn't relish this practice; and so we returned the amount, with interest, to all the concerned beneficiaries.

Since a family is adopted by another family or individual, the help can be expected only as long as that individual or family is able or willing to give the help. So the help cannot be expected to come in indefinitely. Hence the beneficiaries are expected to build up a steady and stable life within as short a period as possible by their own hard and honest work.

Thanks ...Thanks ...

When we look back to the beginning of this movement, we see Br. Alan Quimet, the founder of this movement, who did all the spade-work for its steady and surprising growth and development. We thank him from the innermost recesses of our hearts. To his associates and to the 253 sponsors also our most warm and sincere thanks. His Excellency Rt. Rev. Dr. Josep Kundukulam, the Bishop of Trichur, has been taking very keen interest in this project, and we thank him most devotedly for the same. And to all others who have rendered their valuable help, in one way or other, for the successful operation of this project we thank with all our hearts. May the good God and our Seraphic Father bless them most abundantly.

With best compliments from

"GEOTEX"

GEOTEX

Phone: 1132

Wholesale & Retail Textile dealers

തൈക്കാ അങ്ങാടി :: തൃശ്ശൂർ – 1

Phone: 2375

POOTHOKARAN ELECTRICALS

TRICHUR

Authorised dealers:

GEC RADIOS • FANS • MOTORS AEI

SILVER Exide BATTERY

Phone No. 201
" " 7
Res. No. 7A

VELLANIKARAN'S

SILK HOUSE

CHALAKUDY

ഭൗതികൈശ്വര്യത്തിൽ മാത്രം വിശ്വസിക്കുന്ന ഒരു തലമുറയ്ക്ക്, സമാധാനം കാംക്ഷിക്കുകയും വിപ്ലവം ഉണ്ടാക്കുകയും ചെയ്യുന്ന ഒരു തലമുറയ്ക്ക്, വിലയേറിയ പല പാഠങ്ങളും അനുഭവത്തിൽക്കൂടി നല്കുവാൻ ഫ്രാൻസിസ് നൽകിയ സന്ദേശം പ്രചരിപ്പിക്കുന്നവക്കു സാധിക്കും.



ഫ്രാൻസിസിന്റെ കാലടികളെ പിൻതുടരുമ്പോൾ *

കെ. സി. ചാക്കോ, M. A., B.E., M.S., M.I.E.
(പ്രൊ. വൈസ്ചാൻസലർ, കോഴിക്കോട് യൂണിവേർസിറ്റി)

ഇരുപത്തിരണ്ടു കൊല്ലങ്ങൾക്കു മുമ്പ് ഒരു ബഹുമാനപ്പെട്ട കപ്പൂച്ചിൻ വൈദികൻ എന്നോടു പറയുകയുണ്ടായി, ഫ്രാസിസ്കൻ മൂന്നാം സഭയിൽ ചേരണമെന്നു്. ഇന്നത്തേക്കാൾ ചൂടേറിയ അന്നത്തെ ചോരയുടെ തിളപ്പിൽ, ഏതാണ്ടു പരിഹാസസ്വരത്തിൽ, ''അച്ചന്റെ അരയിൽ കെട്ടിയിരിക്കുന്ന ആ കയറിൽ എന്നെ കെട്ടിനിറുത്തുവാനുള്ള ബലമില്ല. അതുകൊണ്ടു ഞാൻ വരുന്നില്ല'' എന്നു മുഖടി പറയുകയുണ്ടായി. അതിന്റെ ശേഷമാണു്, ബഹുമാനപ്പെട്ട അൽഫോൻസാമ്മയുടെ ജീവചരിത്രം എഴുതുവാനുള്ള ശ്രമത്തിൽ, ആ കന്യകയുടെ ജീവിതത്തിലെ ചില അനുഭവങ്ങളെയും സംവേദങ്ങളെയുമെല്ലാം ഞാൻ മനസ്സിലാക്കിയതു്. അപ്പോഴാണു് എനിക്കു തോന്നി: നമ്മുടെ കേരളത്തിലെ സാഹചര്യങ്ങളിൽ ജനിച്ചു വളർന്ന ആ പെൺകുട്ടിയെ ആശ്രമജീവിതത്തിലേയ്ക്കും നാമെല്ലാം വിശ്വസിക്കുന്നതുപോലെ, വിശുദ്ധിയുടെ പദവിയിലേയ്ക്കും ആകഷ്ടിച്ച ഈ ക്ലാരപുണ്യവതി ആരാണു്; വി. ഫ്രാൻസിസ് ആരാണു്? ഇങ്ങനെയാണു് വി. ഫ്രാൻസിസിനേറെയും വി. ക്ലാരയുടേയും ജീവചരിത്രം പഠിക്കുവാൻ എനിക്കു് അവസരം കിട്ടിയതു്. അതു പഠിച്ചതിന്റെ ഫലമായി, പിന്നീടുള്ള എന്റെ ജീവിതകാലത്തു്, ജനിക്കാനിരുന്ന എന്റെ ശിശുക്കൾക്കു് ഫ്രാൻസ് എന്നും ക്ലാര എന്നും പേരിടണമെന്നു് എന്റെ ഭാര്യയോടു നിർദ്ദേശിക്കുവാൻ മാത്രം വാത്സല്യമുള്ള രണ്ടു പേരുകളായി ഫ്രാൻസീസും ക്ലാരയും എന്റെ ജീവിതത്തിൽ സ്ഥാനം പിടിച്ചു. ഇങ്ങനെയൊക്കെയാണു ഫ്രാൻസിസ്കൻ മൂന്നാം സഭയിലെ ഒരു അംഗമായിത്തീരുവാൻ എനിക്കു് ഇടയായതു്,

---

* ശതാബ്ദ്യുബിലിയുടെ സമാപനസമ്മേളനം 1969 ജനുവരി 5—ാം തീയതി ഭരണങ്ങാനത്തുവച്ചു നടത്തിയപ്പോൾ ചെയ്ത പ്രസംഗത്തിൽ നിന്നു്

Phone: Factory 1271 Trichur Residence 39 Kattoor

HINDUSTAN FOUNDRY PRODUCTS

POOTHOLE :: TRICHUR-4

Kerala State

(Prop: A. John Alapatt)

Manufacturers and suppliers of:

- Premixers, Pugmill, Polisher, Revolving Press, Screw Press, Tile Moulds, Rollers etc. for Tile Factory.
- Peeling, Chopping, Cutting & Levelling Machines, Grinders Dipping Plates etc., for Match Factory.
- Mincers-cum-pulpers, Pre-cookers, Steam Exhaust, Retorts, Coding Machines, 'F' Fruit Extractors etc., for Canning Industry.
- Rotary Chucks, Cutters and other accesseries for Oil Mills.
- Tyre Retreading Machines, Rubber Rollers, Mixers etc., for Rubber Industries.

We specialise in manufacture of C. I. Acid/Heat/Wear resistant castings, C. I. Specials, Manhole Covers and Fire hydrants.

KARSHAKA centrifugal water pumps and Axial Flow pumps are also in our regular production.

അതിനുശേഷം പല പ്രസംഗവേദികളിലും, പല ലേഖനങ്ങളിലുംകൂടി, ഈ മൂന്നാം സഭ എന്തിനാണെന്നും, മൂന്നാം സഭയേപ്പറ്റി മറ്റുള്ളവർക്കുള്ള അഭിപ്രായം എന്താണെന്നും, മൂന്നാം സഭ കാര്യമായി എന്തെങ്കിലും ചെയ്യുന്നുണ്ടോ എന്നും, ചെയ്യാൻ കഴിയുമോ എന്നുമൊക്കെ ഞാൻ പറയാൻ ശ്രമിച്ചിട്ടുണ്ട്.

ഈ മൂന്നാം സഭ എന്താണെന്നു ശരിയായിട്ടു ലോകത്തിലെ വിശ്വാസികൾക്കു മനസ്സിലാക്കാൻ കഴിഞ്ഞിരുന്നെങ്കിൽ, ദൈവവിശ്വാസമുള്ള എല്ലാവരും ഇതിൽ ചേരുകയില്ലായിരുന്നോ എന്നു ഞാൻ ചിലപ്പോഴും ആലോചിച്ചിട്ടുണ്ട്. അതു ലളിതമാണ്; അതിന്റെ നിയമാവലി; അതു പ്രയോജനകരമാണ് അതനുവർത്തിച്ചാൽ ഉണ്ടാകാവുന്ന അനുഭവങ്ങളും.

ഫ്രാൻസിസ്ക്കൻ മൂന്നാം സഭാംഗങ്ങളും എന്തെല്ലാം ചെയ്യണമെന്നു ചുരുക്കമായി പറയുവാൻ ശ്രമിക്കാം. ഒന്നാമതായി അവർ മിതത്വം പാലിക്കണം. അതു് എളുപ്പമാണെന്നു തോന്നും. പക്ഷെ വളരെ വിഷമമാണ്. മിതത്വം moderation ജീവിതത്തിന്റെ എല്ലാ നിമിഷത്തിലും അനുഷ്ഠിക്കേണ്ട ഒരു ഗുണമാണ്. ''പരിഹാരത്തിന്റെ സഭ''യെന്നു് വി. ഫ്രാൻസിസ് ഇതിനു പേരിട്ടിരുന്നു. പ്രായശ്ചിത്തത്തിന്റേയും പരിഹാരത്തിന്റേയും ലക്ഷണമായി, ജീവിതത്തിൽ അനുഭവവേദ്യവും അനുഭവിക്കാവുന്നതും അനുഭവിക്കുന്നതുകൊണ്ടു തെറ്റില്ലാത്തതുമായ പല കാര്യങ്ങളും ''എനിക്കു വേണ്ടാ, വേണ്ടാ, വേണ്ടാ'' എന്നു പറഞ്ഞു മാറ്റിവച്ചു ത്യാഗത്തിന്റേയും പ്രായശ്ചിത്തത്തിന്റേയും ചൈതന്യത്തിൽ ജീവിക്കുവാനുള്ള സന്നദ്ധതയോടുകൂടി മുമ്പോട്ടു വന്നാൽ മൂന്നാം സഭാംഗങ്ങളുടെ ജീവിതം അർത്ഥവത്താണ്.

ദാരിദ്ര്യചൈതന്യം


ഇപ്രകാരം ജീവിക്കുവാൻ ഏറ്റവും ആവശ്യമായിരിക്കുന്നതു ദാരിദ്ര്യചൈതന്യമാണ്. ധന

ST. VINCENT INDUSTRIALS

Industrial Estate, Ollur, Trichur

Phone: Workshop 327 Ollur
Res: 327A Ollur

മികച്ച തരം റബ്ബർ ഷീറ്റ് റോളർ മെഷീൻ ഓർഡർ അനുസരിച്ചു വിദഗ്ധരായ തൊഴിലാളികളാൽ കൃത്യസമയത്തും ഉത്തരവാദിത്വത്തോടുംകൂടി തയ്യാർചെയ്തു നല്കപ്പെടുന്നു. കൂടാതെ എല്ലാവിധ എഞ്ചിനീയറിംഗ് & ഫേബ്രിക്കേഷൻ വർക്കുകളുംചെയ്തുവരുന്നു.



CAMEL BRAND

Bosco Umbrella Mart

M.O. ROAD, TRICHUR. 1

Best Compliments From

CHITTILAPILLY CHERU & SONS

HARDWARE MERCHANTS

WADAKANCHERY

Stockists:—

A. C. C. CEMENT ,BLUNDEL EOMITE & RAVI PAINTS

PREMIER TRADERS

CHITTILAPILLY BUILDINGS

WADAKANCHERY

Dealers in: M. S. Rods, Cement, Asbestos Sheets, A. C. & G. I. Pipes and Fittings, Sanitary Wares, Hard Board etc.

BEST WISHES **PHONE AT : 33**

FROM

CHITTILAPILLY TRADERS

WADAKANCHERY

CHEAPEST SHOP FOR BEDS, BED SHEETS, PILLOWS, COIR MATS, COIR ROPES, RATTAN CHAIRS & BASKETS Etc. Etc.

PHONE: 33

FRANCIS CHITTILAPILLY

MERCHANTS

WADAKANCHERY, TRICHUR DT.

DEALERS IN: CEMENT, VESSELS, GOVT. TEXT BOOKS, ELECTRICAL GOODS, PARRY'S FERTILISERS, SUN BRAND UMBRELLAS, STEEL TRUNKS etc. etc.

വാൻ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതു് ഒട്ടകം സൂചിക്കുഴയിൽക്കൂടി കടക്കുന്നതിനേക്കാൾ വിഷമമാണെന്നു സുവിശേഷഗ്രന്ഥത്തിൽ കാണുന്നുണ്ടല്ലോ. ആകാശത്തിലെ പറവകളേപ്പോലെയും വയലിലെ പുഷ്പങ്ങളേപ്പോലെയും നാളത്തെപ്പറ്റി വിചാരപ്പെടാതെ ജീവിക്കുവാൻ വേദപുസ്തകത്തിൽ എഴുതിയിരിക്കുന്നതു് ബ. വൈദികർ പ്രസംഗിക്കുന്നതു കേട്ടിട്ടുണ്ടല്ലോ.

പക്ഷെ, ഇതൊക്കെ, സാധാരണക്കാർക്കു്— വിവാഹം ചെയ്തു കുഞ്ഞുങ്ങളുമായി ജീവിക്കുന്നവർക്കു പറ്റിയതല്ലെന്നു ചിലർ പറഞ്ഞേക്കും. ''ദൈവപുത്രനോ അസാധാരണക്കാരായ മനുഷ്യർക്കോ ഈ ദാരിദ്ര്യചൈതന്യം നല്ലതായിരിക്കും: സാധാരണക്കാരായ നമുക്കു പറ്റിയതല്ല'' എന്നു പരക്കെ ഒരു ധാരണയുണ്ടു്.

അസ്സീസിയിലെ ഫ്രാൻസിസു് മുന്നോട്ടു വന്നു് ഒരു വെല്ലുവിളിപോലെ കാണിച്ചുകൊടുത്തു, സാധാരണക്കാർക്കും ദാരിദ്ര്യചൈതന്യത്തോടുകൂടി ജീവിക്കുവാൻ കഴിയുമെന്നു്. നിങ്ങളെപ്പോലെ ചോരയും നീരുമുള്ളവർക്കു്, ആഗ്രഹങ്ങളും കീർത്തിക്കായുള്ള ദാഹവും എല്ലാമുള്ള യുവാക്കന്മാർക്കു നാളെയെപ്പറ്റി വിചാരമില്ലാതെ, സ്വർഗ്ഗീയപിതാവിൽ ശരണം വച്ചുകൊണ്ടു ജീവിക്കുവാൻ സാധിക്കുമെന്നു്. പലരും ദിവസത്തിന്റെ ഇരുപത്തിനാലു മണിക്കൂറും ഉത്സാഹപൂർവ്വം പണിയെടുക്കുന്നതു ദാരിദ്ര്യത്തെ അകറ്റിനിറുത്തുവാനായിരിക്കും: തനിക്കും, തന്റെ ഭാര്യക്കും, മക്കൾക്കും, സാധിക്കുമെങ്കിൽ നാലു തലമുറവരെയുള്ളവർക്കും സുരക്ഷിതമായി ജീവിക്കുവാൻവേണ്ടിയുള്ള സ്വത്തുക്കൾ സമ്പാദിക്കുവാൻ ആഗ്രഹിക്കുന്നവർ കുറച്ചൊന്നുമല്ല. ഈ സമ്പത്തു വിപത്താണു്: വലിയ ഒരു വഞ്ചനയാണു്. എത്ര ഭയങ്കരമാണിതെന്നു വാസ്തവത്തിൽ നാം ആലോചിക്കുന്നില്ല. വളരെയധികം അക്ഷരാർത്ഥത്തിൽ ശരിയായിട്ടാണു വി. ഗ്രന്ഥങ്ങളിൽ എഴുതിയിരിക്കുന്നതു് ധനവാൻ സ്വർഗ്ഗത്തിൽ പോകുന്നതു് ഒട്ടകം സൂചിക്കുഴയിൽ കടക്കുന്നതിനേക്കാൾ വിഷമമാണെന്നു്. ലാസറിനേറെയും ആ ധനവാനേറെയും കഥ നാം വായിച്ചിട്ടില്ലേ? ലാസറിന്റെ മരണം കഴിഞ്ഞു ധനവാനും മരിച്ചു. അവൻ നരകത്തിൽ തള്ളപ്പെട്ടു. വേറെ കാരണമൊന്നും പറഞ്ഞിട്ടില്ല. ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരു പരിണാമം: അവൻ ധനവാനായിരുന്നു, അവൻ മരിച്ചു, നരകത്തിൽ വീണു.

പഴയ നിയമത്തിൽ കാണുന്നുണ്ടു്: അബ്രാഹവും ലോത്തുംകൂടി പത്തു നാല്പതു കൊല്ലം മരുഭൂമിയിൽക്കൂടി ദാരിദ്ര്യവും ക്ലേശവും സഹിച്ചു സഞ്ചരിച്ചിരുന്നു. അന്നെല്ലാം അവർ സൗഹാർദ്ദപൂർവ്വം ഒട്ടിച്ചേർന്നു ജീവിച്ചു. പിന്നീടു് അവർ സൈരമായി ഒരിടത്തു താമസിച്ചു. അപ്പോൾ അവർക്കു ധാരാളം സ്വത്തുക്കൾ ഉണ്ടായി. അടുത്ത വാചകം, ഏതാണ്ടു് ഇടിവെട്ടുന്നതുപോലെയാണു്: ''അവർ വേർപിരിഞ്ഞു''. Adversity unites, prosperity seperates. പ്രാതികൂല്യങ്ങൾ സഹോദരങ്ങളെ അടുപ്പിക്കുന്ന സമൃദ്ധിയും സംതൃപ്തിയും കൂടപ്പിറപ്പുകളെപ്പോലും അകറ്റുന്നു.

മനുഷ്യർ പരസ്പരം സ്നേഹിക്കുകയും, അടുക്കുകയും സഹകരിക്കുകയും ചെയ്യണമെന്നുള്ളതാണു സൃഷ്ടിയുടെ ഉദ്ദേശ്യം. ഒരുത്തൻതന്നെ സമൃദ്ധിയോടുകൂടി ജീവിക്കുവാൻ ദൈവം ഒരു മനുഷ്യനേയും സൃഷ്ടിച്ചിട്ടില്ല. ഒരാൾ തനിയെ നരകത്തിലോ സ്വർഗ്ഗത്തിലോ പോകുന്നില്ല: മനുഷ്യർ സാമൂഹ്യജീവികളാണു്. പിതാവായ ദൈവത്തിന്റെ മക്കളായ നാമെല്ലാം സഹോദരങ്ങളാണു്. അതുകൊണ്ടു് ഒരുമിച്ചു യോജിച്ചു കഴിഞ്ഞുകൂടണമെങ്കിൽ ഈ ദാരിദ്ര്യത്തിന്റെ അരൂപി നാം എങ്ങനെയെങ്കിലും സ്വീകരിച്ചേ മതിയാകൂ. സമൃദ്ധി ആരേയും സംതൃപ്തരാക്കിയിട്ടില്ല. കൈ നീട്ടിയാൽ ഏതു സുഖമോ സന്തോഷമോ വേണമെങ്കിലും ലഭിക്കാവുന്നതു ഭൗതികമായ പുരോഗതി നേടിയിട്ടുള്ള രാജ്യത്തു ഞാൻ ജീവിച്ചിട്ടുണ്ടു്. അവിടെ സമാധാനവും സംതൃപ്തിയും അനുഭവിക്കുന്ന മനുഷ്യരേക്കാൾ കൂടുതലായി മാനസികരോഗ ചികിത്സാവിദഗ്ദ്ധന്മാരെയാണു കാണുവാൻ കഴിയുന്നതു്. ഏറ്റവും കൂടുതൽ ആത്മഹത്യ നടക്കുന്നതു് ഏറ്റവും കൂടുതൽ സമൃദ്ധിയുള്ളിടത്താണു്. അതുകൊണ്ടു് ഈ ദാരിദ്ര്യത്തിന്റെ സന്ദേശം നാം സ്വീകരിക്കണം. മനുഷ്യൻ അവന്റെ ആവശ്യത്തെ കുറച്ചിട്ടു്, മിതത്വം പാലിച്ചു്, ഉള്ളതു വലിച്ചുനീട്ടി ജീവിക്കുവാൻ കഴിയുമെങ്കിൽ അവനു സമാധാനം കൂടുതൽ ഉണ്ടാകും.

പ്രസിദ്ധ ആംഗ്ലേയ സാഹിത്യകാരനായ ജി. കെ. ചെസ്റ്റർട്ടൻ ഫ്രാൻസിസു് അസ്സീസിയുടെ ജീവചരിത്രം എഴുതിയിട്ടുണ്ടു്. ആ ഗ്രന്ഥം തുടങ്ങുന്നതു് ഇങ്ങനെയാണു്: ഭൂമിയുടെ ഒരു ഭാഗത്തുനിന്നും അതിന്റെ നേരെ മദ്ധ്യഭാഗത്തുകൂടി

GET THE
FEEL OF
CONFIDENCE

THE SOUTH INDIAN BANK LTD.

REGD. OFFICE. TRCHUR

(The Largest Scheduled Bank in
Kerala under Private Sector)

is always at your service

A Bank Account with us will give you
a sense of safety and security.

INTEREST ALLOWED UPTO

7½%

ON FIXED DEPOSITS

BANK ON US
FOR ALL
YOUR NEEDS

SOUTH INDIAN BANK
YOUR OWN BANK

Jacob Kalliath - Chairman

ഒരു കിണർ കഴിക്കുക: മുഭോഗത്തു് എത്തുന്നതുവരെ കഴിക്കുന്നു. പിന്നീടു് ഒരാൾ താഴോട്ടു് ഇറങ്ങുക. ഇങ്ങനെ താഴോട്ടു് ഇറങ്ങി പോകുന്നതോട്ടുകൂടി, കുറെ കഴിയുമ്പോൾ അവൻ അറിയാതെതന്നെ മേലോട്ടു കയറുകയായിരിക്കും ചെയ്യുക. ഇങ്ങനെ ഒരു ശാസ്ത്രീയ സങ്കല്പം കൊട്ത്തിട്ടു് ചെസ്റ്റർട്ടൻ പറയുകയാണു്: ഫ്രാൻസിസിന്റെ ജീവിതത്തിൽ അദ്ദേഹം ഉദാഹരിച്ചു തന്നതു് ഈ ഒരു ചിത്രമാണു്. എത്ര കൂട്ടതൽ താഴോട്ടുപോകുവാൻ നമുക്കു കഴിയുമോ, എത്ര കൂടുതലായി ഈ ലോകത്തിന്റെ വിഭവങ്ങളും, സുഖവും സന്തോഷവും തനിക്കു വേണ്ടെന്നുവയ്ക്കാൻ കഴിയുമോ, അതനുസരിച്ചു് തനിക്കു വേണ്ടതിൽ കൂടുതലുണ്ടു് എന്ന മനസ്സിലാക്കി മനുഷ്യനു സമൃദ്ധി നേടാൻ സാധിക്കുമെന്നു്. ത്യാഗത്തിൽക്കൂടി, വഞ്ജനയിൽക്കൂടി, ഉപേക്ഷയിൽക്കൂടി, പരിത്യാഗത്തിൽക്കൂടി മനുഷ്യനും പൂർണ്ണതയിലേയ്ക്കു്, ഉയച്ചയിലേയ്ക്കു്, സംതൃപ്തിയിലേയ്ക്കു്, സമൃദ്ധിയിലേയ്ക്കു വളരാൻ കഴിയുമെന്നു്. സാധാരണ സംഭവിക്കുന്നതു് എന്താണു്? തന്നെക്കാൾ വലിയവരെ കാണുമ്പോൾ അസൂയ തോന്നുന്നു. എന്നാൽ നമ്മുടെ ആവശ്യങ്ങളുടെ പരിധി കുറച്ചു കുറച്ചു്, എനിക്കുള്ളതെല്ലാം ആവശ്യത്തിൽ കവിഞ്ഞതാണു്, ഇവയേക്കാൾ എത്രയോ കുറച്ചു സാധനങ്ങൾകൊണ്ടു് എനിക്കു ജീവിക്കുവാൻ കഴിയുമെന്നുള്ള ധാരണ നമ്മുടെ ജീവിതത്തിൽ വരുത്തിയാൽ സമൃദ്ധിയിലേയ്ക്കുള്ള ഒന്നാമത്തെ പടിയായി.

വിദ്യാഭ്യാസത്തെപ്പറ്റി പറയുമ്പോൾ, ഹെർബട്ടു് സ്പെൻസർ എന്ന ഒരു ചിന്തകൻ പറയുകയുണ്ടായി (അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ മുഴവനും സ്വീകാര്യമല്ല) To rise above his neighbour, to be reverenced by him is the universal struggle in which the chief energies of man are spent. എന്റെ അടുത്തിരിക്കുന്ന ആളിനേക്കാൾ അല്പം കൂടി ഭേദമായി കാണപ്പെടുന്നതിനു്, എന്റെ ചുറ്റും കൂടിയിരിക്കുന്ന ആളുകളേക്കാൾ അല്പം കൂടി ഞാൻ ബഹുമാനിക്കപ്പെടുന്നതിനു വേണ്ടിയുള്ള ഒരു പരിശ്രമത്തിനാണു മനുഷ്യന്റെ സവ്വ ശക്തികളും ഈ ലോകത്തിൽ വിനിയോഗിക്കപ്പെടുന്നതു്. മറ്റെ ആളിന്റെ സാധനത്തേക്കാൾ മെച്ചപ്പെട്ടതായിരിക്കണം എന്റേതു് എന്നു് എല്ലാവരും ആഗ്രഹിക്കുന്നു. ഈ മാതിരി ആഗ്രഹങ്ങളോടുകൂടിയ മനുഷ്യപ്രകൃതിക്കു ഫ്രാൻസിസ്കൻ മുന്നാം സഭ നല്കുന്ന സന്ദേശം ദാരിദ്ര്യത്തിന്റെ ചൈതന്യം പാലിച്ചുകൊണ്ടു ജീവിതത്തിന്റെ ആവശ്യങ്ങളെ എത്ര കൃത്യമായിട്ടു നിയന്ത്രിക്കുവാൻ കഴിയുമോ എന്തെല്ലാം കൂടുതലായി വഞ്ജിക്കുവാൻ കഴിയുമോ അത്രയും കൂടുതൽ നിങ്ങൾക്കു സമൃദ്ധിയുണ്ടാകും എന്നാണു്.

സമാധാനം

ഇന്നു ലോകത്തിൽ എവിടെയും കേൾക്കുന്ന ഒരു മുറവിളി ''സമാധാനം സമാധാനം'' എന്നാണു്. വിപ്ലവം എന്നു പറയുന്നതും വിപ്ലവത്തിൽക്കൂടി സമാധാനം സ്ഥാപിക്കുവാനാണു്. മനുഷ്യവംശത്തിന്റെ കുതലായ ആഗ്രഹം സമാധാനം കൈവരുത്തുക എന്നതാണു്. എന്നാൽ സമാധാനം എവിടെയാണു് ഉണ്ടാകുന്നതു്? മനുഷ്യഹൃദയങ്ങളിൽ സമാധാനം ജനിക്കുന്നു. ''ഭൂമിയിൽ നന്മനസ്സുള്ളവക്കു സമാധാനം.'' വെറുതെ

Telegram: "PANTHALU" Estd. 1937 Phone No. Shop 21 Mill 33 Resi. 34

P. O. LONAPPAN SONS

PANTHALLOOKARAN BUILDINGS, P. O. KODAKARA

KERALA STATE

GOVT. RICE WHOLESALE DEALERS, RICE & OIL MILLS, PIECE-GOODS, HARDWARE, STATIONERY, GROCERY, ARECA-NUT ETC.

Stockists : SANKAR BRAND CEMENT

With Best Compliments From,

PHONE RES : OFF : } 89

KARANCHIRATHOPE ENTERPRISES

[*BANKERS*]

KARANCHIRA

PROP: GHRIS ALAPATT B. COM.

With the compliments of

M. E. 1106 PHONE NO. 277

M. L. LONAPPAN

HARD WARE MERCHANT & STOCKIST FOR
BRITISH PAINTS, INDIA (LTD.)

HIGH ROAD :: TRICHUR.

മാപ്രാണം ലോനപ്പൻ ലോനപ്പൻ

ഇരിമ്പ് കച്ചവടം, തൃശ്ശിവപേരൂർ

യുള്ളവർക്ക, ഭൂമിയിൽ സമൃദ്ധിയുള്ളവർക്ക്, ശാസ്ത്രീയമായി പുരോഗതി നേടിയിരിക്കുന്നവർക്ക് ആദ്യമായി ചന്ദ്രനിൽ കാലു കുത്തുന്നവർക്ക് ആദ്യമായി ചൊവ്വായിലോ ശുക്രനിലോ പോകുന്നവർക്ക സമാധാനസന്ദേശം ദൈവദൂതന്മാർ വാശാനം ചെയ്തിട്ടില്ല. ഭൂമിയിൽ നന്മസ്സുള്ളവർക്ക്, നല്ല ഹൃദയമുള്ളവർക്ക സമാധാനം.

മറ്റാർക്കും ലോകത്തിനു നല്ലാൻ കഴിയാത്ത വിധം അസ്സീസിയിലെ ഫ്രാൻസീസ് സമാധാനത്തിന്റെ സന്ദേശം ലോകത്തിനു നല്കി. നന്മനസ്സുള്ളവർക്ക സമാധാനം എന്ന ശ്രീയേശുക്രിസ്തുവിന്റെ ജനനാവസരത്തിൽ മാലാഖമാർ പാടിയ സന്ദേശം മനുഷ്യനായ ഫ്രാൻസീസ് സ്വന്തം ജീവിത്തിൽ ഉദാഹരിച്ചുകൊണ്ട തലമുറ തലമുറകൾക്കായി, നിങ്ങൾക്കും എനിക്കുമായി തന്നിരിക്കുന്നു. സമാധാനം ആഗ്രഹിക്കുന്ന മനുഷ്യൻ സമാധനത്തിന്റെ കരുവായി സ്വയം സമർപ്പിക്കുകയാണു വേണ്ടതു്. അതാണു ഫ്രാൻസീസ് ചൂണ്ടിക്കാണിച്ചതു്. ''കർത്താവേ, എന്നെ അങ്ങയുടെ സമാധാനത്തിന്റെ ഒരു ഉപകരണമാക്കണമേ'' എന്നു് അതീവ തീക്ഷ്ണതയോടുകൂടി അദ്ദേഹം തുടരെ പ്രാർത്ഥിച്ചു. സമാധാനം നാട്ടിൽ നടപ്പാക്കുവാൻ അദ്ദേഹം പരിശ്രമിച്ചിരുന്നു— ''നാഥാ എന്നെ സമാധാനത്തിന്റെ ഒരു കരുവാക്കേണമെ.'' നിങ്ങളും ഓരോരുത്തരും ഞാനും ഫ്രാൻസിസിന്റെ ഈ സന്ദേശവുമായി ലോകത്തിലേയ്ക്കു പോവുകയാണു വേണ്ടതു്. ''എവിടെയെല്ലാം വിദ്വേഷം മനുഷ്യമനസ്സിലുണ്ടോ അവിടെയെല്ലാം സ്നേഹം പ്രസംഗിക്കുന്ന ഒരു സന്ദേശവാഹിയായി എന്നെ നീ കൊണ്ടുപോവുക. എവിടെയെല്ലാം ഇരുട്ടുണ്ടോ അവിടെയെല്ലാം വെളിച്ചം പ്രകാശിപ്പിക്കുന്ന ഒരു കൈത്തിരിയുമായി എന്നെ നീ നയിക്കുക. എവിടെയെല്ലാം മനുഷ്യർ തമ്മിൽ പരസ്പരം സംശയത്തോടുകൂടി ജീവിക്കുന്നുവോ അവിടെയെല്ലാം വിശ്വാസത്തിന്റേയും പരസ്പരസ്നേഹത്തിന്റേയും സഹിഷ്ണുതയുടേയും സന്ദേശവുമായി എന്നെ നീ അയക്കുക. എവിടെയെല്ലാം അന്ധവിശ്വാസമുണ്ടോ അവിടെയെല്ലാം സത്യവിശ്വാസത്തിന്റെ വെളിച്ചം പ്രകാശിപ്പിക്കുന്നതിനു് എന്നെ നീ കൊണ്ടുപോവുക.'' ഇങ്ങനെ ഫ്രാൻസീസ് പ്രാർത്ഥിച്ചിരുന്നു.

എങ്ങനെയാണിതു നടപ്പിലാക്കുക? ''അവൻ എന്നെ തെറ്റിധരിച്ചു'' എന്നു പറഞ്ഞു് അവനോടു പരാതിപ്പെടാതെ, അവനെ മനസ്സിലാക്കാൻ എനിക്കു കഴിവില്ല ''എന്നു പറഞ്ഞുകൊണ്ടു് എന്റെ തെറ്റിനെ സമ്മതിച്ചിട്ടു് അപരന്റെ വൈഷമ്യത്തെ മനസ്സിലാക്കാൻ ഞാൻ പരിശ്രമിക്കണം. എനിക്കു കിട്ടണം എനിക്കു കിട്ടണം, എനിക്കു കൂടുതൽ ലഭിക്കണമെന്നാഗ്രഹിക്കാതെ, മറ്റുള്ളവർക്കു് എന്തെല്ലാം കൊടുക്കുവാൻ എനിക്കു സാധിക്കും എന്നുനോക്കുന്നവനായിട്ടു് എന്നെ മാറ്റുക. എനിക്കു ധാരാളം സേവനം ലഭിക്കണമെന്നുള്ളതിനേക്കാൾ ഏതെല്ലാം രൂപത്തിൽ എനിക്കു മറ്റുള്ളവനെ സേവിക്കുവാൻ കഴിയുമെന്നാലോചിക്കുക. ഇതാണു ഫ്രാൻസിസിന്റെ സന്ദേശം.

ഫ്രാൻസിസ്കൻ മൂന്നാം സഭയിൽ ഏവർക്കും ചേരാവുന്നതാണു്. ഏതുരംഗത്തു ജോലി ചെയ്യുന്നവർക്കും ഇതിന്റെ അംഗമായി ജീവിക്കുവാൻ സാധിക്കും. ചന്തസ്ഥലങ്ങളിലേയ്ക്കു്, ജീവിതരംഗങ്ങളിലേയ്ക്കു്, മനുഷ്യർ എവിടെയെല്ലാമുണ്ടോ അവിടെയെല്ലാം ഫ്രാൻസിസിന്റെ സന്ദേശവാഹകരായ, ദാരിദ്ര്യത്തിന്റെ അരൂപിയെ സ്നേഹിക്കുന്ന, ഇല്ലായ്മയിൽ സമൃദ്ധി കാണുന്ന, സമൃദ്ധിയെ ആഗ്രഹിക്കാത്ത, സുഖലോലുപത്വത്തിൽ വിശ്വസിക്കാത്ത മനുഷ്യരെക്കൊണ്ടു ലോകത്തെ നിറയ്ക്കുക. ഇതാണു മൂന്നാം സഭക്കാർ ചെയ്യേണ്ടതു്.

പൊതുവിധിയിലെ ഒരു രംഗം

പൊതുവിധി ദിവസത്തിൽ ദൈവപുത്രൻ തന്റെ പരിശുദ്ധ മാതാവിനോടും മാലാഖാമാരുടെ അകമ്പടിയോടുംകൂടി വന്നിട്ടു ജോസഫാത്തിന്റെ താഴ്വരയിൽ കൂടിയിരിക്കുന്ന മനുഷ്യരെ വിളിച്ചിട്ടു പറയുകയാണു്: ''നിങ്ങൾ ധാരാളം ആളുകളുണ്ടു്. നിത്യസഹായമാതാവിനോടു നൊവേന നടത്തുന്നവരുണ്ടു്, അന്തോനീസ് പുണ്യവാനെ പ്രത്യേകമായി കരുതുന്നവരുണ്ടു്, പാമ്പിൽനിന്നും രക്ഷപ്പെടാൻ ഗീവർഗ്ഗീസ് പുണ്യവാനെ അന്വേഷിക്കുന്നവരുണ്ടു്, അൽഫോൻസാമ്മയുടെ കബറിടത്തിൽ തിരി കത്തിക്കുകയോ നേർച്ച ഇടുകയോ ചെയ്യുന്നവരുണ്ടു്, ഫ്രാൻസീസ്കൻ 3—ാം സഭക്കാരുണ്ടു്. ഓരോരുത്തരും അവരവരുടെ ജീവിതത്തിൽ അവരെ കൂടുതൽ സ്വാധീനപ്പെട്ടുത്തിയ ആ പുണ്യവാന്റെ മുമ്പിൽ അണിനിരക്കുക.'' ഇങ്ങനെയൊന്നുസംഭവിച്ചാൽ, എന്റെ വിശ്വാസം വി. ഫ്രാൻസിസ്

മേത്തരം തുണിത്തരങ്ങൾ, കല്യാണസാരികൾ,
റെഡിമെയ്ഡ് ഡ്രസ്സുകൾ എന്നിവക്കു സമീപിക്കുക.

ജനത ടെക്സ്റ്റയിൽസ്

ഠാണാ, ഇരിങ്ങാലക്കുട

ഫോൺ: 354

പ്രൊ: പി. കെ. വർഗ്ഗീസ്സ്

ദി ബാങ്ക് ഓഫ് കൊച്ചിൻ ലിമിറ്റഡ്

റജി. ഓഫീസ്: ബ്രോഡ്വേ, എറണാകുളം, കൊച്ചിൻ – 11

വിദേശനാണയം ക്രയവിക്രയം ചെയ്യുന്ന,
കേരളത്തിൽ റജിസ്ട്രാക്കപ്പെട്ട ഏക സ്ഥാപനം

1 സേവിങ്ങ്സ് ബാങ്ക് എക്കൗണ്ടിനു ദിവസബാലൻസിനു $4\frac{1}{2}\%$ വും സ്ഥിരം ഡെപ്പോസിറ്റുകൾക്കു 8% വരെയും പലിശ നല്കുന്നു.

2 മതസ്ഥാപനങ്ങൾക്കും ധർമ്മസ്ഥാപനങ്ങൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും കൂടുതൽ പലിശ നല്കുന്നു.

3 സ്വർണ്ണപ്പണ്ടം പണയത്തിന്മേൽ മിതമായ നിരക്കിൽ കൂടുതൽ സംഖ്യ കടം കൊടുക്കുന്നു.

കേരളത്തിലെ ഞങ്ങളുടെ ബ്രാഞ്ചുകൾക്കു പുറമെ ഇന്ത്യയിലെ പ്രധാന നഗരങ്ങളിലും ലോകത്തിലെ പ്രധാന രാഷ്ട്രങ്ങളിലും ഞങ്ങൾക്കു് ഏജൻസിയുള്ളതിനാൽ നിങ്ങളുടെ എല്ലാവിധ ബാങ്കിങ്ങ് ബിസിനസുകൾക്കും സൗകര്യം ലഭിക്കുന്നു.

ചെയർമാൻ

For All Sports and Games Articles
Visit:

OKTOPALS

SHORNUR ROAD, TRICHUR-1

അസ്സീസിയുടെ പിന്നിലായിരിക്കും വളരെ വിചിത്രമായ വണ്ണബഹുലമായ, വിശ്വസിക്കുവാൻ പ്രയാസമുള്ള വൈരൂപ്യങ്ങളും നിറഞ്ഞ മനുഷ്യരുടെ ഒരു സമൂഹം കാണുക എന്നു ഞാൻ വിഭാവനംചെയ്യാറുണ്ട്. ഫ്രാൻസിലെ രാജാവായിരുന്ന വി. ലൂയിസ് നവമനേയും, ഹങ്കറിയിലെ രാജ്ഞിയായിരുന്ന വി. എലിസബത്തിനേയും ഇറ്റലിയിലെ വലിയ തത്വചിന്തകന്മാരായിരുന്ന ഗാൽബാനിയേയും ഗലീലിയേയും ചിത്രകാരന്മാരും ശില്പികളുമായിരുന്ന ലിയോനാർഡിനേയും മൈക്കിൾ ആഞ്ചലോയേയും അങ്ങനെ നിരവധി ആളുകളേയും ആ കൂട്ടത്തിൽ കണ്ടെന്നുവരാം. നാമെല്ലാം ആഗ്രഹിക്കുന്നതുപോലെ നമുക്കു നിത്യരക്ഷ നേടാൻ കഴിയുമെന്ന വിശ്വാസത്തിൽ ഞാൻ പറയുന്നു, ജീവിതത്തിന്റെ വിവിധരംഗങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ഫ്രാൻസിസ്കൻ മൂന്നാം സഭക്കാരായ ഈ കാണുന്ന വൈരൂപ്യം നിറഞ്ഞ ആളുകളിൽ പലരേയും ആ കൂട്ടത്തിൽ കാണാം. ഇതാണ് ഫ്രാൻസിസ് ലോകത്തിനു നല്കിയ സംഭാവന. ഇതുകൊണ്ടാണ് മൂന്നാം സഭ വേണം എന്നു ഞാൻ ആഗ്രഹിക്കുന്നതു്.

കഴിവു കുറഞ്ഞവനും വളരെയേറെ ചെയ്യാൻ സാധിക്കും

ഫ്രാൻസിസ് തന്റെ ജീവിതത്തിൽ വേറെ പലതും നമുക്കു കാണിച്ചുതന്നു. വിദ്യാഭ്യാസം ഉണ്ടെങ്കിലും ഇല്ലെങ്കിലും സൗന്ദര്യം ഉണ്ടെങ്കിലും ഇല്ലെങ്കിലും, ദൈവം നമ്മെ ഏതു നിലവാരത്തിൽ ആക്കിയിരിക്കുന്നുവോ ആ സ്ഥിതിയിൽ ഇരുന്നുകൊണ്ടുതന്നെ, ദൈവരാജ്യം പ്രചരിപ്പിക്കുന്ന വിഷയത്തിൽ, നമുക്കെല്ലാവർക്കും വളരെയേറെ ചെയ്യുവാൻ കഴിയുമെന്നു്. ഫ്രാൻസീസിന്റെ പിന്നാലെ ബഹുജനം ഓടിക്കൂടി. ഫ്രാൻസിസും കൂട്ടരും അതു വലിയ വിദ്യാഭ്യാസം ഉള്ളവരായിരുന്നില്ല. ഏവർക്കും ഫ്രാൻസിസിന്റെ കൂട്ടത്തിൽ ചേരാമായിരുന്നു. നമുക്കോരോരുത്തർക്കും ഉള്ള കഴിവും, ഉള്ള സംസ്കാരവും ഉള്ള വിദ്യാഭ്യാസവും ഉള്ള ആകൃതിയും ഉപയോഗിച്ചു ദൈവരാജ്യം പ്രചരിപ്പിക്കുന്ന വ്യക്തികളായിത്തീരാൻ കഴിയും. അതെങ്ങനെ? ഫ്രാൻസിസിനെ മാതൃകയായി സ്വീകരിച്ചു പഠിക്കുക. ഫ്രാൻസിസ് ഒരു കള്ളനെ കണ്ടാൽ അവനെ വിരട്ടി ഓടിക്കയില്ല. അവനെ കള്ളനാക്കിത്തീർത്ത സാഹചര്യത്തെ മാറ്റിയിട്ട് അവനെ ദൈവത്തിന്റെ ഒരു പുത്രനാക്കുവാൻ, വിശ്വസ്തിയിലേയ്ക്കു് ഉയർത്തുവാൻ അദ്ദേഹം പരിശ്രമിച്ചിരുന്നു. കുഷ്ഠരോഗിയെ കൂളിപ്പിക്കുമ്പോൾ അവൻ കോപിച്ചാൽ, ''ഇവനെ സഹായിച്ചിട്ടും ഇവൻ കോപിക്കുന്നല്ലൊ'' എന്നു വിചാരിച്ച് അവനെ ഓടിക്കാതെ, തുമ്പാ പിടിച്ചു തഴമ്പിച്ച, പരുപരുത്ത എന്റെ കൈകൊണ്ടു കുഷ്ഠരോഗിയുടെ വ്രണത്തിൽ സ്പർശിച്ചതിനാൽ അവനു വേദനിച്ചല്ലൊ എന്നു സങ്കടപ്പെട്ട് അവന്റെ വ്രണങ്ങളിൽ ചുംബിച്ച് ആശ്വാസം നല്കാൻ ഫ്രാൻസീസിനു കഴിഞ്ഞു. അങ്ങനെ മനുഷ്യന്റെ അവശതകളേയും ആവശ്യങ്ങളേയും അറിഞ്ഞിട്ട് അവനു വേണ്ടതു ചെയ്യുവാനുള്ള സന്നദ്ധതയോടുകൂടി ഇറങ്ങിയ ഒരു മനുഷ്യനായിരുന്നു ഫ്രാൻസിസ്. ഒരു മുന്നാം സഭാംഗത്തിൽനിന്നു പ്രതീക്ഷിക്കുന്ന മഹത്തായ സേവനം അതാണ്.

അനുകരണ

മനുഷ്യനു ജന്മനാ ഉള്ള വാസനയാണ്: കല്പിക്കുക. എന്തെങ്കിലും ഒന്നു ചെയ്യാൻ വേലക്കാരോടു പറയുമ്പോഴും, അതു ചെയ്യടാ എന്നു്. ആ ''ടാ'' കൂട്ടിപ്പറഞ്ഞില്ലെങ്കിൽ നമ്മുടെ ഗമക്കു്, വ്യക്തിത്വത്തിനു്, സ്വാർത്ഥതയ്ക്കു്, ഞാൻ എന്ന ഭാവത്തിനു് എന്തോ ഒരു പോരായ്കപോലെയാണു്. ''ടാ'' ഉപേക്ഷിച്ചിട്ടു പറഞ്ഞാൽ മതിയായല്ലൊ. കല്പിക്കുന്നതിനെക്കാൾ ഉത്തമം അനുസരിക്കുന്നതാണു്. മേലുള്ളവരേയും തരക്കാരെയും കീഴ്പ്പെട്ട ജീവിക്കുന്നവരേയും അനുസരിക്കാവുന്നതാണു്. അധികാരികളെ വെല്ലുവിളിക്കുന്ന ഇന്നത്തെ തലമുറ ഫ്രാൻസിസിനെ കണ്ടുപഠിച്ചിരുന്നെങ്കിൽ എന്നു ഞാൻ ആഗ്രഹിക്കുകയാണു്.

അനുസരണയേപ്പറ്റിയും വിനയത്തെപ്പറ്റിയും പറയുമ്പോൾ ഒരു ശവത്തിന്റെ മാതൃക എടുത്തുവച്ചുകൊണ്ടാണ് ഫ്രാൻസിസ് പറയുന്നതു്. ഒരു ശവത്തിനു വിനയമായി ഇരിക്കാൻ കഴിയുന്നതുപോലെ നമ്മും വിനയമായിരിക്കണമെന്നു്, അനുസരിക്കണമെന്നു്. ശവത്തെ എടുത്തു താഴെ ഇട്ടാൽ അതു് അവിടെ കിടക്കും, കസേരയിൽ ഇരുത്തിയാൽ അങ്ങനെ അവിടെ ഇരിക്കും. അതുപോലെ അനുസരിക്കുവാനായിട്ടുള്ള സന്നദ്ധത നമുക്കു വേണമെന്നു്.

With the best Compliments from

RAJA TIMBER COMPANY

Phone: 368

CHAVAKKAD

[Saw Millers, Timber Traders & Furniture Dealers]

Branches { Koorkkenchery, TRICHUR – Phone: 674
Pattambi Road, KUNNAMKULAM – Phone: 123
Main Road, PONNANI – Phone: 69

The Lourdes Church Kuri Office

TRICHUR

A PREMIER KURI INSTITUTION

Conducting kuries in aid of Charity.

To run educational institution and To cater to the moral and religious needs of the community.

OUR KURIES ENSURE REGULAR SAVINGS

and

IS A SURE STAND-BY IN TIMES OF NEED.

Phone : 342

VICAR / TRUSTEES.

Best Compliments from

CALICUT FANCY STORES

WADAKANCHERY

MOST RELIABLE SHOP FOR ALL ITEMS OF STATIONERY GOODS & BABY FOODS

ഫ്രാൻസിസ് തന്റെ നിയമത്തിനു് അംഗീകാരം ചോദിക്കുവാൻ ഇന്നസെൻറ് 3—ാമൻ മാർപ്പാപ്പയെ ആദ്യമായി സമീപിച്ചപ്പോഴും മാപ്പാപ്പാ അല്പം കുപിതനായി: ''തന്നെപ്പോലെയുള്ളവർ പന്നിക്കൂഴിയിൽ കിടന്നു് ഉരുളുകയാണു വേണ്ടതു്.'' ഫ്രാൻസിസ് ഒട്ടും മടിക്കാതെ അങ്ങനെ ചെയ്തു എന്നു ഫ്രാൻസിസിന്റെ ഒരു ചരിത്രത്തിൽ കാണുന്നുണ്ടു്. കഥ ശരിയോ തെറ്റോ എന്നു തീച്ചയില്ലെങ്കിലും, അനുസരണയെ സംബന്ധിച്ചിടത്തോളം ഫ്രാൻസിസിന്റെ മനോഭാവം വ്യക്തമാക്കുന്നുണ്ടു്. ഫ്രാൻസിസ് തന്റെ അനുയായികൾക്കു കാണിച്ചുതന്ന സന്ദേശം ഇതാണു്: കത്തോലിക്കാസഭയുടെ അപ്രമാദവാനും അനിഷേധ്യനേതാവും ആത്മീകഗുരുവുമായ, ആത്മീകമായ വിഷയങ്ങളിൽ അധികാരത്തോടുകൂടി പഠിപ്പിക്കുവാൻ ചുമതലപ്പെട്ടിരിക്കുന്നവനായ മാപ്പാപ്പയെ അനുസരിക്കുക എന്നുള്ളതു് ഒരു കത്തോലിക്കന്റെ കടമയാണു്. മനസ്സാക്ഷി സ്വാതന്ത്ര്യത്തെപ്പറ്റി ഇന്നത്തെ യുക്തിവാദികളും വളരെ സംസാരിക്കും. മനസ്സാക്ഷി സ്വാതന്ത്ര്യം പ്രത്യേകമായിട്ടു വൈഷമ്യങ്ങളുണ്ടാക്കുന്ന സ്വന്തം ജീവിതത്തിലെ ചില കാര്യങ്ങളിൽമാത്രം പ്രയോഗിച്ചാൽ മതിയോ, അതുകൊണ്ടു യുക്തി തൃപ്തിപ്പെടുമോ? എല്ലാക്കാര്യങ്ങളിലും യുക്തി ഉപയോഗിക്കണ്ടേ? ഞായറാഴ്ച കുമ്പാനം കാണണമെന്നു് മാപ്പാപ്പാ പറഞ്ഞാൽ അതിന്റെ യുക്തി ആലോചിച്ചു നോക്കണ്ടേ? കുർബാന കൈക്കൊള്ളുന്നതിനു് ഒരു മണിക്കൂർ മുമ്പോ അല്ലെങ്കിൽ മൂന്നു മണിക്കൂർ മുമ്പോ ഭക്ഷണം കഴിക്കാമോ ഇല്ലയോ എന്നു മാപ്പാപ്പാ അധികാരത്തോടുകൂടി പറയുകയാണെങ്കിൽ അതിലെ യുക്തിഭംഗവും നമ്മൾ ചോദ്യം ചെയ്യണ്ടേ? ഈ കാര്യങ്ങളെല്ലാം മനസ്സാക്ഷിസ്വാതന്ത്ര്യം അനുസരിച്ചു ചെയ്താൽ മതിയോ? അങ്ങനെയാണെങ്കിൽ കത്തോലിക്കാസഭയുടെ, ഭരിക്കാനും പഠിപ്പിക്കുവാനുമുള്ള ധാർമ്മികാധികാരം എവിടെ? 1967—ൽ നടന്ന അൽമായ കത്തോലിക്കാ കോൺഗ്രസ്സിൽ മാപ്പാപ്പാതിരുമേനിയുടെ ഒരു പ്രസംഗത്തിൽ പറയുകയുണ്ടായി: ''അപ്പസ്തോലന്മാരുടെ പിൻഗാമികളായ ഞങ്ങൾക്കു തിരുസ്സഭയെ നയിക്കുവാനും ഭരിക്കുവാനും പഠിപ്പിക്കുവാനുമുള്ള അവകാശം യാതൊരു കാരണവശാലും പരിത്യജിക്കാവുന്നതല്ല. അങ്ങനെ പരിത്യജിക്കണമെന്നോ മറേറതെങ്കിലും പ്രകാരത്തിൽ വിനിയോഗിക്കണമെന്നോ ആവശ്യപ്പെടുന്നതു സാമാബുന്യ ബുദ്ധിക്കു ചേരാത്തതാണെന്നു് അദ്ദേഹം സൂചിപ്പിച്ചു.

മനസ്സാക്ഷിസ്വാതന്ത്ര്യം എന്നു പറയുന്നതു ചിലർ പരിമിതമായ അർത്ഥത്തിൽ വ്യാഖാനിക്കുന്നതു കേട്ടു. We will decide things accorbing to a christian conscience - 'ഒരു ക്രൈസ്തവമനസ്സാക്ഷിക്കു ചേർന്ന വിധത്തിൽ നമുക്കു തീരുമാനം എടുക്കാം.' എന്താണു് ഈ ക്രൈസ്തവമനസ്സാക്ഷി? ക്രൈസ്തവശിക്ഷണത്തിനും പ്രബോധനത്തിനും അനുയോജ്യമായി രൂപവൽക്കരിക്കപ്പെടുന്ന ഒരു മനസ്സാക്ഷിയാണു ക്രൈസ്തവ മനസ്സാക്ഷി, യുക്തിക്കു ചേർന്ന, വിശ്വാസസത്യങ്ങളെ ഉൾക്കൊള്ളാത്ത, ഒരു മനസ്സാക്ഷിയല്ല ക്രൈസ്തവമനസ്സാക്ഷി; അതു യുക്തിക്കടുത്ത ഒരു മനസ്സാക്ഷിയാണു്. (rational conscience, not a christian conscience) എത്രമാത്രം സമർപ്പണബുദ്ധിയോടുകൂടി, വിശ്വാസസ്ഥൈര്യത്തോടുകൂടി വി. ഫ്രാൻസിസ് മാപ്പാപ്പയുടെ നിർദ്ദേശങ്ങൾക്കു കീഴ്വഴങ്ങി എന്നുള്ളതു മൂന്നാം സഭാംഗങ്ങൾ വിസ്മരിക്കരുതു്. ഇതു് ഈ ഇരുപതാം നൂറ്റാണ്ടിൽ, ശാസ്ത്രത്തിന്റെ പുരോഗതിയിൽ എത്രമാത്രം സ്വീകാര്യമായ ചിന്താഗതിയാണു് എന്നു് ആരെങ്കിലും ചോദിച്ചാൽ, ഞാൻ എന്റെ സ്വന്തനിലയിൽ പറയുകയാണു്, ശാസ്ത്രത്തിന്റെ ഒരു വിദ്യാർത്ഥി എന്ന നിലയിൽ, കുറെയെല്ലാം സ്വതന്ത്രമായി ചിന്തിക്കുവാൻ ധൈര്യപ്പെടുന്ന ഒരു വ്യക്തി എന്ന നിലയ്ക്കു പറയുകയാണു്. ന്യൂമാൻ പറയുകയുണ്ടായി: ''കത്തോലിക്കാ തിരുസ്സഭയുടെ പഠനത്തിൽ മാപ്പാപ്പയെന്നും അപ്രമാദിത്വം എന്നും രണ്ടു സിദ്ധാന്തങ്ങളും ഇല്ലായിരുന്നെങ്കിൽ അങ്ങനെ രണ്ടു സിദ്ധാന്തങ്ങളും ഉണ്ടാക്കേണ്ടതായി വന്നേനേ, എന്റെ വിശ്വാസത്തിന്റെ സ്ഥിരതയ്ക്കു്'' എന്നു്.

നാംതന്നെ നോക്കിക്കൊള്ളുക: നമ്മുടെ കുഞ്ഞുങ്ങൾ നമ്മെ സ്നേഹിക്കുകയും, നമ്മെ ആശ്രയിക്കുകയും ചെയ്യുന്നില്ലെങ്കിൽ നമ്മുടെ കുടുംബജീവിതത്തിന്റെ മാധുര്യം എവിടെയാണു്? ഒരു പിതാവിനേയും മാതാവിനേയും സ്നേഹിക്കുവാനും വിശ്വസിക്കുവാനും ആശ്രയിക്കുവാനും ആവശ്യമില്ലാത്ത ശിശുക്കളെക്കൊണ്ടു നിറഞ്ഞ ഒരു ഭവനം എത്രമാത്രം സങ്കല്പമാണെന്നു് ഞാൻ ചോദിക്കുന്നു.

WITH BEST WISHES
FROM
JANATHA JEWELLERY
M. O. ROAD
TRICHUR-1

With Best Wishes

St. Antony's Tile Factory
ANNALLUR

PHONE NO. 1144
WESTERN WATCH COMPANY
SALES & SERVICE OF
RADIOS, WATCHES, CLOCKS & TIME PIECES
HIGH ROAD :: TRICHUR

R. C. No. V. 45
C. S. T. TCR I/V 22. 62-63

Phones 818
818A
Residence 1116

KARERAKKATTIL AGENCIES
Distributors for: NATIONAL TOBACCO CO. OF INDIA LTD.,
TEA CUP MATCHES AND CHESE BROUGH-POND'S INC.
Prop: K. P. VARIED, B. A.
HIGH ROAD :: TRICHUR-1

ഒന്നോ രണ്ടോ മുന്നോ ശിശുക്കളുള്ള ചില പരിഷ്കൃതരാജ്യങ്ങളിലെ ഭവനങ്ങളിൽ, എന്റെ പുസ്തകം, എന്റെ പെൻസിൽ, എന്റെ കിടക്ക, എന്റെ മുറി, എന്റെ ടെലഫോൺ എന്നൊക്കെ പറയുന്ന കുട്ടികളെ ഞാൻ കണ്ടിട്ടുണ്ട്. എട്ടു കുട്ടികളുള്ള എനിക്ക് ഒരുപക്ഷേ രണ്ടു പേക്കോ നാലു പേക്കോ കൂടിയായിരിക്കും ഒരു പുസ്തകമോ ഒരു തലയിണയോ കൊടുക്കുവാൻ കഴിയുന്നതു്.

ലോകത്തിന്റെ വിഭവങ്ങൾ ഒരു കാലത്തു ശൂന്യമായിത്തീരുമെന്നും മനുഷ്യർക്കു ജീവിക്കുവാൻ കഴിയാത്തതുപോലെയുള്ള ചുറ്റുപാടുകൾ ലോകത്തിൽ ഉണ്ടാകുമെന്നും വിശ്വസിക്കുവാൻ എനിക്കു പ്രയാസം തോന്നുന്നു. ഹിരോഷിമായേയും നാഗസാക്കിയേയും പോലുള്ള നഗരങ്ങളെ ഒരു ഞൊടിയിടയിൽ ചുട്ടുകരിച്ചു ചാമ്പലാക്കാൻ മാത്രമുള്ള മഹാശക്തിയെ ഒരു ചെറിയ അണുവിൽ ഉൾക്കൊള്ളിക്കുവാൻ കഴിഞ്ഞ പ്രപഞ്ചസൃഷ്ടികർത്താവിനു് ഈ ലോകത്തിൽ ന്യായമായുണ്ടാകുന്ന ജനവർദ്ധനവിനെ തൃപ്തിപ്പെടുത്താനുള്ള ഭക്ഷണസാധനങ്ങൾ ഉണ്ടാക്കാൻ കഴിയുകയില്ലായെന്നോ? അനന്തമായി അലതല്ലുന്ന ആ ആഴിക്കടിയിൽ കിടക്കുന്ന മത്സ്യവിഭവം എത്രയോ കോടാകോടി ജനങ്ങൾക്കു ഭക്ഷണം നല്കുവാൻ കഴിയുമെന്നാണു ഞാൻ കണക്കാക്കുന്നതു്. ഈ അടുത്ത കാലത്തെങ്കും, നാം ഉദ്ദേശിക്കുന്നതുപോലെയൊ ഭയപ്പെടുന്നതുപോലെയോ ഉള്ള വൈഷമ്യങ്ങൾ ഉണ്ടാകയില്ല. ഏതായാലും, ഞാൻ പറയുന്നതു്: സർവ്വശക്തനും സർവ്വനന്മയുമായ ഒരു ദൈവത്തിൽ വിശ്വസിച്ചുകൊണ്ടു ജീവിക്കേണ്ട മനുഷ്യരെയാണു ദൈവം സൃഷ്ടിച്ചതു്. ആ വിശ്വാസത്തിന്റെ ആണിക്കല്ലു് എന്താണു്? സംശയാസ്പദമായ കാര്യങ്ങളിൽ, ഇതു തെറ്റു്, ഇതു ശരി എന്നു പറയാനായിട്ടുള്ള അധികാരി ദൈവം വിഭാവനംചെയ്ത മാനുഷികമായ ഭരണതലത്തിൽ ഉണ്ടാകേണ്ടിയിരിക്കുന്നു. പത്രോസേ നീ പാറയാകുന്ന നിന്റെമേൽ എന്റെ സഭയെ ഞാൻ സ്ഥാപിക്കും, നീ പഠിപ്പിക്കുന്നതിൽ തെറ്റു വരാതെ ഞാൻ നിന്നെ സംരക്ഷിച്ചുകൊള്ളാമെന്നു പറഞ്ഞു് ഭൗതികമായ ഭരണാധികാരസമൂഹത്തെ മനുഷ്യരെ നിയന്ത്രിക്കുവാനായി രക്ഷകനായ ദൈവം സ്ഥാപിച്ചുവെങ്കിൽ, ആ അധികാരത്തെ തെറ്റു കൂടാതെ സംരക്ഷിക്കുവാനുള്ള ചുമതലയിൽനിന്നു പിൻവാങ്ങുവാനോ കൈയ്യെഴിയുവാനോ ആ രക്ഷകനു നിവൃത്തിയില്ലാ എന്നു് എന്റെ യുക്തിബോധത്തിനടുത്ത മനസ്സു് എനിക്കു് ഉറപ്പു നല്കുന്നുണ്ടു്. അപ്രമാദവാനായ ഒരു ശക്തി നിയന്ത്രിക്കേണ്ട രംഗമാണു വിശ്വാസരംഗം. Faith starts where reason stops –യുക്തി അവസാനിക്കുന്നിടത്താണു വിശ്വാസം ആരംഭിക്കുന്നതു്. ഫ്രാൻസിസു് കൊച്ചുകുട്ടിയെപ്പോലെ മാപ്പാപ്പയെ അനുസരിച്ചിരുന്നുവെന്നും, അതു് ആവശ്യമാണെന്നും, നമ്മളും അങ്ങനെതന്നെ ചെയ്യണമെന്നും സ്ഥാപിക്കുവാനാണു ഞാൻ ഇതെല്ലാം പറഞ്ഞതു്.

പ്രേഷിതവൃത്തി

ദൈവഹിതം നമ്മെ എങ്ങോട്ടു നയിക്കുന്നുവോ അങ്ങോട്ടു പോകുക. അതു പ്രേഷിതപ്രവ

ട്രേഡ് ലിംഗ്സ് ഡീലേർസ് ഇൻ Phone: 118
ഇലക്ട്രിക്കൽ ഗ്രൂഡ്സ് & സൈക്കിൾ സ്പെയർ പാർട്സ്
മെയിൻ റോഡ്, പാലക്കുടി

701 ബാർ സോപ്പ് വസ്ത്രശുദ്ധിക്കു് അത്യുത്തമം
കള്ളിക്കാടൻ റൈസ് & ഓയൽ മിൽസ്
മാള

ത്തനമാണ്. മതപ്രചരണവേലയില്ലം വി. ഫ്റാൻസിസിനെപ്പോലെ മുന്നാം സഭോംഗങ്ങളം സേവനം അനുഷ്ഠിക്കണമെന്നതാണ് എന്റെ ആഗ്രഹം. വിദേശങ്ങളിൽനിന്ന ഭാരതത്തിലേയ്ക്ക മിഷനറിമാർ വരുന്ന കാര്യം പ്രയാസമാണ്.

സേവനം

ഫ്രാൻസിസ്കൻ ആദശ്ങ്ങളം ലോകത്തിൽ വിപ്ലവകരമായ മാറ്റം വരുത്തിയിട്ടണ്ട്. ഫ്റാൻസിസ്കൻ ആശ്രമങ്ങളിൽ സുപ്പീരിയേർസ് ഇല്ല. ഫ്രാൻസിസ് വിഭാവനം ചെയ്ത സേവനത്തിന്റെ അരൂപി എത്രമാത്രം ദീഘ്ദശ്ദിതവം നിറഞ്ഞതാണെന്ന് അലോചിച്ച നോക്കുക. ഫ്രാൻസിസ്കൻ സമൂഹത്തിലെ ഏറ്റവും വലിയ ആം ശ്രുശ്രൂഷി എന്നത്ഥമുള്ള ''മിനിസ്റ്റർ'' എന്ന പേരുതന്നെ എടുക്കണം; അല്ലെങ്കിൽ ഗാർഡിയൻ. സുപ്പീര്യർ അല്ല, അധികാരി അല്ല, മിനിസ്റ്റർ ആണ്. ഇന്ന ഭരണകൂടങ്ങളിൽ നമ്മുടെ പ്രധാനമന്ത്രി മിനിസ്റ്റർ ആണ്. മനുഷ്യപുത്രൻ ഭ്രമിയിലേയ്ക്ക് അവതരിച്ചത ശ്രുശ്രൂഷ സ്വീകരിക്കുവാനല്ല, മറ്റുള്ളവരെ ശ്രുശ്രൂഷിക്കുവാനാണ്. ഒടുവിലത്തെ അത്താഴദിവസം ദിവ്യരക്ഷകൻ എല്ലാ ശിഷ്യന്മാരുടേയും, പാദങ്ങളം കഴുകി ശ്രുശ്രൂഷിച്ചുവല്ലൊ. ആ രാത്രിയിൽ തന്നെ മൂന്ന പ്രാവശ്യം ഉപേക്ഷിച്ച പറയുമായിരുന്ന പത്രോസിനേറയും, ചുംബനംകൊണ്ട ചതിച്ച് ഒറ്റിക്കൊടുക്കുവാനിരുന്ന യൂദാസിന്റെയും പാദങ്ങളം വിനയപൂവ്വം ദിവ്യ ഈശോ കഴുകി നമുക്ക ശ്രുശ്രൂഷയുടെ ദൃഷ്ടാന്തം കാണിച്ചതന്ന. ഇത് ഫ്രാൻസിസ് തന്റെ ജീവിതത്തിൽ പകത്തിയതുകൊണ്ടാണ തന്റെ സന്യാസസഭയിലെ ഒന്നാമൻ ശ്രുശ്രൂഷി എന്ന നാമംകൂടി സ്വീകരിക്കണമെന്ന നിദ്ദേശിച്ചത്. മൂന്നാം സഭോംഗങ്ങളം ലോകരംഗത്തിൽ ഇറങ്ങിച്ചെന്ന കഴിവനുസരിച്ച മറ്റുള്ളവക്ക് ആത്മാത്ഥമായും നിസ്വാത്ഥമായും സേവനം അനുഷ്ഠിക്കുമെങ്കിൽ, അങ്ങനെ ഫ്രാൻസിസ്കൻ ചൈതന്യം പ്രചരിപ്പിക്കുമെങ്കിൽ, അത വലിയ നേട്ടമാണ്.

ഫ്റാൻസിസ്കൻ മൂന്നാം സഭോംഗങ്ങളം എന്തൊക്കെ ചെയ്യണമെന്ന ഞാൻ കുറെയെല്ലാം പറഞ്ഞു കഴിഞ്ഞു. ദാരിദ്ര്യചൈതന്യത്തോടും, ത്യാഗനിഷ്ടയോടും, അനുസരണാമനോഭാവത്തോടുംകൂടി മറ്റുള്ളവക്ക കഴിയുന്നത്ര സേവനം നിസ്വാത്ഥമായി ചെയ്തുകൊടുത്ത ലോകത്തിൽ സമാധാനം പുനസ്ഥാപിക്കുവാൻ മൂന്നാം സഭോംഗം സവ്വദാ പരിശ്രമിക്കണം.

ക്രിസ്തുവിന്റെ രാജ്യം പ്രചരിപ്പിക്കുക എന്നതും മൂന്നാം സഭോംഗം ചെയ്യേണ്ടതാണ്. ഇവിടെയും ഒരു കാര്യം ശ്രദ്ധിക്കേണ്ടതുണ്ട്. മറെറാരാളിന്റെ ആത്മാവിനെ രക്ഷിക്കുക എന്ന വ്യഗ്രതയേക്കാം കൂടുതലായി, ദൈവത്തിന്റെ ബാഹ്യമായ മഹത്വം വദ്ധിക്കട്ടെ എന്ന ആഗ്രഹത്തോടുകൂടി പ്രവത്തിക്കുക. മാനസാന്തരം ദൈവത്തിന്റെ വേലയാണ്. വിശ്വാസം ദൈവത്തിന്റെ ദാനമാണ്. ദൈവം നമ്മിൽനിന്ന് ആവശ്യപ്പെടുന്നത നമ്മം ചെയ്തതീക്കുന്ന പ്രയത്നങ്ങളുടെ വലിപ്പമല്ല. എന്നെക്കൊണ്ടോ നിങ്ങളേക്കൊണ്ടോ എത്രമാത്രം ചെയ്യുവാൻ സാധിക്കും എന്നുള്ളതിനേപ്പററി ആരും ആകുലപ്പെടേണ്ട ആവശ്യമില്ല. വിശ്വാസമാകുന്ന ദാനംകൊണ്ട് അനുഗ്രഹിക്കപ്പെട്ട നമ്മം വിശ്വാസമാകുന്ന ദാനം മറ്റുള്ളവക്ക കിട്ടുവാൻവേണ്ടി പ്രാത്ഥിക്കണം. ഇന്ന നാം സ്വീകരിച്ചിരിക്കുന്ന ജീവിത മാഗ്ഗത്തിൽക്കൂടി, അത് അത്ഥവത്താണെന്ന മറ്റുള്ളവർ കാണത്തക്കവിധം ജീവിക്കുവാൻ നാം പരിശ്രമിക്കണം. നാം ഓരോരുത്തരും ഫ്റാൻസിസിന്റെ ആദശ്ങ്ങളെ സ്വീകരിച്ചുകൊണ്ട്, ക്രിസ്തുവിനെ പ്രതിഫലിപ്പിക്കുന്ന, രണ്ടാം ക്രിസ്തുപോലെ കാണപ്പെട്ട ഫ്റാൻസിസിന്റെ ശിഷ്യന്മാരായി ലോകത്തിൽ നന്മ പ്രവത്തിക്കുന്നവരായി, ലോകത്തിൽ സമാധാനം വളത്തുന്നവരായി, ലോകത്തിൽ ദാരിദ്ര്യത്തിനേറെയും സ്നേഹത്തിനേറെയും സേവനത്തിനേറെയും സഹനത്തിനേറെയും അരൂപിയെ പ്രദശ്പ്പിക്കുന്നവരായി, നമുക്ക് ഈ ജൂബിലി സമാപനസമ്മേളനത്തിൽനിന്ന മടങ്ങാം.

അൽവേർണ്ണായിലെ അത്ഭുതം

സി. മേരി ബനീഞ്ഞാ സി. ഡി.

1

പഞ്ചപവിത്രക്ഷതവാൻ ഫ്രാൻസീസ്, ഉന്നതസിദ്ധികളാൽ
പഞ്ചമഹീതലഖണ്ഡങ്ങളിലും കീർത്തിതനാദ്ഭുതനും
സഞ്ചിതവിനയവിശിഷ്ടഗുണത്താൽ ഭ്രഷ്ടിതനെങ്ങനെയീ
പഞ്ചക്ഷതമുണ്ടായി? വിരോധികളവനെ ക്രൂശിച്ചോ?

2

ക്രൂശിതനായില്ലെന്നാലും നരകുലപരിരക്ഷണാ—
യീശോനാഥൻ തൻതിരുമേനിയിലേറെയാരു പീഡകളേ
ക്രൂശിലെ മരണംവരെയവനെന്നും ധ്യാനിച്ചതിനാലേ—
യാശ വളർന്നതിലോഹരി കിട്ടാ,നതിനായ് പ്രാർത്ഥിച്ചു.

3

തീരാനരകം മർത്യാത്മാക്കളെ വാരി വിഴുങ്ങുകയോ!
പോരാ സിദ്ധന ചേതശ്ശക്തിയതോമ്മിക്കാൻപോലും
മേരീസുതനക്കാൽവരിമലയിൽ കടശിത്തുള്ളിവരേ
ചോര ചൊരിഞ്ഞതു മാനുഷരിങ്ങനെ നിഷ്ഫലമാക്കുകയോ?

4

പാപാത്മാക്കൾക്കെല്ലാംവേണ്ടിക്കുരിശു ചുമന്നവനേ
പാപികൾമദ്ധ്യേയവഹേളിതനായ്ക്കുരിശിൽ മരിച്ചവനേ
സ്വാപത്തിലുമവനോക്കുക പതിവായ് ഭക്തിപുരസ്സരമാ
താപസനങ്ങനെയുന്നതമായ സമാധിയിലാണ്ടൊരു നാൾ.

5

ദിവസം കുരിശുപുകഴ്ത്തിടുനാൾ, സമയം യാമിനിയും
ഭുവനമശേഷം ശബ്ദമടക്കിസ്സുഖനിദ്രയിലാർന്നു
അൽവേർണ്ണാമലമുകളിൽക്കാണാം പ്രസുരപീഠത്തിൽ
ദിവ്യമനുഷ്യൻ നിലകൊള്ളുന്നതു കാൽമുട്ടുകളൂന്നി.

With the best Compliments

P. E. VARKEY & SONS

TRICHUR

PHONE. 34 Phone Resi: No. 693

പോൾ & മാത്യൂ

ആഭരണവ്യാപാരം

തൃശ്ശൂർ - 1

PENGUIN UMBRELLAS

BANERJI ROAD

ERNAKULAM

COCHIN - 18

6

കൈകളം നീട്ടിവിരിച്ചിട്ടണ്ടിരു ഭാഗങ്ങളിലേയ്ക്കും
നാകത്തേയ്ക്ക തിരിച്ച വിധത്തിൽ കണ്ണുകളും നില്പും
ആകപ്പാടെ നിശ്ചലനായ് ചില മാത്രകം പിന്നിട്ട
നാകത്തിൻ പടിവാതിൽ തുറക്കപ്പെട്ടതുപോൽത്തോന്നി.

7

പരമപ്രഭയിൽ പരിശോഭിതമായ് മലയും പരിസരവും
പരിശുദ്ധന്റെ മുഖത്തെ ജ്യോതിസ്സെങ്ങനെ വർണ്ണിക്കും
ഒരു മിന്നൽപ്പിണർപോലൊളിയ്ക്കുന്ന സെറാഫിൻ മാലാഖാ-
യരികത്തേയ്ക്ക പറന്നുവരുന്നതു കണ്ടു മഹാസിദ്ധൻ.

8

രണ്ടു മനോഹരപക്ഷം വീശി വിരിച്ചു പറക്കുന്ന
രണ്ടു തനുരുഹമങ്ങനെ നില്ക്കുന്നപരിയൊരഞ്ജലിപോൽ
വീണ്ടും ചിറകകളം രണ്ടുണ്ടവയെസ്സുവിനയമായ് താഴ്ത്തി-
ക്കൊണ്ടു ശരീരം മൂടിമറയ്ക്കുന്നാട ധരിച്ചതുപോൽ.

9

ചിമ്മിക്കണ്ണു തുറന്നപ്പോളൊരു ക്രൂശിതനേയത്രേ
കാണ്മതു മുമ്പിൽ, കാൽവരിമലയിലെ രക്ഷകനേശുവിനേ
അത്ഭുതഭക്തിവികാരപരമ്പരയകമേയലയടിയായ്,
അപ്രതികമ്മാവങ്ങനെ നന്നേ നിശ്ചലനായ് നിന്നു.

10

പാറപ്പുറമേ കൊത്തിച്ചേർത്തൊരു വിഗ്രഹമെന്നതുപോ-
ലേറെസ്സമയം നിന്നു വിശുദ്ധൻ തിരുനാഥനെ നോക്കി
ഏറും വിലയാ നിമിഷങ്ങളംക്കുണ്ടതുലരഹസ്യങ്ങളം
കൂറൊട്ട ഭക്തനു നല്കീട്ടുണ്ടാ ഭക്തപ്രിയനപ്പോളം.

11

ഉഗ്രമരീചികയം ചീറിപ്പാഞ്ഞു ക്രൂശിതനിൽനിന്നും
ശീഘ്രമണഞ്ഞു താച്ചവ ദിവ്യനിലമ്പുകളെപ്പോലെ
സ്വർഗ്ഗനിവാസികളാനന്ദത്താൽ പുളകിതരാകുകയോ!
സുഗ്രാഹ്യവുമല്ലവിടെ നടന്ന മഹാസംഭവമെല്ലാം.

12

പെട്ടെന്നവനൊരു മൂർച്ഛയിലായി, കേവലമൊരു നിമിഷം,
ശിഷ്യൻ കണ്ണു തുറന്നതിനിടയിൽത്തീർന്നു ദർശനവും
മുട്ടിന്മേലാ നിലയാണപ്പൊഴുമെങ്കിലുമവശതയാ—
ലിഷ്ടംപോലെഴുന്നേല്പാൻ വയ്യാ, കാരണമാരാഞ്ഞു.

13

രുധിരം ചിന്തും മുറിവുകളഞ്ചും കണ്ടു ശരീരത്തിൽ
വ്യഥയുണ്ടെന്നാൽ ദിവ്യാനന്ദപ്രദമാം വ്യഥയത്രേ.
അധികസ്പൃഹയോടത്ഥിച്ചതുപോൽ സഹനത്തിൻ നാഥൻ
സദയം തന്നു തനിക്കതിലോഹരിയെന്നു ധരിച്ചവനും

14

അതിവിനയത്തിൽ മൂത്തിയതന്യരിൽനിന്നു മറച്ചീടാൻ
നിതരാം വ്യഗ്രത കാണിച്ചെങ്കിലുമെങ്ങനെ സാധിക്കും?
കൈകാലുകളേയെവിടെയൊളിക്കും? കണ്ടില്ലൊരു മാർഗ്ഗം
വൈകാതെഴുനേറെറാരുവിധമടികൾ ചേത്താക്കല്ലിന്മേൽ

15

മന്ദം മന്ദം നീക്കിയ കാലടിതാങ്ങിയ ഭൂതലമേ,
എന്നും നീ പരിപാവനമല്ലോ സയോലാദ്ഭുതവും
വന്ദ്യൻ വാസസ്ഥലമാം ഗ്രഹയിൽ ചെന്നു പരിക്ഷീണൻ
വന്നു 'ലെയോ' സന്യാസിയുമാത്മസുഹൃത്താം പ്രിയ ശിഷ്യൻ.


16

അത്ഭുത വിവശൻ താണനമിച്ചാ ഗുരുവിനെയാദരവോ—
ടപ്പോഴും നിണമോലും മുറിവുകളും ദൃഷ്ടികളിൽപ്പെട്ടു.
നില്പിൽത്തന്നേ നിന്നൊരു ചലനവുമുരിയാടുവുമെന്യേ
അല്പേതരജിജ്ഞാസയുമുണ്ടായ് നൂതന കാഴ്ചകളിൽ

17

അരികിലിരുത്തി പ്രേഷ്ഠസുഹൃത്തിനെയാത്മാർത്ഥതയോടേ
നിരഹങ്കാരവചസ്സിൽ ധന്യൻ സംഗതി വിവരിച്ചു
മരണംവരെയും മുറിവുകളഞ്ചും മിശിഹാനാഥന്റെ
കുരിശിലെ വേദനതന്നേ ദിവ്യനു നല്കിയിരുന്നനിശം.

മൂന്നാം സഭയുടെ ആരംഭകാലപ്രവർത്തകർ



പരേതനായ
ശ്രീ. സി. ആർ. ദേവസ്സി
(അരണാട്ടുകര)

കൊല്ലത്തു ചെന്ന് കപ്പൂച്ചിൻ വൈദികരുമായി ബന്ധം പുലർത്തി മൂന്നാം സഭയുടെ പ്രവർത്തനം തൃശ്ശൂർ രൂപതയിലേയ്ക്കു ക്ഷണിച്ചുകൊണ്ടുവന്ന സ്ഥാപകമെമ്പർമാരിൽ ഒരാളാണ് പരേതൻ. അദ്ദേഹം സഭയുടെ ആദ്യത്തെ രൂപത പ്രസിഡണ്ടുകൂടിയായിരുന്നു.



പരേതനായ
ശ്രീ. വി. സി. വറീയ്ത് മാസ്റ്റർ
(തിരുവെങ്കിടം)

പാലയൂർ ഫൊറോനപ്പള്ളിയിൽ മൂന്നാം സഭ സ്ഥാപിക്കുകയും അന്നുമുതൽ മരണംവരെ സംഘടനയുടെ പ്രസിഡണ്ടായിരിക്കുകയും ചെയ്തു. ഈയിടെ ഇടവകയായി പദവി ഉയർത്തപ്പെട്ട തിരുവെങ്കിടത്ത് സംഘടന സ്ഥാപിക്കാനും പരേതൻ മുൻകൈ എടുത്തു പ്രവർത്തിച്ചിട്ടുണ്ട്.

R. I. P.

പരേതരുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കണെ !

Best Wishes

from
a
well
wisher

with the best compliments of
union press, mariapuram, trichur-5

PHONE: 2009

ശീലക്കുടകൾ, ചെരിപ്പുകൾ, ബാഗുകൾ എന്നിവയ്ക്ക്


ഗിരി മാർക്ക്

അന്വേഷിച്ചു വാങ്ങിക്കുക

നിർമ്മാതാക്കൾ: തൃശ്ശൂർ ഡിസ്ട്രിക്ട് വിമുക്തഭട സഹകരണ സംഘം

തൃശ്ശൂർ – 4

CT Library
88000311
M73 F857/1972



PRINTED AT THE UNION PRESS, MARIAPURAM, TRICHUR - 5